# ട്രേഡ് യൂണിയൻ

2021 മേയ്
വാല്യം: 44 ലക്കം: 03





**6 പ്രതീക്ഷ നൽകുന്ന തുടർഭരണം**
കെ പി രാജേന്ദ്രൻ



**31 സ. കെ.ആർ. ഗൗരിയമ്മക്ക് ആദരാഞ്ജലികൾ...**
കെ. മല്ലിക
ബീന. എസ്സ്.എ.
ഡോ. സി. ഉദയകല

**9 പ്രകടന പത്രികയിലെ പ്രമുഖമായ വാഗ്ദാനങ്ങൾ**

**15 തൊഴിൽ പ്രശ്നങ്ങളിലെ മാധ്യമ സമീപനം**
പ്രൊഫ. ടി.കെ. രാമകൃഷ്ണൻ

**18 വർഗ്ഗ രാഷ്ട്രീയവും വർഗ്ഗീയ രാഷ്ട്രീയവും - ഇൻഡ്യയിൽ**
വി.കെ. സുരേഷ് ബാബു

**23 അദ്ധ്വാന വർഗ്ഗത്തിന്റെ ആരോഗ്യവും അതിജീവനവും കോവിഡ് കാലത്ത്**
ഡോ. ജിപ്സൺ വി. പോൾ

**25 കോവിഡും തൊഴിൽ മേഖലയും**
ഡോ. അമൽ. സി. രാജൻ

**29 സ്ത്രീകളുടെ തൊഴിലിടങ്ങളും മാറുന്ന നിയമവും**
അഡ്വ. കബനി ദിനേശ്

**33 ഐക്യമാണ് ഐശ്വര്യത്തിന്റെ താക്കോൽ, നിലനിൽപ്പിന്റേയും**
ഗൈ റൈഡർ

**34 മേയ് – 9 ഫാസിസ്റ്റ് വിരുദ്ധ ദിനം**



വിലാസം :
എ.ഐ.ടി.യു.സി കേരള സംസ്ഥാന കൗൺസിൽ ഓഫീസ്,
പി.എസ് സ്മാരകം, വൃന്ദാവൻ ഗാർഡൻ, പട്ടം പാലസ് പി.ഒ.,
തിരുവനന്തപുരം 4. ഫോൺ : 0471 2443634, 2441579
ഇമെയിൽ: aituckerala@gmail.com



ചീഫ് എഡിറ്റർ: കാനം രാജേന്ദ്രൻ
പത്രാധിപസമിതി: കെ.പി. രാജേന്ദ്രൻ, ജെ. ഉദയഭാനു, വി.ബി. ബിനു,
ആർ. പ്രസാദ്, എം.പി. ഗോപകുമാർ, എം.ജി. രാഹുൽ, കവിത രാജൻ
കവർ ഡിസൈൻ, ലെഔട്ട്: അനീഷ് കെ.പി.

## DEPARTMENT OF ECONOMICS & STATISTICS

No.DES/859/2021-P3(1) Thiruvananthapuram, 13/05/2021

### Consumer Price Index Numbers for Agricultural Labourers and Industrial Workers for the Month of March 2021

Vide G.O.(MS) No.103/2013/LBR. dated 31-8-2013 of Labour and Skills (E) Department , Government of Kerala and the G.O.(MS) No. 34/2015/LBR. dated 26-03-2015 published in the Kerala Gazette extra ordinary No.19 ( Vol.IV ) dated 12-05-2015.

| Slno. | Centre | Linking Factor* | Index Numbers for Base : 2011-12 = 100 | | Estimated Indices for Base : 1998-99 = 100 | |
|---|---|---|---|---|---|---|
| | | | February 2021 | March 2021 | February 2021 | March 2021 |
| 1 | Thiruvananthapuram | 2.11 | 176 | 177 | 371 | 373 |
| 2 | Kollam | 2.09 | 170 | 172 | 355 | 359 |
| 3 | Punalur | 2.10 | 176 | 177 | 370 | 372 |
| 4 | Pathanamthitta | 2.03 | 189 | 190 | 384 | 386 |
| 5 | Alappuzha | 2.05 | 184 | 187 | 377 | 383 |
| 6 | Kottayam | 2.08 | 179 | 182 | 372 | 379 |
| 7 | Mundakayam | 2.17 | 175 | 176 | 380 | 382 |
| 8 | Idukki | 1.97 | 175 | 176 | 345 | 347 |
| 9 | Ernakulam | 2.03 | 174 | 176 | 353 | 357 |
| 10 | Chalakkuddy | 2.00 | 182 | 185 | 364 | 370 |
| 11 | Thrissur | 1.87 | 181 | 186 | 338 | 348 |
| 12 | Palakkad | 2.09 | 163 | 168 | 341 | 351 |
| 13 | Malappuram | 2.00 | 174 | 178 | 348 | 356 |
| 14 | Kozhikode | 2.02 | 179 | 182 | 362 | 368 |
| 15 | Wayanad | 1.93 | 175 | 180 | 338 | 347 |
| 16 | Kannur | 2.02 | 185 | 189 | 374 | 382 |
| 17 | Kasargod | 2.05 | 182 | 185 | 373 | 379 |

* Linking factors approved in G.O (MS) No .34/2015/LBR. dated 26-03-2015 have been used with effect from April 2015. Base in old series is 1998-99 = 100 for all centres.

The Consumer Price Index (Cost of Living Index) Numbers applicable to employees in employment under the Minimum Wages Act (Central Act XI of 1948) for the month of February 2019 as ascertained by the Director General of Economics & Statistics under clause (C) of Section 2 of the Act.

Department of Economics & Statistics
Thiruvananthapuram, Dated 13/05/2021

**Sd/-**
**Babu P.V**
**(Director)**

**Website: www.ecostat.kerala.gov.in**
**Email: ecostatprice@gmail.com**

Copyright 2017 Department of Economics & Statistics

# കേരളത്തിലെ ജനങ്ങൾക്ക് അഭിനന്ദനങ്ങൾ



**ഇ**ടതുപക്ഷത്തെ വീണ്ടും തെരഞ്ഞെടുത്ത കേരളത്തിലെ ജനങ്ങളെ അഖിലേന്ത്യാ ട്രേഡ് യൂണിയൻ കോൺഗ്രസ് അഭിനന്ദിക്കുന്നു. നിയമസഭാ തെരഞ്ഞെടുപ്പിൽ എൽഡിഎഫ് നടത്തിയ പ്രവർത്തന ങ്ങളെയും എ.ഐ.ടി.യു.സി. അഭിനന്ദിക്കുന്നു.

ഇടതുപക്ഷ സർക്കാർ കേരളത്തിലെ ജനങ്ങളുടെ കാര്യത്തിൽ, പ്രത്യേകിച്ചും കോവിഡ് –19 മഹാമാരിക്കാലത്ത് നടത്തിയ പ്രവർത്തനങ്ങൾ ശ്ലാഘനീയമായിരുന്നു. സംസ്ഥാനത്ത് ജോലി ചെയ്യുന്ന അതിഥി തൊഴിലാളികളെ പരിപാലിക്കുന്നതിനും അവർക്ക് വേണ്ടി കമ്മ്യൂണിറ്റി അടുക്കളകൾ സ്ഥാപിച്ചും, അവരുടെ സംസ്ഥാനങ്ങളിലേക്ക്  സുരക്ഷിതമായി തിരികെ പോകാൻ സഹായിച്ചും അവർക്ക് സംരക്ഷണം നൽകി. ലോക്ക്ഡൗൺ കാലത്ത് വേതനം, ജനങ്ങൾക്ക് പെൻഷൻ  ആവശ്യമുള്ളവർക്ക് റേഷൻ കിറ്റുകൾ ഒക്കെ നൽകി തൊഴിലാളികളെ പിന്തുണച്ചു. തൊഴിലാളി വിരുദ്ധ ലേബർ കോഡുകളെ എതിർത്തു. പൗരത്വ ഭേദഗതി നിയമത്തെ എതിർത്ത് സംസ്ഥാന നിയമസഭയിൽ പ്രമേയം പാസാക്കി. മൂന്ന് കാർഷിക നിയമങ്ങൾ നടപ്പാക്കരുതെന്ന് ഏകകണ്ഠമായ അസംബ്ലിയിൽ പ്രമേയം പാസ്സാക്കി. ട്രേഡ് യൂണിയനുകളെയും മറ്റ് സാമൂഹിക സംഘടനകളെയും വിശ്വാസത്തിലെടുത്തു. കോവിഡ് പ്രതിസന്ധി കൈകാര്യം ചെയ്യുന്നതിൽ എല്ലാവരേയും സഹകരിപ്പിച്ചു. വിനാശകരമായ വെള്ളപ്പൊക്കത്തിലും ഓഖി  ദുരിതബാധിതർക്കും ആശ്വാസം നൽകി.

ഇങ്ങിനെ എല്ലാ വിഭാഗം ജനങ്ങളേയും ഉൾക്കൊള്ളുകയും എല്ലാവരേയും വിശ്വാസത്തിലെടുക്കുകയും ചെയ്ത് കൊണ്ടുള്ള ഇടത് മുന്നണിയുടെ ഭരണ നേട്ടങ്ങൾക്കുള്ള അംഗീകാരമാണീ വിജയം.

ഇത് അനുകരണീയ മാതൃക തന്നെയാണ്.

ഒരിക്കൽ കൂടി ഞങ്ങളുടെ അഭിനന്ദനങ്ങൾ

**അമർജീത് കൗർ**
ജനറൽ സെക്രട്ടറി

**രാമേന്ദ്രകുമാർ**
പ്രസിഡന്റ്

എ.ഐ.ടി.യു.സി. ദേശീയ സെക്രട്ടേറിയറ്റ്

കെ പി രാജേന്ദ്രൻ
ജനറൽ സെക്രട്ടറി,
എ.ഐ.ടി.യു.സി.



# പ്രതീക്ഷ നൽകുന്ന തുടർഭരണം



ജനങ്ങൾ പ്രതീക്ഷിച്ചതു പോലെ കേരളത്തിൽ ഇടതുപക്ഷ ജനാധിപത്യ മുന്നണി നല്ല ഭൂരിപക്ഷം നേടി തുടർഭരണം സാദ്ധ്യമാക്കുമ്പോൾ അത് സംസ്ഥാനത്തെ ജനങ്ങളിൽ ആവേശവും സന്തോഷവും ഉണ്ടാക്കുന്നു എന്നത് കൊണ്ട് മാത്രമല്ല ചരിത്ര പ്രാധാന്യമുള്ളതായി മാറുന്നത്, കേന്ദ്രത്തിലെ വർഗ്ഗീയ ഫാസിസ്റ്റ് ഭരണത്തിനുള്ള ശക്തമായ താക്കീതായതുകൊണ്ട്കൂടിയാണ്. ജനാധിപത്യ, മതേതര, ഭരണഘടന മൂല്യങ്ങളിലും തത്വങ്ങളിലും അടിയുറച്ച് വിശ്വസിക്കുന്ന വലിയൊരു വിഭാഗം ജനങ്ങൾക്ക് പ്രതീക്ഷയേകുന്നതാണത്. ആഗോളവൽക്കരണ കോർപ്പറേറ്റ് ഭരണകൂട മേധാവിത്വം എല്ലാ മേഖലകളിലും പിടി മുറുക്കുന്ന വർത്തമാന കാലത്ത് തൊഴിലാളി കർഷക വിഭാഗങ്ങളോടും സാധാരണ ജനങ്ങളോടും ഒപ്പം നിൽക്കുന്ന ഒരു ബദൽ രാജ്യത്തെ സാദ്ധ്യമാണ് എന്ന് വ്യക്തമാക്കുന്നതാണത്. കഴിഞ്ഞ അഞ്ച് വർഷത്തെ എൽ.ഡി.എഫ്. ഭരണം അപകട സന്ധികളിലും ആപത്കാലഘട്ടത്തിലും ജനങ്ങളോടൊപ്പം നിന്നു കൊണ്ട് അവർക്ക് സഹായവും സംരക്ഷണവും കരുതലും നൽകിയപ്പോൾ അത് തിരിച്ചറിഞ്ഞ ജനങ്ങൾ അവരുടെ സമ്മതിദാനാവകാശം വിവേകത്തോടെ വിനിയോഗിച്ചു. കേരളത്തിൽ അതൊരു പുതു ചരിത്രം കുറിച്ചു. ഈ തെരഞ്ഞെടുപ്പ് വിജയത്തിന്റെ പ്രാധാന്യം അതാണ് ഓർമ്മപ്പെടുത്തുന്നത്. കോൺഗ്രസ്സും സംഘപരിവാർ ശക്തികളുമെല്ലാം ഒന്നിച്ചെതിർത്തിട്ടും കോർപ്പറേറ്റ് മാധ്യമങ്ങളും അവരുടെ പ്രചാരണ സംവിധാനങ്ങളുമെല്ലാം മെനക്കെട്ട് പ്രവർത്തിച്ചിട്ടും ജനങ്ങളുടെ വിശ്വാസത്തിന് പോറലേൽപ്പിക്കാൻ കഴിഞ്ഞില്ല. എൽ.ഡി.എഫ്. തുടർ ഭരണം ജനങ്ങൾ അത്രമാത്രം ആഗ്രഹിച്ചിരുന്നു.

സഖാവ് പിണറായി വിജയന്റെ നേതൃത്വത്തിലുള്ള മന്ത്രിസഭ സത്യ പ്രതിജ്ഞ ചെയ്ത് അധികാരമേറ്റു. കോവിഡ് മഹാമാരിയുടെ ഏറ്റവും വിഷമമേറിയ ഈ സന്ദർഭത്തിൽ പുതിയ സർക്കാരിന്റെ പ്രവർത്തനങ്ങളിൽ പ്രധാനം കോവിഡ് പ്രതിരോധ പ്രവർത്തനങ്ങളാണ്. ഈ പ്രതിസന്ധി തരണം ചെയ്യാനും ജനങ്ങൾക്ക് ഏറ്റവും മെച്ചപ്പെട്ട ജീവിത സാഹചര്യങ്ങളും ചികിത്സയും വാക്സിൻ വിതരണവുമെല്ലാം ഉറപ്പ് വരുത്താൻ പ്രവർത്തിക്കുകയാണ്. ലോക്ക്ഡൗണും ട്രിപ്പിൾ ലോക്ക്ഡൗണുമെല്ലാം അനിവാര്യമായ സാഹചര്യത്തിൽ ജനങ്ങളുടെ സഹകരണത്തോടെ മുഖ്യമന്ത്രിയും മന്ത്രിമാരും ജനപ്രതിനിധികളും ആരോഗ്യ പ്രവർത്തകരും പോലീസ് സേനാംഗങ്ങളും അവശ്യ സർവ്വീസ് മേഖലയിലെ തൊഴിലാളികളുമെല്ലാം ഒരു മനസ്സോടെ പ്രവർത്തിക്കുന്നു. ഈ ഒരുമയും

ഐക്യവുമാണ് നമ്മുടെ കരുത്ത്. അത് തകർക്കാൻ ശ്രമിക്കുന്നവർ ഒറ്റപ്പെടും എന്ന് തെളിഞ്ഞു കഴിഞ്ഞിരിക്കുന്നു.

മേയ് രണ്ടിന് തെരഞ്ഞെടുപ്പ് ഫലം വന്നതിന് ശേഷം ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് എ.ഐ.ടി.യു.സി. സംസ്ഥാന കമ്മിറ്റി തൊഴിലാളികളുടെ പ്രശ്നങ്ങൾ ചൂണ്ടിക്കാട്ടി ചില നിവേദനങ്ങൾ നൽകിയിരുന്നു. കോവിഡ് അതിരൂക്ഷമായി പടർന്ന് പിടിക്കുന്ന സാഹചര്യത്തിൽ അനിവാര്യമായ ലോക്ക്ഡൗണും ട്രിപ്പിൾ ലോക്ക്ഡൗണും മറ്റ് ശക്തമായ നിയന്ത്രണങ്ങളും ഉണ്ടാകുമ്പോൾ സ്വാഭാവികമായും അന്നന്ന് പണിയെടുത്ത് ജീവിക്കുന്ന തൊഴിലാളികൾ അനുഭവിക്കുന്ന പ്രയാസ്സം കടുത്തതായിരിക്കും. ഇതു മനസ്സിലാക്കി ആയിരം രൂപ വീതം പാവപ്പെട്ടവരുടേയും തൊഴിലാളികളുടേയും കുടുംബങ്ങൾക്ക് നൽകാനുള്ള സർക്കാർ തീരുമാനം ഏറെ ആശ്വാസകരമായി. അവശ്യ സർവ്വീസ് മേഖലകളിൽ പണിയെടുക്കുന്ന തൊഴിലാളികളുടേയും ജീവനക്കാരുടേയും കാര്യങ്ങളിൽ സർക്കാരിന്റെ കൂടുതൽ ശ്രദ്ധ പതിയേണ്ടതുണ്ട്. അതുപോലെ അപ്രതീക്ഷിതമായി ഉണ്ടായ ചുഴലിക്കാറ്റും (ടൌട്ടേ) രൂക്ഷമായ കടൽക്ഷോഭവും ഉണ്ടാക്കിയ നാശനഷ്ടങ്ങളും മത്സ്യത്തൊഴിലാളികൾ ഉൾപ്പെടെയുള്ള തീരദേശ വാസികൾ അനുഭവിക്കുന്ന ദുരിതങ്ങളും വിവരിക്കാൻ കഴിയാത്തതാണ്. കാലാവസ്ഥ വ്യതിയാനം മൂലം വർഷത്തിൽ നല്ലൊരു ഭാഗം ദിവസങ്ങളിൽ മത്സ്യത്തൊഴിലാളികൾക്ക് മത്സ്യബന്ധനം നടത്താൻ കഴിയുന്നില്ല. ഈ വിധത്തിൽ തൊഴിൽ നഷ്ടപ്പെടുന്ന മത്സ്യത്തൊഴിലാളികളെ സംരക്ഷിക്കാനും അവരുടെ ജീവനും സ്വത്തിനും സംരക്ഷണം നൽകാനും കഴിയുന്ന ഒരു സമഗ്ര പദ്ധതിക്ക് എൽ.ഡി.എഫ്. സർക്കാർ രൂപം നൽകണം. ഇത് സംബന്ധിച്ച് സർക്കാർ നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന പദ്ധതികൾ വേഗത്തിലാക്കണം.

ഈ സാഹചര്യത്തിൽ വേണം എൽ.ഡി.എഫ്. സർക്കാർ മുന്നോട്ട് വച്ചിട്ടുള്ള തെരഞ്ഞെടുപ്പ് പ്രകടന പത്രിക വിലയിരുത്താൻ. 2016-ലെ പ്രകടന പത്രികയിൽ 600 വാഗ്ദാനങ്ങളാണ് എൽ.ഡി.എഫ്. ജനങ്ങൾക്ക് നൽകിയത്. ഇത് പൂർണ്ണമായും നടപ്പിലാക്കാൻ സർക്കാരിന് കഴിഞ്ഞുവെന്നത് ജനങ്ങളോടുള്ള ഉത്തരവാദിത്വത്തിന്റേയും പ്രതിബദ്ധതയുടെയും അടയാളപ്പെടുത്തലുകളാണ്. 1957-ലെ ആദ്യ കമ്മ്യൂണിസ്റ്റ് സർക്കാരിന്റെ പ്രകടന പത്രികയിൽ പറഞ്ഞ കാര്യങ്ങൾ നടപ്പിലാക്കാൻ കഴിഞ്ഞ ആർജ്ജവവും ആത്മാർത്ഥതയുമാണ് ചരിത്ര പ്രാധാന്യമുള്ള നിരവധി നിയമനിർമ്മാണങ്ങളിലൂടെയും ജനക്ഷേമ വികസന പ്രവർത്തനങ്ങളിലൂടേയും ലോകത്തിന് മുന്നിൽ “കേരള വികസന മാതൃക”യായി രൂപപ്പെട്ടത്.

**കഴിഞ്ഞ അഞ്ച് വർഷത്തെ എൽ.ഡി.എഫ്. ഭരണം അപകട സന്ധികളിലും ആപത്കാലഘട്ടത്തിലും ജനങ്ങളോടൊപ്പം നിന്നു കൊണ്ട് അവർക്ക് സഹായവും സംരക്ഷണവും കരുതലും നൽകിയപ്പോൾ അത് തിരിച്ചറിഞ്ഞ ജനങ്ങൾ അവരുടെ സമ്മതിദാനാവകാശം വിവേകത്തോടെ വിനിയോഗിച്ചു. കോൺഗ്രസ്സും സംഘപരിവാർ ശക്തികളുമെല്ലാം ഒന്നിച്ചെതിർത്തിട്ടും കോർപ്പറേറ്റ് മാധ്യമങ്ങളും അവരുടെ പ്രചാരണ സംവിധാനങ്ങളുമെല്ലാം മെനക്കെട്ട് പ്രവർത്തിച്ചിട്ടും ജനങ്ങളുടെ വിശ്വാസത്തിന് പോറലേൽപ്പിക്കാൻ കഴിഞ്ഞില്ല. എൽ.ഡി.എഫ്. തുടർഭരണം ജനങ്ങൾ അത്രമാത്രം ആഗ്രഹിച്ചിരുന്നു.**

തുടർഭരണമെന്ന യാഥാർത്ഥ്യം കൂടി കണക്കിലെടുത്ത് ഇത്തവണ ജനങ്ങളുടെ മുന്നിൽ അവതരിപ്പിച്ച പ്രകടന പത്രികയിൽ 900 വാഗ്ദാനങ്ങളാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. കഴിഞ്ഞ അഞ്ച് വർഷത്തെ എൽ.ഡി.എഫ്. സർക്കാരുണ്ടാക്കിയ മുന്നേറ്റത്തിന്റെ അടിത്തറയിൽ നിന്നു കൊണ്ട് സമസ്ത മേഖലകളിലും സ്ഥായിയായ വികസനവും ജനക്ഷേമവും ലക്ഷ്യം വച്ച് കൊണ്ടുള്ളതാണ് അവയിലെ വാഗ്ദാനങ്ങൾ. അവയോരോന്നും കൂടുതൽ ചർച്ചകൾക്ക് വിധേയമാക്കേണ്ടതുണ്ട്. അത്തരം ചർച്ചകളിലൂടെ ഉയർന്ന് വരുന്ന അഭിപ്രായങ്ങളും നിർദ്ദേശങ്ങളും ഈ വാഗ്ദാനങ്ങൾ ഓരോന്നും നടപ്പിലാക്കുന്നതിന് സഹായകരവും വേഗത കൂട്ടുന്നതുമായിരിക്കും. ആ കാഴ്ചപ്പാടോടു കൂടിയാണ് എ.ഐ.ടി.യു.സി. ഇടതുപക്ഷ ജനാധിപത്യമുന്നണി സക്കാരിന്റെ മുമ്പാകെ വ്യവസായ, തൊഴിൽ മേഖലയുമായി ബന്ധപ്പെട്ടുള്ള വിഷയങ്ങൾ അവതരിപ്പിക്കുന്നത്. കഴിഞ്ഞ അഞ്ച് വർഷവും എ.ഐ.ടി.യു.സി. നടത്തിയ ഇടപെടലുകളും കാമ്പയിനുകളും പ്രക്ഷോഭങ്ങളും ഇതിൽ വളരെ പ്രധാനമാണ്.

തൊഴിലാളികളുടെ കുറഞ്ഞ വേതനം, തൊഴിലാളികളുടെ സ്ഥിരപ്പെടുത്തൽ, സാർവ്വത്രിക സാമൂഹ്യ സുരക്ഷ ആനുകൂല്യങ്ങൾ, പെൻഷൻ വർദ്ധിപ്പിക്കൽ തുടങ്ങി എ.ഐ.ടി.യു.സി. അവകാശപത്രികയിലൂടെ മുന്നോട്ട് വച്ച അവകാശങ്ങൾ സർക്കാർ ഗൗരവപൂർവ്വം പരിഗണിച്ചു. കഴിഞ്ഞ എൽ.ഡി.എഫ്. സർക്കാർ പ്രഖ്യാപിച്ച തൊഴിൽ നയം രാജ്യത്തുടനീളം ചർച്ച ചെയ്യപ്പെട്ടതാണ്. തൊഴിലും കൂലിയും ജീവിത സാഹചര്യങ്ങളും മെച്ചപ്പെടുത്തുക എന്ന ഉദ്ദേശത്തോടെ പ്രഖ്യാപിച്ച തൊഴിൽ നയത്തിലെ ഏറ്റവും ശ്രദ്ധേയമായ ഒരു തീരുമാനം തൊഴിലാളികളുടെ മിനിമം വേതനത്തെ സംബന്ധിച്ചായിരുന്നു. മിനിമം കൂലി 600 രൂപയായി പ്രഖ്യാപിച്ചതിനെത്തുടർന്ന് അത് വളരെയേറെ മേഖലകളിൽ നേടിയെടുക്കാൻ നമുക്ക് കഴിഞ്ഞു. സംസ്ഥാന സർക്കാരിന് 2017-ൽ എ.ഐ.ടി.യു.സി. സമർപ്പിച്ച അവകാശ പത്രികയിൽ ഒന്നാമത്തെ ആവശ്യമായി ഉന്നയിച്ച ആവശ്യമായിരുന്നു മിനിമം വേതനം 600 രൂപയായി വർദ്ധിപ്പിക്കണമെന്നത്. ഈ ആവശ്യം ഉന്നയിച്ചുകൊണ്ട് എ.ഐ.ടി.യു.സി. നിരന്തരം നടത്തിയ കാമ്പയിനുകളും സമരപരിപാടികളും സ്വകാര്യമേഖലയിൽ ഉൾപ്പെടെ അത് നേടിയെടുക്കുന്നതിന് നമുക്ക് ഒരു പരിധി വരെ കഴിഞ്ഞു.

ഇപ്പോഴത്തെ പ്രകടന പത്രികയിലെ ഒരു പ്രധാന വാഗ്ദാനമാണ് മിനിമം വേതനം 700 രൂപയായി വർദ്ധിപ്പിക്കുമെന്നുള്ളത്. ഇതിന് ദേശീയാടിസ്ഥാനത്തിൽ ഏറെ പ്രാധാന്യമുണ്ട്. മോദി സർക്കാർ ഇപ്പോൾ നടപ്പിലാക്കാനുദ്ദേശിക്കുന്ന വേജ് കോഡ് പ്രകാരം തൊഴിലാളികളുടെ മിനിമം വേതനം കേവലം 202 രൂപ മാത്രമാണ്. സ്ത്രീ-പുരുഷ തൊഴിലാളികളുടെ വേതനത്തിന്റെ അന്തരം കുറക്കുമെന്നുള്ള വാഗ്ദാനവും ശ്രദ്ധേയമായ ഒന്നാണ്.

ആശ, അംഗനവാടി, സ്കൂൾ പാചകത്തൊഴിലാളികൾ എല്ലാം ഉൾക്കൊള്ളുന്ന സ്കീം വർക്കേഴ്സി

ന്റെ ഹോണറേറിയം വർദ്ധിപ്പിക്കുമെന്നും വാഗ്ദാനം ചെയ്തിട്ടുണ്ട്. അതിഥിത്തൊഴിലാളികളുടെ ക്ഷേമ പ്രവർത്തനങ്ങൾ വ്യാപകമായി വിപുലീകരിച്ച് നടപ്പിലാക്കുക, ഗാർഹികത്തൊഴിലാളികൾക്ക് സംരക്ഷണം, അവരുടെ വേതനം വർദ്ധിപ്പിക്കുന്നതോടൊപ്പം സാമൂഹ്യ സുരക്ഷിതത്വം ഉറപ്പ് നൽകുന്ന നിയമനിർമ്മാണം എന്നിവയും എൽ.ഡി.എഫിന്റെ പ്രകടന പത്രികയിൽ ഇടം പിടിച്ചിട്ടുണ്ട്. അസംഘടിത തൊഴിലാളി സാമൂഹ്യ സുരക്ഷ ബോർഡിന്റെ പ്രവർത്തനം ശക്തിപ്പെടുത്തുന്നതിനുള്ള പദ്ധതികളും ആവിഷക്കരിക്കുകയാണ്. ചുമട്ട് തൊഴിലാളികൾ. ഓട്ടോ–ടാക്സി തൊഴിലാളികൾ, വഴിയോരക്കച്ചവടക്കാർ, ലോട്ടറിത്തൊഴിലാളികൾ തുടങ്ങി നിരവധി വിഭാഗം തൊഴിലാളികളുടെ ജീവിത സാഹചര്യം മെച്ചപ്പെടുത്തുന്നതോടൊപ്പം വരുമാനം വർദ്ധിപ്പിക്കാനുള്ള നടപടികൾ സ്വീകരിക്കുമെന്നും പ്രകടന പത്രിക വാഗ്ദാനം ചെയ്യുന്നു.

തൊഴിൽ സാധ്യതകൾ വർദ്ധിപ്പിക്കുന്നതിനുള്ള കാഴ്ചപ്പാട് പ്രകടന പത്രിക വിശദമാക്കുന്നുണ്ട്. 15 ലക്ഷം പുതിയ ഉപജീവനത്തൊഴിലുകൾ കാർഷിക മേഖലയിലും കാർഷികേതര മേഖലയിലും ലക്ഷ്യം വക്കുന്നതോടൊപ്പം സ്വയം തൊഴിൽ മേഖല വിപുലീകരിക്കുന്നതിനും ഔപചാരിക തൊഴിൽ മേഖലയിൽ അഞ്ച് ലക്ഷം തൊഴിൽ കൂടി സൃഷ്ടിക്കാനും എൽ.ഡി.എഫിന്റെ അടുത്ത അഞ്ച് വർഷ ഭരണം വിഭാവനം ചെയ്യുന്നു.

കയർ, കൈത്തറി, ഖാദി, കശുഅണ്ടി, കള്ളുചെത്ത്, ബീഡി, തഴപ്പായ, ബാംബൂ തുടങ്ങിയ കേരളത്തിലെ പരമ്പരാഗത വ്യവസായ, തൊഴിൽ മേഖലകളിൽ കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതോടൊപ്പം മെച്ചപ്പെട്ട വരുമാനം ഈ മേഖലകളിൽ ജോലി ചെയ്യുന്ന തൊഴിലാളികൾക്ക് ലഭ്യമാക്കണം. അടച്ചുപൂട്ടിക്കിടക്കുന്ന സ്വകാര്യ കശുഅണ്ടി ഫാക്ടറികൾ ഏറ്റെടുക്കാനും വ്യവസായവും തൊഴിലും സംരക്ഷിക്കാനും നിയമം കൊണ്ട് വരേണ്ടതിനെക്കുറിച്ച് പുതിയ സർക്കാർ ഗൗരവപൂർവ്വം ആലോചിക്കേണ്ടതുണ്ട്. തോട്ടം മേഖലയിൽ സർക്കാർ പ്രഖ്യാപിച്ച മിനിമം കൂലി ഇനിയും ലഭ്യമായിട്ടില്ല. തൊഴിലാളികളുടെ പാർപ്പിടം അടിയന്തിര പ്രാധാന്യത്തോടെ പരിഹരിക്കപ്പെടേണ്ടതാണ്. അടച്ചു പൂട്ടിക്കിടക്കുന്ന സ്വകാര്യത്തോട്ടങ്ങൾ ഏറ്റെടുക്കാനുള്ള നിയമത്തെക്കുറിച്ചും ആലോചിക്കേണ്ട സമയം അതിക്രമിച്ചിരിക്കുന്നു.

മത്സ്യത്തൊഴിലാളികളുടെ ജീവിതവും തൊഴിലും പുതിയ വെല്ലുവിളികൾ നേരിടുകയാണ്. പ്രളയവും ചുഴലിക്കാറ്റും, കടലേറ്റവും ഒന്നിന് പുറകേ ഒന്നായി വെല്ലുവിളികളുയർത്തുന്നു. "കടൽ കടലിന്റെ മക്കൾക്ക്" എന്നത് യാഥാർത്ഥ്യമാകണം. തീരദേശ വികസനത്തിനും ശാശ്വതമായ സംരക്ഷണത്തിനുമായി ഒരു പ്രത്യേക പാക്കേജ് സർക്കാർ പ്രഖ്യാപിച്ചിട്ടുണ്ടെങ്കിലും സമയബന്ധിതമായി അത് നടപ്പിലാക്കാനുള്ള കൂട്ടായ പ്രവർത്തനം അനിവാര്യമായിരിക്കുന്നു. സുനാമി പുനരധിവാസ പദ്ധതി നടപ്പാക്കിയ മാതൃക സ്വീകരിച്ചുകൊണ്ട് ബന്ധപ്പെട്ട എല്ലാ വകുപ്പുകളേയും ചേർത്തുള്ള ഒരു സമഗ്ര വികസന പദ്ധതിക്ക് പുതിയ സർക്കാർ മുന്തിയ പരിഗണന നൽകണം.

തൊഴിലുറപ്പ് പദ്ധതിയിലെ തൊഴിലാളികളുടേ വേതനം വർദ്ധിപ്പിക്കാനും തൊഴിൽ ദിനങ്ങൾ കൂട്ടുന്നതിനുമുള്ള പ്രകടന പത്രികയിലെ വാഗ്ദാനം ഏറെ പ്രതീക്ഷ നൽകുന്നു. രാജ്യത്ത് ആദ്യമായി കേരളത്തിൽ തൊഴിലുറപ്പ് തൊഴിലാളികൾക്ക് ക്ഷേമനിധി നിയമം നടപ്പിലാകുകയാണ്.

പൊതുമേഖലയുടെ സംരക്ഷണവും വികസവും ലാക്കാക്കിയുള്ള നിരവധി നിർദ്ദേശങ്ങൾ പ്രകടനപത്രികയിലുണ്ട്. പൊതുമേഖലയെ സംബന്ധിക്കുന്ന ഒരു നയം രൂപപ്പെടുത്തണം. കെ.എസ്.ആർ.ടി.സി., വാട്ടർ അതോറിട്ടി, ഇലക്ട്രിസിറ്റി ബോർഡ് തുടങ്ങിയ മുഖ്യ പൊതുമേഖല സ്ഥാപനങ്ങൾ ശക്തിപ്പെടുത്താനും കൂടുതൽ തൊഴിൽ സാദ്ധ്യതകൾ വളർത്തിക്കൊണ്ട് വരാനുമുള്ള നടപടികൾ സർക്കാർ സ്വീകരിക്കണം. ഈ മേഖലകളിൽ പ്രവർത്തിക്കുന്ന എ.ഐ.ടി.യു.സി. നേതൃത്വത്തിലുള്ള സംഘടനകൾ സമൂർത്തവും കാര്യക്ഷമവുമായ ഒട്ടേറെ നിർദ്ദേശങ്ങൾ സർക്കാരിന് മുമ്പിൽ സമർപ്പിച്ചിട്ടുണ്ട്. പൊതുമേഖല സ്ഥാപനങ്ങൾ ഒന്നൊന്നായി വിറ്റഴിക്കാനും സ്വകാര്യവൽക്കരിക്കാനുമുള്ള നടപടികളുമായി കേന്ദ്ര സർക്കാർ മുന്നോട്ട് പോകുമ്പോൾ കേരളത്തിലെ ഇടതുമുന്നണി സർക്കാർ പൊതുമേഖലയെ സംരക്ഷിക്കാനും നിലനിർത്താനും നടത്തുന്ന ശ്രമങ്ങൾ രാജ്യത്ത് വളർന്ന് വരുന്ന പുതിയൊരു ഇടതുപക്ഷ ബദലിന്റെ പ്രതിഫലനമാന് പ്രകടമാക്കുന്നത്. കേന്ദ്ര സർക്കാർ സ്ഥാപനമായ കാസർകോട്ടെ ഭെൽ–ഇ.എം.എൽ വിറ്റഴിക്കുന്നതിനെതിരേ സംസ്ഥാന സർക്കാർ കൈക്കൊണ്ട നടപടി വിജയിക്കാനായത് അതിന്റെ ഭാഗമാണ്. ഈ സ്ഥാപനം സംസ്ഥാന സർക്കാരിന്റെ ഉടമസ്ഥതയിലായി എന്നത് വലിയൊരു മാറ്റത്തിന്റെ തുടക്കമാണ്.

വരുന്ന അഞ്ച് വർഷക്കാലത്തേക്ക് സർക്കാരിന്റെ പ്രവർത്തനങ്ങൾക്കുള്ള മാർഗ്ഗ രേഖയാണ് പ്രകടന പത്രിക. അതോരോന്നും സമയബന്ധിതമായി നടപ്പിലാക്കാനുള്ള സർക്കാരിന്റെ പ്രവർത്തനങ്ങൾക്ക് തൊഴിലാളികളും ഒപ്പം ഉണ്ടായിരിക്കും. നിയമപ്രകാരം അർഹതയും അവകാശവുമുള്ള തൊഴിലാളികളെ സ്ഥിരപ്പെടുത്തുന്നതുൾപ്പെടെ എ.ഐ.ടി.യു.സി. മുന്നോട്ട് വച്ചിട്ടുള്ള നിർദ്ദേശങ്ങളും അഭിപ്രായങ്ങളും ഗൗരവമായി പരിഗണിക്കണം എന്നാണ് ഇത്തരുണത്തിൽ സംസ്ഥാന സർക്കാരിനോട് അഭ്യർത്ഥിക്കാനുള്ളത്.



# പ്രകടന പത്രികയിലെ പ്രമുഖമായ വാഗ്ദാനങ്ങൾ

**തൊഴിൽ നയം:**


മിനിമം കൂലി 700 രൂപയാക്കുന്നതിനുള്ള നടപടി സ്വീകരിക്കും. സ്ത്രീ-പുരുഷ തൊഴിലാളികളുടെ വേതന അന്തരം കുറയ്ക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കും. അംഗനവാടി ജീവനക്കാർ, ആശാ വർക്കർമാർ, സ്കൂൾ പാചകത്തൊഴിലാളികൾ തുടങ്ങിയ സ്കീം വർക്കേഴ്സിന്റെയും പഞ്ചായത്തുകളിലെ പാലിയേറ്റീവ് നേഴ്സുമാരുടെയും കുടുംബശ്രീ ജീവനക്കാരുടെയും സ്കൂളുകളിലെയും പഞ്ചായത്തുകളിലെയും കൗൺസിലേഴ്സ്, റിസോഴ്സ് പേഴ്സൺസ്, പ്രീപ്രൈമറി ടീച്ചേഴ്സ് എന്നിവരുടെ ഹോണറേറിയം ഇടതുപക്ഷ സർക്കാർ ഗണ്യമായി ഉയർത്തുകയുായി. ഈ സമീപനം ശക്തിപ്പെടുത്തും. അതിഥി തൊഴിലാളികൾക്കു വേണ്ടിയുള്ള ക്ഷേമ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തും. അവർക്ക് റേഷൻ കാർഡ്, ആരോഗ്യ കാർഡ്, ഇൻഷ്വറൻസ് തുടങ്ങിയവ ഉറപ്പുവരുത്തും. അവരുടെ താമസ കേന്ദ്രങ്ങളിൽ തദ്ദേശ ഭരണസ്ഥാപനങ്ങളുടെ സഹായത്തോടെ പൊതുസൗകര്യങ്ങൾ സൃഷ്ടിക്കും. എൻ.ബി.എഫ്.സികളിലെ ജീവനക്കാരുടെ തൊഴിലും മിനിമം വേതനവും സംരക്ഷിക്കാൻ നടപടി സ്വീകരിക്കും. ലേബർ കമ്മിഷണറേറ്റ് വിപുലീകരിച്ചു പുനഃസംഘടിപ്പിക്കും. ക്ഷേമനിധികളുടെ ഭരണച്ചെലവ് കുറയ്ക്കുന്നത് ലക്ഷ്യമിട്ട് സമാനമായ വയുടെ പ്രവർനത്തങ്ങൾ ഒരു കുടക്കീഴിൽ കൊണ്ടുവരും. ഗാർഹിക തൊഴിലാളികളുടെ അവകാശങ്ങൾ, തൊഴിൽ സാഹചര്യങ്ങൾ, സാമൂഹ്യ സുരക്ഷിതത്വം, ചൂഷണം തടയൽ തുടങ്ങിയവ ഉൾപ്പെടുത്തി സമഗ്രനിയമം പാസ്സാക്കും. നിലവിലുള്ള സാമൂഹ്യസുരക്ഷാ ബോർഡിന്റെ പ്രവർത്തനം കൂടുതൽ വിപുലപ്പെടുത്തും. ആരോഗ്യപരമായ തൊഴിൽ ബന്ധങ്ങൾ വളർത്തിയെടുക്കും. നോക്കുകൂലി തുടങ്ങിയ അനാരോഗ്യ പ്രവണതകൾക്കെതിരെ കർശന നടപടി സ്വീകരിക്കും. ചുമട്ടുതൊഴിലാളികളുടെ തൊഴിലും വരുമാനവും സംരക്ഷിക്കാനുള്ള നടപടി സ്വീകരിക്കും. സൂപ്പർമാർക്കറ്റുകളിലും ഷോപ്പിംഗ് മാളുകളിലും മറ്റുമുള്ള തൊഴിലാളികളുടെ തൊഴിൽ സാഹചര്യം മെച്ചപ്പെടുത്താനുള്ള ശക്തമായ ഇടപെടൽ നടത്തും. ഓട്ടോ-ടാക്സി തൊഴിലാളികളുടെ പ്രശ്നങ്ങൾ പ്രത്യേകം പരിശോധിച്ച് ആവശ്യമായ നടപടികൾ സ്വീകരിക്കും. വിവിധ വ്യവസായങ്ങളിലും തൊഴിൽ മേഖലകളിലും തൊഴിൽ ചെയ്യുന്ന തൊഴിലാളികൾ നേരിടുന്ന തൊഴിൽ ജന്യ രോഗങ്ങൾ കണ്ടെത്താനും ചികിത്സ ലഭ്യമാക്കാനും നടപടി സ്വീകരിക്കും. കേന്ദ്രസർക്കാരിന്റെ നിർദ്ദിഷ്ട തൊഴിൽ നിയമ ഭേദഗതികൾക്കെതിരായുള്ള സമീപനമായിരിക്കും ഇടതുപക്ഷ ജനാധിപത്യമുന്നണി സർക്കാർ കൈക്കൊള്ളുക. തൊഴിൽ വകുപ്പിനെ ശക്തിപ്പെടുത്തും. നിയമങ്ങൾ പരിഷ്ക്കരിച്ച് തൊഴിലാളികളുടെ തൊഴിലും വരുമാനവും ഉറപ്പുവരുത്തും.

**20 ലക്ഷം അഭ്യസ്തവിദ്യർക്കു തൊഴിൽ:**

20 ലക്ഷം അഭ്യസ്തവിദ്യർക്ക് തൊഴിൽ നൽകും. ഈ ലക്ഷ്യത്തോടെ തൽപ്പരരായ മുഴുവൻ അഭ്യസ്തവിദ്യർക്കും നൈപുണ്യ പരിശീലനം നൽകും ഇവരുടെ വിശദാംശങ്ങൾ ഡിജിറ്റൽ പ്ലാറ്റ്ഫോമിൽ ലഭ്യമാക്കും.

**നിയമനങ്ങൾ പി.എസ്.സി മുഖേന:**

സർക്കാർ, അർദ്ധസർക്കാർ, സഹകരണ, പൊതുമേഖലാ സ്ഥാപനങ്ങൾ എന്നിവിടങ്ങളിലെ നിയമനങ്ങൾ പി.എസ്.സിക്കു വിടും. പൊതുമേഖലാ റിക്രൂട്ട്മെന്റ് ബോർഡ് രൂപീകരിക്കും. ഒഴിവുകൾ പൂർണ്ണമായും സമയബന്ധിതമായും റിപ്പോർട്ട് ചെയ്യപ്പെടുമെന്ന് ഉറപ്പുവരുത്തും. പി.എസ്.സി പരീക്ഷ, മൂല്യനിർണ്ണയം, നിയമനം എന്നിവ നടത്തുവാൻ ചലനാത്മക സംവിധാനം സൃഷ്ടിക്കും. ഏറ്റവും കുറഞ്ഞ മനുഷ്യ ഇടപെടലോടെ ചോദ്യപേപ്പറുകൾ തയ്യാറാക്കുകയും, മൂല്യനിർണ്ണയം നടത്തുകയും, റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിക്കുകയും, നിയമനം നടത്തുകയും ചെയ്യും.




**15 ലക്ഷം ഉപജീവന തൊഴിലുകൾ സൃഷ്ടിക്കും:**

കാർഷിക മേഖലയിൽ 5 ലക്ഷവും കാർഷികേതര മേഖലയിൽ 10 ലക്ഷവും ഉപജീവന തൊഴിലുകൾ സൃഷ്ടിക്കും. കാർഷികേതര തൊഴിലുകൾ സൃഷ്ടിക്കുന്നതിനായി 100 ദിന പരിപാടിയിലെന്ന പോലെ വിവിധ വികസന ഏജൻസികൾ, ധനകാര്യ സ്ഥാപനങ്ങൾ, തദ്ദേശഭരണ സ്ഥാപനങ്ങൾ എന്നിവയിലൂടെ പ്രവർത്തനങ്ങളെ ഏകോപിപ്പിക്കും. വായ്പയുടെ അടിസ്ഥാനത്തിൽ ആരംഭിക്കുന്ന സ്വയംതൊഴിൽ സ്ഥാപനങ്ങളിലായിരിക്കും ഭൂരിപക്ഷം പേരും പണിയെടുക്കുക. തദ്ദേശഭരണ സ്ഥാപനാടിസ്ഥാന ത്തിൽ ഓരോ വർഷവും 1000 പേർക്ക് അഞ്ചു വീതം തൊഴിലവസരങ്ങൾ സൃഷ്ടിക്കും. തൊഴിലുറപ്പു ക്ഷേമനിധി നടപ്പാക്കും. നഗരമേഖലകളിൽ വർക്ക്ഷോപ്പുകളിലും മറ്റു തൊഴിൽ സ്ഥാപനങ്ങളിലും ഇന്റേൺസായി യുവജനങ്ങളെ എടുക്കുന്നത് അയ്യൻകാളി തൊഴിലുറപ്പിന്റെ ഭാഗമാക്കും. പുതിയതായി കമ്പനികളിൽ നിയമിക്കുന്ന യുവജനങ്ങൾക്ക് 2000 രൂപ ഫ്രെഷർസ് അലവൻസായി നൽകും. ഇവയ്ക്കു പുറമെ മറ്റൊരു അഞ്ചുലക്ഷം തൊഴിലവസരങ്ങൾ ഔപചാരിക തൊഴിൽ മേഖലയിൽ സൃഷ്ടിക്കും. തൊഴിലുറപ്പു പദ്ധതിയിൽ പണിയെടുക്കുന്നവരുടെ എണ്ണം 15 ലക്ഷമായി ഉയർത്തും. ശരാശരി പ്രവൃത്തി ദിനങ്ങൾ 50-55 ൽ നിന്ന് 75 ആയി ഉയർത്തും. ഇതു ലക്ഷ്യം വെച്ചുകൊണ്ട് ലേബർ ബജറ്റുകൾ ക്രമീകരിക്കും.

തൊഴിലുറപ്പ് തൊഴിലാളികളുടെ ക്ഷേമനിധി നടപ്പിലാക്കുന്നതിന് ആവശ്യമായ നടപടികൾ സർക്കാർ സ്വീകരിക്കും. പെൻഷനും മ



റ്റ് ആനുകൂല്യങ്ങളും ലഭ്യമാക്കും. 75 ദിവസം തൊഴിലെടുത്ത മുഴുവൻ പേർക്കും ഫെസ്റ്റിവൽ അലവൻസ് നൽകും.

2021–22 ൽ സംഘകൃഷി ഗ്രൂപ്പുകളുടെ എണ്ണം ഒന്നരലക്ഷമാക്കും. അധികമായി ഒന്നേകാൽ ലക്ഷം പേർക്ക് തൊഴിൽ നൽകും. ബ്ലോക്കുതലത്തിൽ കാർഷിക കർമ്മസേനകൾ രൂപീകരിച്ചു യന്ത്രപിന്തുണ ഉറപ്പു നൽകും. കർഷകത്തൊഴിലാളി ക്ഷേമനിധിക്കുള്ള റിട്ടയർമെന്റ് ആനുകൂല്യങ്ങളുടെ കുടിശിക പൂർണമായും നൽകും.

കയർ ഉത്പാദനം 2025 ആകുമ്പോഴേയ്ക്കും 70000 ടണ്ണായി ഉയർത്തും. അടുത്ത അഞ്ചു വർഷത്തിനുള്ളിൽ യന്ത്രവൽക്കരണം പൂർണ്ണമാക്കും. ചകിരി മില്ലുകളുടെ എണ്ണം 500 ഉം, ഓട്ടോമാറ്റിക് സ്പിന്നിംഗ് മെഷീനുകളുടെ എണ്ണം 10000 ഉം, ഓട്ടോമാറ്റിക് ലൂമുകളുടെ എണ്ണം 300 ഉം ആയി ഉയർത്തും. യന്ത്രവത്കൃത മേഖലയിൽ പുതുതായി പതിനായിരം പേർക്കെങ്കിലും തൊഴിൽ നൽകും. കയർപിരി മേഖലയിൽ ശരാശരി 500–600 രൂപയായി തൊഴിലാളിയുടെ വരുമാനം ഉയർത്തും.

കശുവണ്ടി മേഖലയിൽ അഞ്ചു വർഷത്തിനുള്ളിൽ പതിനായിരം പേർക്കു കൂടി തൊഴിൽ നൽകും. ഫാക്ടറികൾ നവീകരിക്കുകയും ആധുനീകരിക്കുകയും ചെയ്യും. മിനിമം കൂലി പരിഷ്ക്കരിക്കും. കാഷ്യൂ ബോർഡിന്റെ പ്രവർത്തനം ശക്തിപ്പെടുത്തും. ബോർഡ് വഴി പ്രതിവർഷം 30000 – 40000 ടൺ തോട്ടണ്ടി ഇറക്കുമതി ചെയ്യും.

കൈത്തറി മേഖലയിൽ സ്കൂൾ യൂണിഫോം പദ്ധതി ശക്തിപ്പെടുത്തും. കേന്ദ്രസർക്കാർ നിർത്തലാക്കിയ റിബേറ്റ് സമ്പ്രദായം തുടരും. കൂടുതൽ ദിവസം റിബേറ്റ് അനുവദിക്കും. ഖാദി നെയ്ത്ത് ഉപകരണങ്ങൾ നവീകരിക്കും. ക്ലസ്റ്ററുകൾ ശക്തിപ്പെടുത്തും. റെഡിമെയ്ഡ് ഉൽപ്പന്നങ്ങളിലേയ്ക്കുള്ള വൈവിദ്ധ്യവത്കരണം ശക്തിപ്പെടുത്തും. ഇതിന് ആധുനിക ഡിസൈൻ വിദഗ്ധരുടെ സേവനം ഉപയോഗപ്പെടുത്തും. കൈത്തറി വിപണനത്തിനുള്ള പ്രത്യേക പ്രചാരണ പരിപാടികൾ ശക്തിപ്പെടുത്തും.

ഖാദി ഗ്രാമീണ വ്യവസായ സംഘങ്ങളെ പുനഃസംഘടിപ്പിക്കും. സംരംഭകർക്ക് ഒരു ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതിയിലൂടെ കടാശ്വാസം നൽകുന്നതിനുള്ള നടപടി സ്വീകരിക്കും. ഉപജീവനത്തൊഴിലുകളുമായി ബന്ധപ്പെടുത്തി പതിനായിരം ഗ്രാമീണ വ്യവസായ യൂണിറ്റുകൾ ആരംഭിക്കും. വരുമാന ഉറപ്പു പദ്ധതി വിപുലപ്പെടുത്തും

കേരള ആർട്ടിസാൻ ഡെവലപ്പ്മെന്റ് കോർപ്പറേഷൻ വികസിപ്പിക്കും. കരകൗശല വികസന കോർപ്പറേഷൻ റോ മെറ്റീരിയൽ ബാങ്കും ഹാൻഡിക്രാഫ്റ്റ് ഡിസൈൻ സെന്ററും ആരംഭിക്കും. കെൽപാം വൈവിദ്ധ്യവൽകരിക്കും. പനയുൽപ്പന്ന സഹകരണ സംഘങ്ങളുടെ പുനരുദ്ധാരണ പാക്കേജുകൾ നടപ്പിലാക്കും. പ്രീമിയം ഉൽപ്പന്നശാലകൾ ആരംഭിക്കും. സംസ്ഥാന ബാംബൂ കോർപ്പറേഷന്റെ പുനഃസംഘടന പൂർത്തിയാക്കും. ബാംബൂ പ്ലൈവുഡിന്റെ വിപുലമായ ഉൽപ്പാദന ഫാക്ടറി സ്ഥാപിക്കും

മൺപാത്രങ്ങളും മറ്റു കളിമൺ ഉൽപ്പന്നങ്ങളും ആധുനിക ഡിസൈനിൽ മൂല്യവർദ്ധിത ഉൽപ്പന്നങ്ങളാക്കി മാറ്റുന്നതിനുള്ള നടപടികൾ സ്വീകരിക്കും. ബീഡി, ചുരുട്ട് തൊഴിലാളികൾക്കുള്ള പ്രത്യേക സാമൂഹ്യസുരക്ഷാ പെൻഷൻ പദ്ധതി വിപുലപ്പെടുത്തും.

ടോഡി ബോർഡ് പ്രവർത്തനക്ഷമമാക്കും. കള്ളുഷാപ്പുകൾ നവീകരിക്കുന്നതിനും ആധുനീകരിക്കുന്നതിനും പ്രോട്ടോക്കോളിന് രൂപം നൽകും. വ്യാജ മദ്യത്തിനെതിരെയുള്ള നടപടികൾ ഊർജ്ജിതപ്പെടുത്തും. ചെത്തു വ്യവസായത്തിന് അനുയോജ്യമായ പൊക്കം കുറഞ്ഞ സങ്കരയിനം തെങ്ങുകൾ നടുന്നതിന് പ്രത്യേക പ്രോത്സാഹനം നൽകും.

വഴിയോര/തെരുവ് കച്ചവടത്തിനു പ്രത്യേക മേഖലകൾ അനുവദിക്കും.

നിർമ്മാണ മേഖലയിലെ മണൽ, കല്ല്, സിമെന്റ്, സ്റ്റീൽ തുടങ്ങിയവയുടെ ക്ഷാമവും വിലക്കയറ്റവും പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കും. ബദൽ സാമഗ്രികളുടെ ഉൽപ്പാദനം പ്രോത്സാഹിപ്പിക്കും. ഊർജ്ജ ഉപയോഗം പരമാവധി കുറയ്ക്കുന്ന ഗ്രീൻ നിർമ്മാണ സാങ്കേതിക വിദ്യകൾ പ്രോത്സാഹിപ്പിക്കും.

**പൊതുമേഖലയെ സംരക്ഷിക്കും:**

പുതിയ പൊതുമേഖലാ സ്ഥാപനങ്ങൾ ആരംഭിക്കും. എല്ലാ പൊതുമേഖലാ വ്യവസായ സ്ഥാപനങ്ങളെയും സംരക്ഷിക്കും. എല്ലാ പൊതുമേഖലാ സ്ഥാപനങ്ങളെയും ലാഭത്തിലാക്കും. വൈവിധ്യവൽക്കരിക്കുകയും വിപുലീകരിക്കുകയും ചെയ്യും. ഇതിനായി ഓരോ സ്ഥാപനത്തിന്റെയും വിശദമായ മാസ്റ്റർ പ്ലാൻ പ്രസിദ്ധീകരിക്കും. ജീവനക്കാരുടെയും പെൻഷൻകാരുടെയും കാലോചിതമായ സേവന–വേതന അവകാശങ്ങൾ ഉറപ്പുവരുത്തിക്കൊണ്ട് കെ.എസ്.ആർ.ടി.സി പുനരുദ്ധരിക്കും. ടെക്സ്റ്റയിൽ മില്ലുകൾക്ക് വേണ്ടി റോ മെറ്റീരിയൽ കൺസോർഷ്യം ആരംഭിക്കും.

**15000 സ്റ്റാർട്ട് അപ്പുകൾ:**

അഞ്ചു വർഷം കൊണ്ട് 15000 സ്റ്റാർട്ട് അപ്പുകൾ കൂടി ആരംഭിക്കു



കയും ഒരു ലക്ഷം പേർക്ക് പുതിയതായി തൊഴിൽ നൽകുകയും ചെയ്യും. ഇതിന് ആവശ്യമായ നൂതന വിദ്യകൾ വികസിപ്പിക്കുന്നതിന് ഇന്നവേഷൻ ചലഞ്ചു പോലുള്ള സംവിധാനങ്ങൾക്കു രൂപം നൽകും. സ്റ്റാർട്ട് അപ്പുകളെ പ്രോത്സാഹിപ്പിക്കുന്നതിന് ഉദാരമായ ധനസഹായ പിന്തുണ നൽകും.



### ഇലക്ട്രോണിക്-ഫാർമസ്യൂട്ടിക്കൽ ഹബ്ബ്:

കെൽട്രോണിനെ പുനരുദ്ധരിക്കും, സംയുക്ത സംരംഭങ്ങൾ ആരംഭിക്കും. ആമ്പല്ലൂർ ഇലക്ട്രോണിക് ഹാർഡ്‌വെയർ പാർക്ക് പൂർത്തീകരിക്കും. രാജ്യത്തെ ഏറ്റവും പ്രമുഖ ഇലക്ട്രോണിക് വ്യവസായ മേഖലയായി കേരളത്തെ മാറ്റും. ആരോഗ്യ മേഖലയിലെ കേരളത്തിന്റെ ബ്രാൻഡിനെ ഫാർമസ്യൂട്ടിക്കൽ വ്യവസായ വികസനത്തിനായി ഉപയോഗപ്പെടുത്തും. ഇന്ത്യയിലെ ഏറ്റവും പ്രധാനപ്പെട്ട ഫാർമസ്യൂട്ടിക്കൽ ഹബ്ബുകളിൽ ഒന്നായി കേരളത്തെ മാറ്റും.

### മൂല്യവർദ്ധിത വ്യവസായങ്ങൾ:

റബർ പാർക്ക് , കോഫി പാർക്ക് , റൈസ് പാർക്ക് , സ്പൈസസ് പാർക്ക് , ഫുഡ് പാർക്ക്, ആഗ്രോ പാർക്കുകൾ തുടങ്ങിയവ സ്ഥാപിക്കും. പൊതുമേഖല ഭക്ഷ്യ-സംസ്കരണ വ്യവസായങ്ങളെ നവീകരിക്കുകയും വിപുലപ്പെടുത്തുകയും ചെയ്യും. നാളികേര സംഭരണത്തിനും സംസ്കരണത്തിനും സഹകരണ ബാങ്കുകളെ ഉപയോഗപ്പെടുത്തും.

### ടൂറിസം വിപണി ഇരട്ടിയാക്കും:

ടൂറിസം വിപണി ഇരട്ടിയാക്കും. ടൂറിസത്തിനുള്ള അടങ്കൽ ഇരട്ടിയാക്കും. പൈതൃക ടൂറിസം പദ്ധതികൾ പൂർത്തീകരിക്കും. സപൈസസ് റൂട്ട് ആവിഷ്കരിക്കും. 2025-ൽ വിനോദസഞ്ചാരികളുടെ എണ്ണം ഇരട്ടിയാക്കും

### ചെറുകിട വ്യവസായ മേഖല:

സൂക്ഷ്മ ചെറുകിട, ഇടത്തരം വ്യവസായ മേഖലയിൽ സംരംഭങ്ങളുടെ എണ്ണം 1.4 ലക്ഷത്തിൽ നിന്ന് 3 ലക്ഷമായി ഉയർത്തും. പീഡിത വ്യവസായങ്ങളെ പുനരുദ്ധരിക്കാൻ പ്രത്യേക സ്കീമുകൾ തയ്യാറാക്കും. 6 ലക്ഷം പുതിയ തൊഴിലവസരങ്ങൾ സൃഷ്ടിക്കും.

### ദാരിദ്ര്യ നിർമ്മാർജ്ജന പ്രവർത്തനം ശക്തിപ്പെടുത്തും:

ദരിദ്ര കുടുംബങ്ങളുടെ സമഗ്ര ലിസ്റ്റ് തയ്യാറാക്കും. അതിലെ ഓരോ കുടുംബത്തിനെയും കരകയറ്റുന്നതിനു മൈക്രോപ്ലാൻ ഉണ്ടാക്കി നടപ്പാക്കും. 45 ലക്ഷം കുടുംബങ്ങൾക്കു ഇങ്ങനെ 1 ലക്ഷം മുതൽ 15 ലക്ഷം രൂപ വരെ വികസന സഹായം നൽകും.

### കൃഷിക്കാരുടെ വരുമാനത്തിൽ 50 ശതമാനം വർദ്ധന സൃഷ്ടിക്കും:

കൃഷിക്കാരുടെ വരുമാനത്തിൽ 50 ശതമാനം വർദ്ധന സൃഷ്ടിക്കും. ഇതിനായി ശാസ്ത്രസാങ്കേതിക വിദ്യകളെ ഉപയോഗപ്പെടുത്തും. ഉൽപ്പന്നങ്ങൾക്ക് വിപണി കണ്ടെത്തുന്നതിന് ഉതകുന്ന വിധം ഡിജിറ്റൽ പ്ലാറ്റ്ഫോം ഒരുക്കും. കാർഷികോത്പാദന ക്ഷമത വർദ്ധന, തറവിലയിലെ കാലോചിത പരിഷ്കാരം, കാർഷിക ഉൽപ്പന്ന സംസ്ക്കരണത്തിൽ നിന്നുള്ള വരുമാനം, അനുബന്ധ വരുമാനങ്ങൾ, എന്നിവയിലൂടെയാണ് ഈ നേട്ടം ഉറപ്പുവരുത്തുക. റബ്ബറിന്റെ തറവില ഘട്ടംഘട്ടമായി 250 രൂപയാക്കി ഉയർത്തും . മറ്റുള്ളവ കാലോചിതമായി പരിഷ്ക്കരിക്കും. പച്ചക്കറിയിൽ സ്വയം പര്യാപ്തത നേടും. നെൽ കൃഷി വിസ്തൃതി വർദ്ധിപ്പിക്കും. തോട്ടവിളകൾക്കുള്ള പ്രത്യേക പാക്കേജ് നടപ്പാക്കും. മലയോര കൃഷിക്കാരുടെ പട്ടയപ്രശ്നം പരിഹരിക്കും.

### മൃഗപരിപാലനം:

പാലിൽ സ്വയം പര്യാപ്തത കൈവരിക്കും. പാൽ ഉത്പാദനത്തിൽ കൈവരിച്ച നേട്ടങ്ങൾ നിലനിർത്തുകയും, കേരളത്തെ ക്ഷീരമിച്ച സംസ്ഥാനമാക്കുകയും ചെയ്യും. കാലിത്തീറ്റ ഉൽപ്പാദന ശേഷി ഇരട്ടിയാക്കും. മൊബൈൽ വെറ്റിനറി സേവനങ്ങൾ എല്ലാ ബ്ലോക്കുകളിലേക്കും വ്യാപിപ്പിക്കും. പാൽ കറക്കുന്നതിനുള്ള യന്ത്രങ്ങൾക്ക് സബ്സിഡി നൽകും. മുട്ട ഉൽപ്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കും. കേരള ചിക്കൻ ബ്രാൻഡിന്റെ ശൃംഖല ആരംഭിക്കും

### കടൽ കടലിന്റെ മക്കൾക്ക്:

മത്സ്യബന്ധന ഉപകരണങ്ങളുടെ ഉടമാവകാശം, കടലിലെ മത്സ്യവിഭവങ്ങളുടെ ഉടമാവകാശം, കടലിൽ മത്സ്യബന്ധനത്തിനുള്ള പ്രവേശന അധികാരം, ആദ്യ വിൽപ്പനാവകാശം എന്നിവ മത്സ്യത്തൊഴിലാളികൾക്ക് മാത്രമാക്കും. മത്സ്യവിപണന നിയമം പാസ്സാക്കിയതു പോലെ മറ്റ് അക്വേറിയം റിഫോം





സിനു വേണ്ടിയുള്ള സമഗ്രനിയമം തയ്യാറാക്കും. കേർപ്പറേറ്റ് ട്രോളറുകൾക്ക് കേരളത്തിലെ ഹാർബറുകളിൽ നിന്ന് ഓപ്പറേറ്റ് ചെയ്യുന്നതിനുള്ള അനുവാദം നിയമപരമായി നിഷേധിക്കും

**തീരദേശ വികസന പാക്കേജ്:**

തീരദേശ വികസനത്തിന് 5000 കോടി രൂപയുടെ പാക്കേജ് പ്രഖ്യാപിച്ചിട്ടുണ്ട്. കടലാക്രമണമുള്ള മുഴുവൻ തീരങ്ങളും പുലിമുട്ടുകൾ നിർമ്മിക്കുകയോ മറ്റു തീരസംരക്ഷണ പ്രവൃത്തികളോ . ഏറ്റെടുക്കും. മുഴുവൻ ഹാർബറുകളുടെയും നിർമ്മാണം പൂർത്തീകരിക്കും. 150 മാർക്കറ്റുകൾ നവീകരിക്കും. മുഴുവൻ മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്കും പാർപ്പിടം ഉറപ്പു വരുത്തും. ഇവയ്ക്കു പുറമേ വിദ്യാഭ്യാസ- ആരോഗ്യ നവീകരണവും മത്സ്യമൂല്യ വർദ്ധന വ്യവസായങ്ങളുമാണ് പാക്കേജിലുള്ളത്. മത്സ്യ ഗ്രാമത്തിൽ ഉണ്ടാകേണ്ട മിനിമം സൗകര്യങ്ങളുടെ മുൻഗണനാ പട്ടിക തയ്യാറാക്കുകയും അവ ഉറപ്പുവരുത്തുകയും ചെയ്യും.

**പട്ടികജാതി ക്ഷേമം:**

മുഴുവൻ പട്ടികജാതി കുടുംബങ്ങൾക്കും അഞ്ചു വർഷത്തിനുള്ളിൽ പാർപ്പിടം നൽകും. ഭൂരഹിതർക്കു കിടപ്പാടം ലഭ്യമാക്കും. എല്ലാ ആവാസ സങ്കേതങ്ങളിലും അംബേദ്ക്കർ പദ്ധതി നടപ്പാക്കും. എല്ലാ മോഡൽ റെസിഡൻഷ്യൽ സ്കൂളുകളും ഹോസ്റ്റലുകളും മികവുറ്റതാക്കും. ആനുകൂല്യങ്ങൾ ഉയർത്തും . പട്ടികവിഭാഗങ്ങൾക്കുള്ള നൈപുണി പരിശീലനവും തുടർ പ്ലെയ്സ്മെന്റും പദ്ധതി പ്രകാരം 20000 പേർക്ക് തൊഴിൽ ലഭ്യമാക്കും. സർക്കാർ സർവ്വീസിലെ പ്രാതിനിധ്യ കുറവ് പരിഹരിക്കുന്നതിന് ആരംഭിച്ചിട്ടുള്ള നടപടികൾ സമയബന്ധിതമായി പൂർത്തീകരിക്കും.

**പട്ടികവർഗ്ഗ ക്ഷേമം:**

മുഴുവൻ ആദിവാസി കുടുംബങ്ങൾക്കും പാർപ്പിടം ഉറപ്പു വരുത്തും. ഒരേക്കർ കൃഷി ഭൂമി വീതം ലഭ്യമാക്കുന്നതിനുള്ള ഇടപെടൽ പരമാവധി നടത്തും. വനവിഭവങ്ങൾക്ക് തറവിലയും വിപണിയും ഉറപ്പുവരുത്തും. ആനുകൂല്യങ്ങൾ ഉയർത്തും . പട്ടികവർഗ്ഗക്കാർക്കുള്ള ഉപപദ്ധതി പൂർണ്ണമായും ഊരുകൂട്ടങ്ങളുടെ തീരുമാന വിധേയമായിരിക്കുമെന്ന് ഉറപ്പുവരുത്തും. സർക്കാർ സർവ്വീസിലെ പ്രാതിനിധ്യ കുറവ് പരിഹരിക്കുന്നതിന് ആരംഭിച്ചിട്ടുള്ള നടപടികൾ സമയബന്ധിതമായി പൂർത്തീകരിക്കും.

**മറ്റു സാമൂഹ്യ വിഭാഗങ്ങൾ:**

പരിവർത്തിത ക്രൈസ്തവർക്കും പട്ടിക ജാതിക്കാർക്കുമുള്ള വിദ്യാഭ്യാസ ആനുകൂല്യങ്ങൾ തുല്യ അളവിൽ നൽകും. പരിവർത്തിത ക്രൈസ്തവ വികസന കോർപ്പറേഷനുള്ള ബജറ്റ് പിന്തുണ ഇരട്ടിയായി വർദ്ധിപ്പിക്കും. പിന്നോക്ക വികസന കോർപ്പറേഷന്റെ പ്രവർത്തനം വിപുലപ്പെടുത്തും. പാലൊളി കമ്മിറ്റി ശുപാർകൾ നടപ്പാക്കും. ക്രിസ്ത്യൻ ന്യൂനപക്ഷ കമ്മീഷൻ റിപ്പോർട്ട് നടപ്പാക്കും. മുന്നോക്ക വികസന കോർപ്പറേഷനു കൂടുതൽ പണം ലഭ്യമാക്കും.

**വയോജനക്ഷേമം:**

വിപുലമായ വയോജന സർവ്വേ നടത്തും. സേവനങ്ങൾ വാതിൽപ്പടിയിൽ നൽകും. എല്ലാ വാർഡുകളിലും വയോക്ലബ്ബുകൾ സ്ഥാപിക്കും. വയോജന അയൽക്കൂട്ടങ്ങൾ വിപുലപ്പെടുത്തും. പ്രത്യേക വയോജന ക്ലിനിക്കുകളും ഒ.പി.കളും, പ്രത്യേക സാന്ത്വന പരിചരണം, വയോജനങ്ങൾക്ക് മരുന്ന് എന്നിവ ഉറപ്പുവരുത്തും. സംസ്ഥാന-ജില്ല- പ്രാദേശികതലങ്ങളിൽ വയോജന കൗൺസിലുകൾ രൂപീകരിക്കും. വയോജന നിയമം കർശനമായി നടപ്പാക്കും

**സ്കൂൾ വിദ്യാഭ്യാസം:**

സ്കൂൾ കെട്ടിട നിർമ്മാണ-നവീകരണ പ്രവൃത്തികൾ പൂർത്തീകരിക്കും. വിദ്യാഭ്യാസ നിലവാരത്തിൽ പിന്നാക്കം നിൽക്കുന്ന കുട്ടികൾക്ക് പരിഹാരബോധനത്തിനും പ്രത്യേക വിഷയങ്ങൾക്കുള്ള പോഷണത്തിനും അധ്യയന അനുബന്ധ പ്രവർത്തനങ്ങൾക്കുമുള്ള സ്കീമുകളെ ശക്തിപ്പെടുത്തും. സർഗ്ഗവാസനകളെ പ്രോത്സാഹിപ്പിക്കും. മുഴുവൻ കുട്ടികളും മിനിമം ശേഷി നേടുമെന്ന് ഉറപ്പിക്കും. അടുത്ത അഞ്ചു വർഷം പുതിയ കുട്ടികളുടെ എണ്ണം 10 ലക്ഷമായി ഉയർത്തും. മികവുറ്റ പൊതു വിദ്യാഭ്യാസ സേവനങ്ങളെ ലോകോത്തരമാക്കും.

**ആരോഗ്യ സംരക്ഷണം:**

താലൂക്ക് ആശുപത്രികൾ മുതൽ മെഡിക്കൽ കോളേജ് വരെയുള്ള ആശുപത്രികളുടെ കെട്ടിട നിർമ്മാണം അടക്കമുള്ള നിർമ്മാണ പ്രവൃത്തികൾ യുദ്ധകാലാടിസ്ഥാനത്തിൽ പൂർത്തീകരിക്കും. എല്ലാ കുടുംബാരോഗ്യ കേന്ദ്രങ്ങളിലും രണ്ടുനേരം ഒ.പിയും മരുന്നും ലാബും ഉറപ്പുവരുത്തും. 20 ലക്ഷം കുടുംബങ്ങൾക്ക് 5 ലക്ഷം രൂപ വരെ സൗജന്യ കിടത്തി ചികിത്സയും, ബാക്കിയുള്ളവർക്ക് 2 ലക്ഷം വരെ കാരുണ്യാ പദ്ധതിയും ശക്തിപ്പെടുത്തും. ജീവിത ശൈലീ രോഗങ്ങൾക്ക് മെഡിക്കൽ കോളജ്-ജില്ലാ ആശുപത്രികളിൽ സൗജന്യ ചികിത്സ ലഭ്യമാക്കും. പബ്ലിക് ഹെൽത്ത് കേഡർ നടപ്പാക്കും. ആലപ്പുഴയിലും തിരുവനന്തപുരം തോന്നയ്ക്കലും ആരംഭിച്ച വൈറോളജി ഇൻസ്റ്റിറ്റ്യൂട്ടിനെ ലോക നിലവാരത്തിലേക്ക് ഉയർത്തും . പൊതു ആരോഗ്യ സേവനങ്ങളെ ലോകോത്തരമാ



ക്കും. കണ്ണൂരിലെ ആയുർവേദ ഗവേഷണ ഇൻസ്റ്റിറ്റ്യൂട്ടിന്റെ നിർമ്മാണം പൂർത്തീകരിച്ച് ആയുർവേദത്തെ ശാസ്ത്രീയമായി വികസിപ്പിക്കും. ആയുർവേദത്തിന്റെ ടൂറിസം സാധ്യതകളെ അതിന്റെ തനിമയും ശാസ്ത്രീയതയും കൈവെടിയാതെ പ്രയോജനപ്പെടുത്തും. ഔഷധസസ്യങ്ങളുടെ കൃഷി വ്യാപിപ്പിക്കുന്നതിന് സ്കീം ആരംഭിക്കും. ആയുർവേദ ഔഷധ നിർമ്മാണത്തെ പ്രോത്സാഹിപ്പിക്കും. ആയുർവേദ ചികിത്സാ സൗകര്യങ്ങൾ വിപുലപ്പെടുത്തും. എല്ലാ പഞ്ചായത്തുകളിലും ആയുർവേദ ഡിസ്പെൻസറികൾ ആരംഭിക്കും.

**എല്ലാവർക്കും കുടിവെള്ളം:**

എല്ലാവർക്കും ശുദ്ധമായ കുടിവെള്ളം ഉറപ്പുവരുത്തും. ജൽജീവൻ മിഷൻ വഴി 21 ലക്ഷം കുടുംബങ്ങൾക്ക് കുടിവെള്ളം എത്തിക്കും. 5000 കോടി രൂപയുടെ കിഫ്ബി പദ്ധതികളും, ജൽജീവൻ മിഷൻ പദ്ധതികളും യുദ്ധകാലാടിസ്ഥാനത്തിൽ പൂർത്തീകരിക്കും. 30 ലക്ഷം കുടുംബങ്ങൾക്ക് കുടിവെള്ളമെത്തിക്കും. വാട്ടർ അതോറിറ്റി പുനഃസംഘടിപ്പിക്കും. പാതിവഴിയിലായ എല്ലാ സ്വീവേജ് പദ്ധതികളും പൂർത്തീകരിക്കും.

**എല്ലാവർക്കും വീട്:**

അടുത്ത അഞ്ചു വർഷത്തിനുള്ളിൽ എല്ലാവർക്കും വീട് എന്ന സ്വപ്നം സാക്ഷാത്കരിക്കും. ലൈഫ് മിഷൻ അടുത്ത വർഷം ഒന്നര ലക്ഷം വീടുകൾ നൽകും. ഭൂരഹിതരായ മുഴുവൻ പേർക്കും ഭൂമിയും വീടും നൽകും. മൊത്തം അഞ്ചു ലക്ഷം വീടുകൾ അഞ്ചു വർഷം കൊണ്ട് പണി തീർക്കും. ഭൂമി ലഭ്യമായിടങ്ങളിൽ ഫ്ളാറ്റ് സമുച്ചയങ്ങൾ പണിയും.

**പശ്ചാത്തലസൗകര്യ പ്രവൃത്തികൾ:**

ആറായിരം കോടി രൂപയുടെ പശ്ചാത്തല സൗകര്യ പ്രവൃത്തികൾ പൂർത്തീ കരിക്കും. ട്രാൻസ്ഗ്രിഡ്, കെ-ഫോൺ, ജലപാത, തീരദേശ-മലയോര ഹൈവേകൾ, വ്യവസായ പാർക്കുകൾ, ആശുപത്രി-കോളേജ് നവീകരണം, യൂണിവേഴ്സിറ്റി കേന്ദ്രങ്ങളുടെ നിർമ്മാണം തുടങ്ങി കിഫ്ബി പദ്ധതികളെല്ലാം സമയബന്ധിതമായി പൂർത്തീകരിക്കും.

**വൈദ്യുതിക്ഷാമം ഇല്ലാത്ത കാലം:**

2040 വരെ വൈദ്യുതിക്ഷാമം ഇല്ല എന്ന് ഉറപ്പുവരുത്തുന്ന 10000 കോടി രൂപയുടെ ട്രാൻസ്ഗ്രിഡ് പദ്ധതി പൂർത്തീകരിക്കും. 4000 കോടി രൂപയുടെ വൈദ്യുതി വിതരണ പദ്ധതിയും പൂർത്തീകരിക്കും. 3000 കോടി രൂപയുടെ ഇടുക്കി പദ്ധതി രണ്ടാംഘട്ടം ആരംഭിക്കും. പാരമ്പര്യേതര ഊർജ്ജ സ്രോതസുകളിൽ നിന്ന് 3000 മെഗാവാട്ട് വൈദ്യുതി ഉൽപ്പാദിപ്പിക്കും. വൈദ്യുതി വിതരണം സ്വകാര്യവൽക്കരിക്കുന്ന കേന്ദ്ര നയത്തെ ചെറുക്കും. സംസ്ഥാനത്തെ വൈദ്യുതി ബോർഡിനെ പൊതുമേഖലയിൽ സംരക്ഷിക്കും.

**റോഡ് നവീകരണം:**

15000 കിലോമീറ്റർ റോഡ് നിർമ്മാണം പൂർത്തീകരിക്കും. 72 റെയിൽവേ മേൽപ്പാലങ്ങൾ പണിയും. 100 മേജർ പാലങ്ങൾ പൂർത്തീകരിക്കും. ദേശീയപാതാ വികസനം പൂർത്തിയാക്കും. മലയോര ഹൈവേ, തീരദേശ ഹൈവേ, വയനാട് തുരങ്കപ്പാത എന്നിവ പൂർത്തീകരിക്കും. ആധുനികവും പരിസ്ഥിതി സൗഹാർദ്ദ പരവുമായ സാങ്കേതിക വിദ്യകൾ റോഡ് നിർമ്മാണത്തിന് ഉപയോഗപ്പെടുത്തും.



**ജലഗതാഗതം-ബദൽപാത:**

തെക്കുവടക്ക് ദേശീയ ജലപാത പൂർത്തീകരിക്കും. ആയിരത്തിൽപ്പരം കിലോമീറ്റർ ഫീഡർ കനാലുകൾ നവീകരിക്കും. കൊച്ചി വാട്ടർ മെട്രോ പൂർത്തീകരിക്കും. തീരദേശ കാർഗോ ഷിപ്പിംഗ് ആരംഭിക്കും. വിഴിഞ്ഞം, അഴീക്കൽ, ബേപ്പൂർ, കൊല്ലം ഹാർബറുകൾ പൂർത്തിയാക്കും. അഴീക്കൽ ഔട്ടർ ഹാർബർ പദ്ധതി ആരംഭിക്കും.

**റെയിൽവേ-വ്യോമ ഗതാഗതം:**

കൊച്ചി മെട്രോ പൂർത്തീകരിക്കും. കേന്ദ്ര സർക്കാരിന്റെ അനുമതി ലഭിച്ചാൽ തിരുവനന്തപുരം, കോഴിക്കോട് ലൈറ്റ്മെട്രോ ആരംഭിക്കും. തലശ്ശേരി മൈസൂർ, നിലമ്പൂർ നഞ്ചങ്കോട് റെയിൽ ലൈനുകൾ നിർമ്മിക്കും. ശബരി റെയിൽ പൂർത്തിയാക്കും. ശബരി എയർപോർട്ടിനുള്ള അനുവാദത്തിനും ശബരിറെയിൽ പൂർത്തീകരിക്കുന്നതിനും വേണ്ടിയുള്ള സമ്മർദ്ദം ശക്തിപ്പെടുത്തും. ആവശ്യമെങ്കിൽ കരിപ്പൂർ വിമാനത്താവളത്തിന്റെ വികസനത്തിനു സ്ഥലം സർക്കാർ ഏറ്റെടുക്കുകയോ പങ്കാളിയാവുകയോ ചെയ്യും.

**തദ്ദേശഭരണം:**

ജനകീയാസൂത്രണത്തിന്റെ അനുഭവങ്ങളെ സമഗ്രമായി വിലയിരുത്തിക്കൊണ്ട് 14-ാം പഞ്ചവത്സര പദ്ധതി രൂപീകരിക്കും. നീർത്തടാധിഷ്ഠിത ആസൂത്രണം തദ്ദേശഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ നടപ്പിലാക്കും. നൂതന പ്രോജക്ടുകളെ പ്രോത്സാഹിപ്പിക്കും. കൂടുതൽ പണവും അധികാരവും ഉദ്യോഗസ്ഥരെയും നൽകും. ജനപങ്കാളിത്തവും സുതാര്യതയും വർദ്ധിപ്പിക്കാൻ നടപടിയെടുക്കും. ഇ-ഗവേണൽസ് പൂർത്തീകരിക്കും. നഗര വികസനത്തിന് പ്രത്യേക സ്കീമുകൾ ആവിഷ്കരിക്കും.

**പരിസ്ഥിതി സൗഹൃദം:**

കേരളത്തിന്റെ പരിസ്ഥിതി സന്തുലനാവസ്ഥ നിലനിർത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കും. നീർത്തടാടിസ്ഥാനത്തിലുള്ള ജല-മണ്ണു സംരക്ഷണ പദ്ധതികളുടെ അടിസ്ഥാനത്തിൽ നദീതട പദ്ധതികൾ ആവിഷ്കരിക്കും. ഇ-വാഹന നയം ആവിഷ്കരിച്ചു നടപ്പാക്കും. ഊർജ്ജ മിതവ്യയത്തിനും ബദൽ ഊർജ്ജ നിർമ്മാണത്തിനും സ്കീമുകൾ ആവിഷ്കരിക്കും. ശാസ്ത്രീയമായ പരിസ്ഥിതി അവബോധം സമൂഹത്തിൽ വ്യാപകമാക്കാൻ പ്രത്യേക ബോധവൽക്കരണ പദ്ധതികൾ ആസൂത്രണം ചെയ്യും.

**വനസംരക്ഷണം:**

കൈയേറ്റം പൂർണ്ണമായും തടയും. വനം അതിർത്തികൾ ജണ്ട കെട്ടിയും ഡിജിറ്റലൈസ് ചെയ്തും സംരക്ഷിക്കും. മനുഷ്യ-വന്യമൃഗ സംഘർഷം ഒഴിവാക്കുന്നതിന് അടിയന്തര നടപടികൾ സ്വീകരിക്കും. വനാതിർത്തിക്കു ചുറ്റും ബഫർ സോൺ നിജപ്പെടുത്തുമ്പോൾ ജനവാസ മേഖലകളെ ഒഴിവാക്കും.

**പ്രത്യേക വികസന പാക്കേജുകൾ:**

7500 കോടി രൂപയുടെ വയനാട് പാക്കേജ്, 12000 കോടി രൂപയുടെ ഇടുക്കി പാക്കേജ്, 2500 കോടിയുടെ കുട്ടനാട് പാക്കേജ്, 5000 കോടി രൂപയുടെ തീരദേശ പാക്കേജ് എന്നിവ സമയബന്ധിതമായി നടപ്പാക്കും. കാസർകോട് പാക്കേജിനുള്ള തുക വർദ്ധിപ്പിക്കും. മലബാറിന്റെ പിന്നോക്കാവസ്ഥ പരിഹാരത്തിനു പ്രത്യേക പരിഗണന നൽകും.

**ശുചിത്വം:**

കേരളത്തെ സമ്പൂർണ്ണ ശുചിത്വ പ്രദേശമാക്കും. ഉറവിട മാലിന്യ സംസ്കരണത്തിന്റെ അടിസ്ഥാനത്തിൽ ഖരമാലിന്യ സംസ്കരണവും പ്രാദേശിക സ്വീവേജ് സംസ്കരണവും നടപ്പാക്കും. അനിവാര്യമായ ഇടങ്ങളിൽ വൻകിട മാലിന്യ നിർമ്മാർജ്ജന പ്ലാന്റുകളും സ്ഥാപിക്കും.

**കേരളം സ്ത്രീ സൗഹൃദമാക്കും:**

സ്ത്രീകൾക്കു നേരെയുള്ള അതിക്രമങ്ങൾ കുറയ്ക്കുന്നതിന് ജനകീയ കാമ്പയിനുകൾ സംഘടിപ്പിക്കും. സ്ത്രീകളുടെ തൊഴിലവസരങ്ങൾ വർദ്ധിപ്പിക്കും. സ്ത്രീകൾക്കുള്ള പദ്ധതി അടങ്കൽ പത്തു ശതമാനത്തിലേറെയാക്കും. വനിതാ കമ്മീഷൻ, വനിതാ വികസന കോർപ്പറേഷൻ, ജൻഡർ പാർക്ക് എന്നിവയുടെ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തും. ട്രാൻസ്ജെൻഡർ പോളിസി നടപ്പിലാക്കും. ഗൃഹജോലിയുടെ മൂല്യം അംഗീകരിച്ചുകൊണ്ട് വീട്ടമ്മമാർക്ക് പെൻഷൻ ഏർപ്പെടുത്തും.

**വിശപ്പുരഹിത കേരളം:**


കേരളത്തിൽ ഒരാളും പട്ടിണി കിടക്കാൻ അനുവദിക്കില്ല. പൊതുവിതരണ സമ്പ്രദായം കൂടുതൽ ശക്തിപ്പെടുത്തും. സിവിൽ സപ്ലൈസും കൺസ്യൂമർ ഫെഡും വിപുലപ്പെടുത്തും. റേഷൻ കടകളിൽ മറ്റ് ഉപഭോക്തൃ ഉൽപ്പന്നങ്ങൾ കൂടി വിൽക്കാൻ അനുവദിക്കും. സ്വകാര്യ വിപണനശാലകൾക്ക് ഔദ്യോഗിക റേറ്റിംഗ് ഏർപ്പെടുത്തും. ജനസംഖ്യാനുപാതികമായി ജനകീയ ഹോട്ടലുകൾ ആരംഭിക്കും.

**സഹകരണ മേഖലയുടെ സംരക്ഷണം:**

കേരളത്തിലെ സഹകരണ പ്രസ്ഥാനങ്ങളെ തകർക്കുന്ന കേന്ദ്ര നയങ്ങളെ ശക്തമായി ചെറുക്കും. കേരള ബാങ്ക് വിപുലീകരിച്ച് എൻ.ആർ.ഐ.ഡെപ്പോസിറ്റ് സ്വീകരിക്കുന്ന ബാങ്ക് ആക്കും. ഡെപ്പോസിറ്റ് അടിത്തറ ഇരട്ടിയായി ഉയർത്തും. കേരളത്തിന്റെ വികസനത്തിന് കൃഷിക്കാർക്കും സംരംഭകർക്കും വ്യാപാരികൾക്കുമെല്ലാം ഉദാര വായ്പ ലഭ്യമാക്കുന്ന കേരളത്തിന്റെ ബാങ്കാക്കും. അപ്പെക്സ് ബാങ്കിനോടു ബന്ധപ്പെടുത്തി മികച്ച ആധുനിക ബാങ്കിംഗ് സേവനങ്ങൾ പ്രാഥമിക സഹകരണ ബാങ്കുകളിലും ലഭ്യമാക്കും.


**സദ്ഭരണവും അഴിമതി നിർമ്മാർജനവും:**

ഇ-ഗവേണൻസ്, ഇ-ടെൻഡറിംഗ്, സോഷ്യൽ ഓഡിറ്റ്, കർശനമായ വിജിലൻസ് സംവിധാനം എന്നിവയെല്ലാം ഉപയോഗപ്പെടുത്തി അഴിമതി നിർമ്മാർജ്ജനം ചെയ്യും. സോഷ്യൽ പോലീസിംഗ് സംവിധാനം ശക്തിപ്പെടുത്തും. ജനമൈത്രി പൊലീസ് പുനഃസംവിധാനം ചെയ്ത് കൂടുതൽ ശക്തമാക്കും. ക്രമസമാധാനം മെച്ചപ്പെടുത്തും. ഏതു പരാതിയിലും 30 ദിവസത്തിനകം തീരുമാനം ഉറപ്പുവരുത്തും. എല്ലാ ബ്ലോക്കുകളിലും ഒറ്റ കേന്ദ്രത്തിൽ എല്ലാ സേവനങ്ങളും ലഭ്യമാക്കും. ഭരണപരിഷ്കാര കമ്മീഷൻ റിപ്പോർട്ട് പരിശോധിച്ച് ആവശ്യമായവ നടപ്പിലാക്കും. മദ്യവർജ്ജനനത്തിനുള്ള പരിശ്രമങ്ങൾ ശക്തിപ്പെടുത്തും. ദേവസ്വങ്ങളുടെ സുഗമമായ പ്രവർത്തങ്ങൾക്കുള്ള ഫണ്ട് ഉറപ്പുവരുത്തും. സർക്കാർ സേവനങ്ങൾ ജനങ്ങളിലേക്ക് സുഗമമായി എത്തിക്കും. അതിനാവശ്യമായ ഭേദഗതി സേവനാവകാശ നിയമങ്ങളിലും ചട്ടങ്ങളിലും വരുത്തും.



900 വാഗ്ദാനങ്ങൾ അടങ്ങിയ പ്രകടനപത്രികയിലെ പ്രധാനപ്പെട്ട ഇനങ്ങൾ മാത്രമേ ഇവിടെ വിവരിച്ചിട്ടുള്ളു. ഈ വാഗ്ദാനങ്ങൾ നടപ്പാകുന്നതോടെ - അവ നടപ്പാകുമെന്ന കാര്യത്തിൽ സംശയമാർക്കുമില്ല - ആഗോള പ്രശസ്തി നേടിയ കേരള മോഡൽ പുതിയ തലങ്ങളിലേക്ക് ഉയരും. നവലിബറൽ-ജനവിരുദ്ധ സാമ്പത്തിക നയങ്ങൾ ആക്രമണോത്സുകമായി നടപ്പിലാക്കുന്ന കാലമാണിതെങ്കിലും സ്വകാര്യവത്കരണ, ഉദാരവത്കരണ നയങ്ങൾക്ക് ബദലായിരിക്കും ആ പുതിയ കേരള മാതൃക. ആ മാതൃക സാമൂഹ്യക്ഷേമത്തിനോടൊപ്പം സാമ്പത്തിക വളർച്ചയും ഉറപ്പുനൽകുന്ന ഒരു നവകേരളം സൃഷ്ടിക്കും. വർഗീയതയുടെ വിഷപ്പുക പരത്താൻ ഛിദ്രശക്തികൾ ശ്രമിക്കുമ്പോഴും മതനിരപേക്ഷ പാരമ്പര്യവും സാമൂഹ്യ മൈത്രിയും സംരക്ഷിച്ചു കൊണ്ട് സ്വസ്ഥതയും സമാധാനവും പുലരുന്ന നാടായി കേരളത്തെ മാറ്റുവാനും ആ മാതൃക കരുത്തേകും.





പ്രൊഫ. ടി.കെ. രാമകൃഷ്ണൻ

# തൊഴിൽ പ്രശ്നങ്ങളിലെ മാധ്യമ സമീപനം

**ലോ**കത്തെമ്പാടുമുള്ള അധ്വാനിക്കുന്നവരുടെയും തൊഴിലെടുക്കുന്നവരുടെയും അവിസ്മരണീയ ദിനമാണ് മേയ് ഒന്ന്. അവകാശങ്ങൾ നേടിയെടുക്കാൻ ചിക്കാഗോവിലെ തെരുവ്വീഥികളിൽ തൊഴിലാളികൾ നടത്തിയ ഐതിഹാസിക പോരാട്ടത്തിന്റെയും അതിൽ ചിലർ ബലിപുഷ്പമായ് തീരുകയും ചെയ്ത ദിവസത്തിന്റെ ഓർമ്മ കൂടിയാണ് മേയ് ദിനം. തൊഴിൽ സമയം നിജപ്പെടുത്തുക എന്നതായിരുന്നു തൊഴിലാളികളുടെ പ്രധാന ആവശ്യം. ദിവസം 12-16 മണിക്കൂർ ജോലി ചേയ്യേണ്ട അവസ്ഥയായിരുന്നു ലോകത്തിന്റെ പല ഭാഗങ്ങളിലും, പ്രത്യേകിച്ചും ഫാക്ടറികളിൽ. തൊഴിലാളികൾ പലതരത്തിലുള്ള ചൂഷണങ്ങൾക്കും ഇരയായ ഒരു കാലഘട്ടമായിരുന്നു അത്. ആ ഒരു സാഹചര്യത്തിലാണ് എട്ട് മണിക്കൂർ ജോലി എട്ടുമണിക്കൂർ വിശ്രമം എട്ടു മണിക്കൂർ വിനോദം എന്ന മുദ്രാവക്യമുയർന്നത്. സംഘടനാ സ്വാതന്ത്ര്യമോ തൊഴിൽ സുരക്ഷിതത്വമോ അന്നുണ്ടായിരുന്നില്ല. ഈ അനീതികൾ അവസാനിപ്പിക്കാൻ വേണ്ടിയാണ് തൊഴിലാളികൾ പോരാട്ടം തുടങ്ങിയത്.

1886 മെയ് ഒന്നുമുതൽ നാലുവരെ അമേരിക്കൻ ഐക്യനാടുകളിൽ പൊതുവേയും, ചിക്കാഗോവിൽ പ്രധാനമായും അരങ്ങേറിയ തൊഴിലാളി പ്രക്ഷോഭങ്ങളും മെയ് നാലിന് ചിക്കാഗോവിലെ ഹെമാർക്കറ്റ് സ്ക്വയറിൽ വെടിവെപ്പിൽ കലാശിച്ച സംഭവങ്ങളും അനന്തര നടപടികളുമാണ് മെയ് ദിനാചരണത്തിന് കാരണമായത്. 1890 മുതലാണ് മെയ് 1 സാർവ്വദേശീയ തൊഴിലാളി ദിനമായി ആചരിച്ചു തുടങ്ങിയത്. ഫ്രഞ്ച് വിപ്ലവ ശതാബ്ദി വേളയിൽ അതായത് 1889 ജൂലൈ 14 ന് പാരീസിൽ ചേർന്ന രണ്ടാം ഇൻറർനാഷണൽ ആണ് ചരിത്രപ്രാധാന്യമുള്ള ഈ തീരുമാനം എടുത്തത്. 80 ഓളം രാജ്യങ്ങളിൽ മെയ് ഒന്ന് പൊതു അവധിയായി കണക്കാക്കിയിട്ടുണ്ട് .ഇന്ത്യയിൽ ത്രിപുര ഒഴികെ മറ്റെല്ലാ സംസ്ഥാനങ്ങളിലും മെയ് ഒന്ന് പൊതു അവധിയാണ്. 1978 ൽ അധികാരത്തിൽ വന്ന നൃപൻ ചക്രവർത്തിയുടെ നേതൃത്വത്തിലുള്ള ഇടതുപക്ഷ സർക്കാർ മെയ് ഒന്ന് പൊതു അവധിയായി പ്രഖ്യാപിച്ചിരുന്നു. എന്നാൽ 2018 ൽ ത്രിപുരയിൽ അധികാരത്തിൽ വന്ന ബിപ്ലവ് കുമാർ ദേവിന്റെ നേതൃത്വത്തിലുള്ള ബിജെപി സർക്കാർ മെയ് ഒന്ന് നിയന്ത്രിത അവധിയായി ചുരുക്കുകയാണുണ്ടായത്.

ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ വിവിധ കാലഘട്ടത്തിൽ തൊഴിലാളികൾ നടത്തിയ ഉജ്ജ്വലമായ പോരാട്ടത്തിന്റെ ഫലമായിട്ടാണ് ഇന്ന് തൊഴിലാളികളും മറ്റു ജനവിഭാഗങ്ങളും അനുഭവിക്കുന്ന അവകാശങ്ങൾ അംഗീകരിക്കപ്പെട്ടത്. ഈ അവകാശങ്ങൾ സംരക്ഷിക്കാനായി ധാരാളം നിയമങ്ങളും സൃഷ്ടിക്കു കയുണ്ടായി.എന്നാൽ ആഗോളവത്കരണ കാലഘട്ടം ആരംഭിച്ചതോടെ തൊഴിലാളികളുടെ പല അവകാശങ്ങളും കവർന്നെടുക്കുകയും മുതലാളിമാർക്കും കോർപ്പറേറ്റുകൾക്കും അനുകൂലമായ നിയമങ്ങൾ സൃഷ്ടിക്ക പ്പെടുകയും ചെയ്തു . നരേന്ദ്ര മോദി നയിക്കുന്ന ഇപ്പോഴത്തെ ബി.ജെ.പി സർക്കാർ ഇത്തരം കാര്യങ്ങൾക്ക് ആക്കം കൂട്ടുകയും ചെയ്തു. മോദി സർക്കാർ തൊഴിലാളി വിരുദ്ധമായ നിയമങ്ങളാണ് സൃഷ്ടിച്ചുകൊണ്ടിരിക്കുന്നത്.

തൊഴിലാളി ദിനം പോലെ തന്നെ വളരെ പ്രധാനപ്പെട്ട ഒരു ദിനമാണ് മാധ്യമ സ്വാതന്ത്ര്യ ദിനം. തൊഴിലാളി ദിനം മെയ് ഒന്നിനാണെങ്കിൽ മെയ് മൂന്നാം തീയതിയാണ് ലേക മാധ്യമ സ്വാതന്ത്ര്യ ദിനമായി ആചരിക്കുന്നത്. ആഗോളതലത്തിൽ തന്നെ വളരെ പ്രാധാന്യത്തോടെ കൂടിയാണ് ഈ ദിനവും ആചരിക്കുന്നത്. നമ്മുടെ രാജ്യത്തും അത് ആചരിച്ചു പോരുകയാണ്. പക്ഷെ വലിയ പ്രാധാന്യമൊന്നും കൊടുക്കുന്നതായി നമുക്ക് തോന്നിയിട്ടില്ല. 1993 മുതലാണ് ഈ ദിനം ആചരിക്കാൻ തുടങ്ങിയത്. "വിവരം ഒരു പൊതു ചരക്ക്" (Information as a common good) എന്നതാണ് 2021 ലെ ദിനാചരണത്തിലെ മുഖ്യ പ്രമേയം.

ആധുനിക കാലത്ത് ധാരാളം പ്രശ്നങ്ങൾ തൊഴിൽമേഖലയിൽ കടന്നു വന്നിട്ടുണ്ട്.പലർക്കും ഉള്ള തൊഴിൽ തന്നെ നഷ്ടപ്പെടുന്നു. അതുപോലെതന്നെ പിരിച്ചുവിടലും വർദ്ധിച്ചിട്ടുണ്ട്. പ്രത്യേകിച്ചും ഐ.ടി മേഖലകളിൽ. ബാങ്കിംഗ്, ഇൻഷൂറൻസ് മേഖലയിലും ധാരാളം പ്രശ്നങ്ങളും മാനസിക സംഘർഷങ്ങളും തൊഴിലാളികൾ നേരിടുന്നുണ്ട്. ബാങ്കിംഗ് മേഖലയിലെ തൊഴിൽ ഭാരം വർദ്ധിച്ചതിന്റെ മാനസിക സംഘർഷത്തിൽ ഒരു ബാങ്ക് ജീവനക്കാരി കേരളത്തിൽ ആത്മഹത്യ ചെയ്തത് നാം കണ്ടതാണ്. പൊതു മേഖലയിലുള്ള പരിമിതമായ തൊഴിലവസരങ്ങൾ പോലും ഇല്ലാതാവുകയാണ്. ഈ ഒരു പശ്ചാത്തലത്തിലാണ് തൊഴിൽ പ്രശ്നങ്ങളോടുള്ള മാധ്യമങ്ങളുടെ സമീപനം നാം വിശകലനം ചെയ്യുന്നത്. ഇതിൽ മാധ്യമ തൊഴിലാളികളുടെ പ്രശ്നങ്ങളും ചർച്ച ചെയ്യപ്പെടേണ്ടതുണ്ട്. മാധ്യമ പ്രവർത്തകരായാലും മാധ്യമ സ്ഥാപനങ്ങൾ ആയാലും തൊഴിലാളികളുടെ പ്രശ്നങ്ങളെ വളരെ ലാഘവത്തോടെയാണ് വീക്ഷിക്കുന്നത്.

ഇവിടെ തൊഴിലാളികൾ എന്ന് പറയുമ്പോൾ പല മേഖലകളിൽ ജോലി ചെയ്യുന്നവരുണ്ട്. അദ്ധ്വാനിച്ചു ജീവിക്കുന്ന ജനവിഭാഗങ്ങളെല്ലാം തൊഴിലാളികളാണ്. ഇതിൽ സംഘടിത വിഭാഗവും അസംഘടിത വിഭാഗവുമുണ്ട്, ഫാക്ടറി തൊഴിലാളികളും കർഷക തൊഴിലാളികളുമുണ്ട്. കായികാധ്വാനം ചെയ്യുന്നവരും ബൗദ്ധിക ജോലിയിലേർപ്പട്ടവരുമുണ്ട്. മാധ്യമ പ്രവർത്തകരെ എടുത്താൽ അവരും തൊഴിലാളികളാണ്. പക്ഷെ ചില പ്രത്യക പരിഗണനകളൊക്കെ അനുഭവിക്കുന്നവരാണവർ. ടെലിവിഷൻ മേഖലയിലെ ന്യൂസ് റീഡിങ്ങ് ന്യൂസ് റിപ്പോർട്ടിങ്ങ് മേഖലയിൽ പ്രവർത്തിക്കുന്നവർക്ക് ഒരു താരപരിവേഷവും

ലഭിക്കുന്നുണ്ട്. അതുകൊണ്ട് തന്നെ പലപ്പോഴും സാധാരണ തൊഴിലാളികളെ പോലെയുള്ള തൊഴിൽ പ്രക്ഷോഭങ്ങളിൽ അല്ലെങ്കിൽ മറ്റു തരത്തിലുള്ള സമരങ്ങളിൽ ഇടപെടാൻ അവർ തയ്യാറാവുന്നില്ല.

തൊഴിലാളികളെ ബാധിക്കുന്ന പ്രശ്നങ്ങൾ എല്ലാ വിഭാഗങ്ങളെയും ബാധിക്കുന്നതാണ്. ഇന്ത്യയിലെ പുതിയ ലേബർ കോഡ് പത്രപ്രവർത്തകരേയും ബാധിക്കുന്ന പ്രശ്നമാണ്. ഇത് പ്രാബല്യത്തിൽ വരുമ്പോൾ വർക്കിങ്ങ് ജേർണലിസ്റ്റ് ആക്ട് ഉൾപ്പെടെയുള്ള 44 തൊഴിൽ നിയമങ്ങൾ ഇന്ത്യയിൽ പ്രാബല്യത്തിലുണ്ടാവില്ല. പത്രപ്രവർത്തകർക്ക് കാലാകാലങ്ങളിലായി സർക്കാർ രൂപീകരിക്കുന്ന വേജ് ബോർഡ് നിർദേശിക്കുന്ന ശമ്പളം നൽകണമെന്ന് പ്രതിപാദിക്കുന്നത് 1955ലെ വർക്കിംഗ് ജേർണലിസ്റ്റ് ആക്ടിലെ സെക്ഷൻ 9-ൽ ആണ്. ഈ ആക്ട് പ്രകാരം പത്രാധിപരെ പിരിച്ചു വിടുന്നതിന് ആറു മാസത്തെ നോട്ടീസും പത്രപ്രവർത്തകരെ പിരിച്ചു വിടുന്നതിന് മൂന്നു മാസത്തെ നോട്ടീസും നൽകണമെന്ന് വ്യവസ്ഥയുണ്ടായിരുന്നു. എന്നാൽ പുതിയ ലേബർ കോഡിൽ ഇത് ഒരു മാസമായി ചുരുക്കി. 6 മണിക്കൂർ ജോലിയാണ് പത്രപ്രവർത്തകർക്ക് വർക്കിംഗ് ജേർണലിസ്റ്റ് ആക്ടിൽ പറയുന്നത്. എന്നാലിന്ന് ഇതിലും കൂടുതൽ മണിക്കൂറുകൾ പത്രപ്രവർത്തകർ ജോലി ചെയ്യുന്നുണ്ട്. എന്നാൽ മാത്രമേ ജോലിയിൽ പിടിച്ചുനിൽക്കാനാവൂ എന്നതാണ് അവസ്ഥ. ഇതിന്റെയൊന്നും ഗൗരവം മാധ്യമ തൊഴിലാളികൾക്കിടയിൽ കാണുന്നില്ല.

ഇന്ത്യയിൽ പല കാലഘട്ടങ്ങളിലായി തൊഴിലാളികളുടെ അവകാശങ്ങൾ സംരക്ഷിക്കുന്നതിനു വേണ്ടി രൂപീകൃതമായിട്ടുള്ളതായിരുന്നു തൊഴിൽ നിയമങ്ങൾ. തൊഴിൽ സുരക്ഷിതത്വത്തിനും മെച്ചപ്പെട്ട വേതന, സേവന വ്യവസ്ഥകൾ പാലിക്കണമെന്നല്ലാം ആ നിയമങ്ങളിലുണ്ടായിരുന്നു. അവയിലെ തൊഴിലാളികൾക്ക് ഗുണകരമായിരുന്ന പല കാര്യങ്ങളും ഒഴിവാക്കി നിലവിലുണ്ടായിരുന്ന 44 നിയമങ്ങൾ ക്രോഡീകരിച്ചാണ് പുതിയ ലേബർ കോഡിന് രൂപം നൽകിയിരിക്കുന്നത്. 4 ലേബർ കോഡുകളാണ് മോദിസർക്കാർ കൊണ്ടുവന്നിരിക്കുന്നത്.


1 വ്യവസായ ബന്ധ കോഡ് (Industrial Relations code)

2 സാമൂഹ്യസുരക്ഷാ കോഡ് (social security code)

3 തൊഴിൽ സുരക്ഷയും ആരോഗ്യവും തൊഴിൽ വ്യവസ്ഥകള സംബന്ധിച്ച കോഡ് (occupational safety health and working conditions code)

4 തൊഴിൽ വേതന കോഡ് (wage code) എന്നിവയാണിവ.

മേയ്ദിന പ്രക്ഷോഭത്തിന്റെ ഭാഗമായി തൊഴിലാളികൾക്ക് ലഭിച്ച എട്ടുമണിക്കൂർ ജോലി സമയം എന്ന അവകാശം ഈ നിയമം അട്ടിമറിക്കുകയാണ്. ഇപ്പോൾ ജോലി സമയം 12 മണിക്കൂർ വരെയായി ഉയർത്താൻ നിയമം വ്യവസ്ഥ ചെയ്തിരിക്കുന്നു. എട്ടുമണിക്കൂർ ജോലി എന്ന് ഇന്ന് ലോകം അംഗീകരിച്ച നയം കാറ്റിൽ പറത്തിയാണ് ലേബർ കോഡിലെ പുതിയ വ്യവസ്ഥകൾ. പുതിയ നിയമം തൊഴിൽ സമരങ്ങൾക്ക് കർശന നിയന്ത്രണമാണ് ഏർപ്പെടുത്തിയിരിക്കുന്നത്. വ്യവസായ സ്ഥാപനത്തിൽ ജോലി ചെയ്യുന്ന തൊഴിലാളിക്ക് 60 ദിവസം മുമ്പ് നോട്ടീസ് നൽകാതെ സമരം ചെയ്യാൻ സാധിക്കില്ല എന്നതാണ് പുതിയ നിബന്ധന. ലേബർ കോഡ് നിലവിൽവരുന്നതോടെ സംഘടി




ക്കാനും കൂട്ടായ വിലപേശാനുമുള്ള അവകാശങ്ങൾ തൊഴിലാളിക്ക് നഷ്ടപ്പെടുന്നു. മുമ്പൊക്കെ തൊഴിൽ നിയമങ്ങൾ സൃഷ്ടിച്ചിരുന്നത് തൊഴിലാളികളുടെ താൽപര്യങ്ങൾ സംരക്ഷിക്കാൻ ആയിരുന്നെങ്കിൽ ഇന്ന് കോർപ്പറേറ്റുകളുടെയും മുതലാളിമാരുടേയും താൽപര്യങ്ങളാണ് സംരക്ഷിക്കപ്പെടുന്നത്.

ഈ നിയമം പ്രാബല്യത്തിൽ വരുന്നതോടെ തൊഴിലാളികളുടെ പല അവകാശങ്ങളും ഇല്ലാതാവുകയാണ്. അവർക്ക് സമരം ചെയ്യാനുള്ള അവസരം കുറയും. കരാർ തൊഴിലാളികൾ കൂടുതലായി നിയമിക്കപ്പെടും. പിരിച്ചു വിടലുകൾ വർദ്ധിക്കും. ജോലി സ്ഥിരത നഷ്ടപ്പെടും. ഇങ്ങനെ പലതും വരും. മാധ്യമപ്രവർത്തകരെയും ഇത് സാരമായി ബാധിക്കും.

തൊഴിലാളികളുടെ സാമൂഹ്യ സുരക്ഷ ഉറപ്പുവരുത്താനാണ് 2019-ൽ ലേബർ കോഡ് കൊണ്ടുവന്നതെന്നാണ് കേന്ദ്ര സർക്കാരിന്റെ പക്ഷം. എന്നാൽ അതല്ല സത്യം. പല അവകാശങ്ങളും തൊഴിൽ സുരക്ഷ നഷ്ടപ്പെടുന്നതായാണ് നാം കാണുന്നത്. ആഗോളവത്കരണ നയത്തെ പ്രോത്സാഹിപ്പിക്കുന്ന ഈ നിയമത്തിനെതിരെ കർഷകരും തൊഴിലാളി യൂണിയനുകളും 2020 നവംബർ 26 ന് രാജ്യവ്യാപകമായി നടത്തിയ പണിമുടക്ക് ചരിത്ര സംഭവമായി. ഏതാണ്ട് 25 കോടിയിലേറെ തൊഴിലാളികൾ രാജ്യത്ത് പണിമുടക്കിൽ പങ്കെടുത്തു.

മാധ്യമ മേഖല ആകെ കോർപ്പറേറ്റ്വൽക്കരിക്കപ്പെട്ടിരിക്കയാണ്. കോർപ്പറേറ്റ് മുതലാളിത്തത്തിൻ കീഴിൽ ലാഭം ഉണ്ടാക്കാനുള്ള ഒരു വ്യവസായമായി ആയി അത് വളർന്നു വന്നിരിക്കുകയാണ്. മാധ്യമപ്രവർത്തകരിൽ തൊഴിലാളി സംസ്കാരം തന്നെ നഷ്ടപ്പെട്ടുകൊണ്ടിരിക്കുകയാണ്. കൂട്ടായ വിലപേശലിനോ സംഘടിത സമരങ്ങൾക്കോ മാധ്യമപ്രവർത്തകർ തയ്യാറാവുന്നില്ല. പലരും അവരുടെ വ്യക്തിഗത നേട്ടങ്ങൾക്ക് വേണ്ടി ഉടമകളുമായി വിട്ടു വീഴ്ച ചെയ്ത് കഴിയുന്നു. മറ്റൊരു വിഭാഗത്തിന് ശമ്പളം പോയിട്ട് കഴിഞ്ഞുകൂടാനുള്ള കാശ് പോലും കിട്ടുന്നില്ല. അത്തരക്കാർക്ക് മാധ്യമ ധാർമ്മികതയെക്കുറിച്ച് എങ്ങിനെ ചിന്തിക്കാനാവും. പല സ്ഥാപനങ്ങളും സാങ്കേതികവിദ്യ മെച്ചപ്പെടുത്താൻ കോടികൾ ചെലവഴിക്കും. പക്ഷെ മനുഷ്യവിഭവത്തിന് അവിടെ യാതൊരു വിലയുമില്ല.

കേരളത്തിൽ തിരുവനന്തപുരത്ത് ഒഴികെ മറ്റെല്ലാ ജില്ലകളിലും പ്രസ് ക്ലബ്ബുകൾ യൂണിയൻ ജില്ലാ കമ്മിറ്റി ഓഫീസുകളാണ്. എന്നാൽ യൂണിയനുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ തുലോം കുറവാണ് പ്രസ്ക്ലബ്ബുകളിൽ നടക്കുന്നത്. കേരള വർക്കിങ്ങ് ജേർണലിസ്റ്റ് യൂണിയൻ (KUWJ) ആണ് കേരളത്തിലെ മാധ്യമ പ്രവർത്തകരുടെ പ്രമുഖ യൂണിയൻ. മാധ്യമ പ്രവർത്തകരുടെയും മാധ്യമ ജീവനക്കാരുടെയും പ്രക്ഷോഭങ്ങളോ സമരങ്ങളോ ഉണ്ടായാൽ അവർക്കൊപ്പം നിൽക്കാൻ എ.ഐ.ടി.യു.സി ഉൾപ്പെടെയുള്ള തൊഴിലാളി യൂണിയനുകൾ എന്നും തയ്യാറായിട്ടുണ്ട്. എന്നാൽ തിരിച്ച് അത്തരത്തിലുള്ള തൊഴിലാളി ബോധം പലപ്പോഴും കാണാറില്ല.

ജനാധിപത്യത്തിലാണ് മാധ്യമ സ്വാതന്ത്ര്യം ഏറെ അനുഭവിക്കാൻ കഴിയുക. അതുപോലെ തന്നെ ജനാധിപത്യത്തെ സംരക്ഷിക്കുന്നതും അതിന്റെ കാവൽക്കാരായി നിൽക്കുന്നതും മാധ്യമങ്ങളാണ്. ജീവൻ നിലനിർത്താൻ ഓക്സിജന്റെ പ്രാധാന്യം എന്താണോ അതാണ് ജനാധിപത്യം നിലനിർത്താൻ

മാധ്യമങ്ങളുടെ പ്രാധാന്യം. ഇന്ത്യയിൽ മോദി സർക്കാരിന്റെ കീഴിൽ ജീവൻ നിലനിർത്താനുള്ള ഓക്സിജനും കിട്ടാനില്ല അതുപോലെ മാധ്യമ സ്വാതന്ത്ര്യവും അപകടത്തിലായിക്കൊണ്ടിരിക്കുകയാണ്. മാധ്യമ സ്വാതന്ത്ര്യത്തിന്റെ കാര്യത്തിൽ ഇന്ത്യ 142-ാമത്തെ സ്ഥാനത്താണെന്ന് "റിപ്പോർട്ടേഴ്സ് വിതൗട്ട് ബോർഡേഴ്സ്" (Reporters Without Boarders) എന്ന സംഘടന കണ്ടെത്തുകയുണ്ടായി. 180 രാജ്യങ്ങളിൽ നടത്തിയ പഠനത്തിലാണ് ഇത് വ്യക്തമായത്. മോദി സർക്കാരിനെ വിമർശിക്കുന്ന എല്ലാ പോസ്റ്റുകളും സാമൂഹ്യ മാധ്യമങ്ങളിൽ നിന്ന് നീക്കം ചെയ്യണമെന്ന് സർക്കാർ ഫേസ്ബുക്കിനോടും ടിറ്ററിനോടും ആവശ്യപ്പെട്ടിരിക്കുകയാണ്. കോവിഡിനെ കൈകാര്യം ചെയ്യുന്നതിൽ മോദി സർക്കാർ പരാജയപ്പെട്ടപ്പോൾ ധാരാളം വിമർശനങ്ങൾ സമൂഹ മാധ്യമങ്ങളിൽ വന്ന പശ്ചാത്തലത്തിലാണിത്. പ്രശസ്ത മലയാള കവി സച്ചിദാനന്ദന്റെ ഫെയ്സ്ബുക്ക് അക്കൗണ്ട് പോലും മരവിപ്പിക്കുകയുണ്ടായി. വിമർശിക്കുന്ന മാധ്യമപ്രവർത്തകരെ ആൻറി നാഷണലിസ്റ്റ്, സ്റ്റേറ്റ് ടെററിസ്റ്റ് എന്ന രീതിയിലെല്ലാമാണ് കേന്ദ്ര സർക്കാർ കണക്കാക്കുന്നത്. മാധ്യമപ്രവർത്തകർക്ക് പ്രവർത്തിക്കാൻ ഏറ്റവും അപകടം പിടിച്ച സ്ഥലമാണ് ഇന്ത്യ എന്നാണ് റിപ്പോർട്ടേഴ്സ് വിതൗട്ട് ബോർഡേഴ്സ് വ്യക്തമാക്കിയിട്ടുള്ളത്. മോദി സർക്കാർ കൊണ്ടുവന്നിട്ടുള്ള Information Tecnology Act ലും അഭിപ്രായ സ്വാതന്ത്ര്യത്തെ പരിമിതപ്പെടുന്ന ധാരാളം വകുപ്പുകളുണ്ട്.

പുതിയ തൊഴിൽ സംസ്കാരം മാധ്യമപ്രവർത്തകരെ ട്രേഡ് യൂണിയനിൽ നിന്ന് അകറ്റുകയാണ് ചെയ്യുന്നത്. മാധ്യമപ്രവർത്തകരുടെ കൂട്ടായ വിലപേശൽ ശേഷി നഷ്ടപ്പെട്ടിരിക്കുകയാണ്. അതുകൊണ്ടു തന്നെ അവർക്ക് അർഹമായ പല ആനുകൂല്യങ്ങളും ഇന്ന് ലഭിക്കുന്നില്ല. ജോലി സ്ഥിരത പലർക്കുമില്ല. താൽക്കാലിക ജീവനക്കാരാണ് പല സ്ഥാപനത്തിലും ഉള്ളത്. അവർക്ക് തന്നെ വേജ് ബോർഡ് പ്രകാരമുള്ള വേതനം നൽകുന്നില്ല. അതുകൊണ്ടുതന്നെ ഞങ്ങൾക്ക് കിട്ടാത്തത് മറ്റുള്ളവർക്കും വേണ്ട എന്നുള്ള നിലപാടാണ് മാധ്യമപ്രവർത്തകർക്കുള്ളത്. ഇതുതന്നെയാണ് പ്രധാന സമരങ്ങളും പ്രക്ഷോഭങ്ങളും കാണുമ്പോൾ മാധ്യമപ്രവർത്തകർ മുഖം തിരിഞ്ഞു നിൽക്കുന്നത്.

കേരളത്തിലെ മാധ്യമ പ്രവർത്തകർക്ക് ദേശീയ, അന്തർദേശീയ തലത്തിലുള്ള ജേണലിസ്റ്റ് യൂണിയനുകളുമായി ബന്ധമില്ല. ദേശീയതലത്തിൽ ഇന്ത്യൻ ഫെഡറേഷൻ ഓഫ് വർക്കിംഗ് ജേണലിസ്റ്റ് എന്ന സംഘടനയും അന്തർദേശീയതലത്തിൽ ഇൻറർനാഷണൽ ഫെഡറേഷൻ ഓഫ് ജേണലിസ്റ്റ് എന്ന സംഘടനയും പ്രവർത്തിക്കുന്നുണ്ട്. 1955ലെ വർക്കിങ് ജേണലിസ്റ്റ് ആക്ട് പ്രകാരമാണ് പത്രപ്രവർത്തകർക്ക് വേജ് ബോർഡ് രൂപവത്കരിക്കണമെന്ന് ആവശ്യപ്പെട്ടിട്ടുള്ളത്. ഇത് പ്രകാരം 6 വേജ് ബോർഡുകൾ നമ്മുടെ രാജ്യത്ത് നിലവിൽ വരികയുണ്ടായി. ഇലക്ട്രോണിക്ക് മാധ്യമപ്രവർത്തകർ ഈ ആക്ടിന് കീഴിൽ വന്നിരുന്നില്ല. പലരും Shops and Commercial Establishment Act ന് കീഴിലാണ് ഉണ്ടായിരുന്നത്. 2007-ൽ നിലവിൽ വന്ന മജീദിയ വേജ് ബോർഡ് ആണ് അവസാനത്തെ വേജ്ബോർഡ്. അതിന് ശേഷം വേജ്ബോർഡ് രൂപവത്കരിക്കപ്പെട്ടിട്ടില്ല. ഇനി വരുമെന്ന പ്രതീക്ഷയും വേണ്ട. ഈ സംവിധാനത്തെ തകർക്കാനാണ് പത്രം ഉടമകൾ എക്കാലവും ശ്രമിച്ചിട്ടുള്ളത്. പത്രപ്രവർത്തക മേഖല തന്നെ മത്സരത്തിനിരയാണ്. റിസൾട്ട് കാണിക്കണം. പിടിച്ചുനിൽക്കണമെങ്കിൽ സമയം നോക്കാതെ ജോലി ചെയ്യണം. ഇതിനിടയിൽ അവകാശങ്ങൾ മറക്കുന്നു. പോരാട്ടങ്ങൾക്ക് സമയമില്ല.

ഇന്ന് സാങ്കേതിക വിദ്യയിൽ ഏറെ മുന്നോട്ട് പോയെങ്കിലും സത്യം പുറകോട്ട് പോയി. അച്ചടി പുരണ്ട അക്ഷരങ്ങളോ സ്വയം സംസാരിക്കുന്ന ചിത്രങ്ങളോ വീഡിയോകളോ പലതും സത്യമാണെന്ന് പറയാനില്ല. സത്യാനന്തര സമൂഹത്തിലാണ് നാം ഇന്ന് ജീവിക്കുന്നത്. 1778-ൽ ഇന്ത്യയിൽ നിലവിൽ വന്ന ആദ്യത്തെ പത്രമായ ഹിക്കീസ് ഗസറ്റിന്റെ എഡിറ്റർ ആ പത്രത്തിന്റെ നയം പറയുകയുണ്ടായി. അതിൽ പറയുന്നത് എല്ലാവരുടെയും അഭിപ്രായങ്ങൾ നൽകാം പക്ഷേ ആരാലും സ്വാധീനിക്കപ്പെടരുത് (Opinion to all parties but influenced by none) എന്നാണ്. എന്നാൽ ഇന്ന് പലരാലും സ്വാധീനിക്കപ്പെട്ട മാധ്യമങ്ങളാണ് നമ്മുടെ നാട്ടിൽ ഉള്ളത്. അവർക്ക് നിഷ്പക്ഷമായ വാർത്തകൾ നൽകാൻ കഴിയുന്നില്ല. മുതലാളിത്തത്തെ സഹായിക്കുന്ന രൂപത്തിലുള്ള മാധ്യമ പ്രവർത്തനം ആണ് നടക്കുന്നത് എന്നതുകൊണ്ട് തൊഴിലാളികളുടെ പ്രശ്നങ്ങൾ കാണാനോ പൊതുജനങ്ങളുടെയും സർക്കാറിനെയും ശ്രദ്ധയിൽ അവ കൊണ്ടുവരാനോ മാധ്യമങ്ങൾ വേണ്ടത്ര ശുഷ്കാന്തി കാണിക്കുന്നില്ല. അവർ പരസ്യ ദാതാക്കളുടെയും മറ്റു മുതലാളിമാരുടെയും സ്വാധീനത്തിൽ പെട്ടിരിക്കുകയാണ്.

തോമസ് ഗ്രിഫിത്ത് എന്ന ചിന്തകൻ പറയുകയുണ്ടായി ന്യൂസ് പേപ്പർ ബിസിനസിന്റെ പ്രശ്നം എന്താണെന്ന് വെച്ചാൽ അത് കൂടുതൽ കൂടുതൽ ബിസിനസ് ആയി മാറുന്നു എന്നതാണെന്ന്. മാധ്യമങ്ങൾ സർക്കാരിനെയും മറ്റു ബിസിനസ് താല്പര്യങ്ങളുടെയും നിയന്ത്രണങ്ങളിൽനിന്ന് എപ്പോഴും മോചിക്കപ്പെട്ടതായിരിക്കണം എന്നാണ് ജവഹർലാൽനെഹ്റു പറഞ്ഞിട്ടുള്ളത്. എന്നാൽ ഇന്ന് ഓരോ സ്ഥാപനവും ഓരോ വ്യവസായമാണ്. കൂടാതെ അവർക്ക് മറ്റ് വ്യവസായങ്ങൾ വേറേയും.

ഇന്ന് സാമൂഹ്യ മാധ്യമങ്ങളുടെ പ്രസക്തി ഏറെ വർധിച്ചിട്ടുണ്ട് .വിവരാവകാശനിയമം നിലവിൽ വന്നതോടെ ആർക്കും വിവരങ്ങൾ ശേഖരിക്കാനും ആ വിവരങ്ങൾ പൊതുജനങ്ങളിലെത്തിക്കാനും സാധിക്കുന്നുണ്ട്. മുഖ്യധാരാ മാധ്യമങ്ങൾ ഉപേക്ഷിക്കുന്ന അല്ലെങ്കിൽ ശ്രദ്ധിക്കാത്ത പല വാർത്തകളും മുഖ്യമായും സാമൂഹ്യ മാധ്യമങ്ങളിലൂടെയാണ് ജനമറിയുന്നത്. പല വാർത്തകളും സമൂഹ മാധ്യമങ്ങളിൽ വന്നതിന് ശേഷമാണ് മുഖ്യധാരാ മാധ്യമങ്ങളിൽ വരുന്നത്. സമൂഹ്യ മാധ്യമങ്ങളിൽ പത്രാധിപരില്ല. അധികം പത്രപ്രവർത്തകരില്ല. പരസ്യക്കാരുടെ സ്വാധീനത്തിന് വിധേയരായവേണ്ടതുമില്ല.

തൊഴിലാളികളെ പോലെ തന്നെ കർഷകരും ഇന്ന് ഏറെ ബുദ്ധിമുട്ട് അനുഭവിക്കുകയാണ് സർക്കാർ കൊണ്ടുവന്ന മൂന്ന് കർഷക നിയമങ്ങൾ കർഷകരുടെ അവകാശങ്ങൾ കവർന്നെടുക്കുന്നവയാണ്. ഇതിനെതിരെ ശക്തമായ സമരം നടന്നിട്ടു പോലും അത് വേണ്ടത്ര മാധ്യമ ശ്രദ്ധയിൽ പെടുകയോ വേണ്ടത്ര പ്രചരണം നടക്കുകയോ ഉണ്ടായില്ല. അരാഷ്ട്രീയ മനോഭാവം മാധ്യമ പ്രവർത്തകർക്കിടയിലും വ്യാപിക്കുന്നുണ്ട്. അത് മാറേണ്ടതാണ്. മാധ്യമ പ്രവർത്തകരുടെ തൊഴിലാളിബോധവും സംഘശക്തി ബോധവും കൂടുതൽ ശക്തി പ്രാപിക്കേണ്ടതുണ്ട്. എന്നാൽ മാത്രമെ അവർക്കും തൊഴിലാളികൾക്കും സമൂഹത്തിനും ഗുണം ലഭിക്കുകയുള്ളൂ.



വി.കെ. സുരേഷ് ബാബു

# വർഗ്ഗ രാഷ്ട്രീയവും വർഗ്ഗീയ രാഷ്ട്രീയവും - ഇൻഡ്യയിൽ

ഇന്നത്തെ ഇൻഡ്യയുടെ സാമൂഹ്യ സാംസ്ക്കാരിക, രാഷ്ട്രീയ സാഹചര്യങ്ങളിൽ വളരെ ഗൗരവതരമായി ചർച്ച ചെയ്യപ്പെടേണ്ട വിഷയമാണ് വർഗ്ഗ രാഷ്ട്രീയവും വർഗ്ഗീയ രാഷ്ട്രീയവും. തൊഴിലാളി വർഗ്ഗം ഒരു വർഗ്ഗമെന്ന നിലയിലുള്ള തിരിച്ചറിവ് നേടുമ്പോൾ മാത്രമേ അവർക്ക് മോചനമുണ്ടാവൂ എന്ന് കാറൽ മാർക്സ് പറഞ്ഞത് ഈയവസരത്തിൽ തികച്ചും പ്രസക്തമാണ്. അതിനാൽ വർഗ്ഗീയ രാഷ്ട്രീയത്തിൽ നിന്നും വർഗ്ഗ രാഷ്ട്രീയത്തിലേക്ക് ഇൻഡ്യയിലെ തൊഴിലാളി വർഗ്ഗത്തെ കൊണ്ട് വരേണ്ട സമയം അതിക്രമിച്ചിരിക്കുന്നു.

ലോകത്ത് ആദ്യമായി തൊഴിലാളികൾ തൊഴിലാരംഭിച്ചത് അടിമകളായിട്ടാണ്. മനുഷ്യൻ മനുഷ്യനായി മാറിയതും, കാട്ടാളത്തിൽ നിന്നും മാനവീകതയിലേക്ക് മാറിയതും അവന്റെ ചിന്തകൾക്ക് പ്രചോദനങ്ങളുണ്ടാകുന്നതും അവൻ അവന് ആവശ്യമുള്ള ഭക്ഷണം ഉണ്ടാക്കി കഴിക്കാൻ ആരംഭിച്ചപ്പോഴാണ്. കാട്ടാളൻ നാട്ടാളനായി മാറിയത് അവൻ തൊഴിലെടുക്കാനും അദ്ധ്വാനിക്കാനും ആരംഭിച്ചപ്പോഴാണ്. സംസ്ക്കാരമെന്ന് ഇന്ന് നമ്മൾ കൊട്ടിഘോഷിക്കുന്നതെല്ലാം മനുഷ്യാദ്ധ്വാനത്തിന്റെ ഭാഗമായിട്ടുണ്ടായതാണ്. ആ അദ്ധ്വാനത്തിന്റെ ലാഘവത്തിന് വേണ്ടിയാണ് അവൻ യന്ത്രങ്ങൾ ഉണ്ടാക്കിയത്. ആ വികാസ പ്രക്രിയയുടെ ഭാഗമായാണ് ആധുനിക സാങ്കേതിക വിദ്യ രൂപം കൊണ്ടത്. ആ സാങ്കേതിക വിദ്യയുടെ ഭാഗമായിട്ടാണ് ഇന്ന് ലോകം മുഴുവൻ കാണുന്ന ഡിജിറ്റൽ യുഗത്തിലേക്ക് നാം കടന്നത്. ഇതിന്റെയെല്ലാം അടിസ്ഥാനം അദ്ധ്വാനമാണ്, തൊഴിലാണ്, തൊഴിലാളിയാണ്.

ബൈബിളിന്റെ പുതിയ നിയമത്തിൽ ഇത് വളരെ കൃത്യമായി പറയുന്നുണ്ട്. പക്ഷി മൃഗാദികൾ വിതക്കുകയും കൊയ്യുകയും ചെയ്യുന്നില്ല എന്ന് പറയുന്നുണ്ട്. "ആകാശത്തിലെ പറവകൾ വിതക്കുന്നില്ല; കൊയ്യുന്നില്ല" എന്ന പ്രസിദ്ധമായ ഗാനത്തിലൂടെ വയലാർ രാമവർമ്മ അത് തന്മയത്തത്തോടെ അവതരിപ്പിച്ചിട്ടുണ്ട്. പക്ഷിമൃഗാദികൾ വിതക്കുകയും കൊയ്യുകയും ചെയ്യുന്നില്ല എന്ന് പറഞ്ഞാൽ അതിന്റെ അർത്ഥം മനുഷ്യൻ മൃഗങ്ങളിൽ നിന്ന് വ്യത്യസ്തനാണെന്നാണ്. മനുഷ്യൻ വ്യത്യസ്തനാകുന്നത് അവൻ അദ്ധ്വാനിക്കാൻ ആരംഭിച്ചപ്പോഴാണ്. അദ്ധ്വാന ത്തിലൂടെയാണ് അവൻ എല്ലാ നേട്ടവുമുണ്ടാക്കിയത്. ദൈവങ്ങളും അമ്പലങ്ങളുമെല്ലാം അവന്റെ ചിന്തയുടേയും അദ്ധ്വാനത്തിന്റേയും സൃഷ്ടിയാണെന്ന് നമുക്കെല്ലാവർക്കും അറിയാം. മതങ്ങൾ ഉണ്ടാകുന്നതിനും മുമ്പ് ആരാധന അവന്റെ ചിന്തയിൽ ഉദിച്ചത് മനുഷ്യനും പ്രകൃതിയും തമ്മിലുള്ള ബന്ധത്തിന്റെ സ്വാധീനത്താലാണ്. മനുഷ്യൻ വളർന്നത് അദ്ധ്വാനത്തിലൂടെയും ചിന്തയിലൂടെയുമാണെന്നർത്ഥം.

അദ്ധ്വാനിക്കുന്നതിനാണ് മനുഷ്യന് ദീർഘങ്ങളായ രണ്ട് കരങ്ങളുള്ളത്. കരങ്ങളിൽ നിന്നാണ് കർമ്മമുണ്ടാകുന്നത്. കർമ്മമെന്ന പദത്തിനും കരമെന്ന പദത്തിനും പരസ്പര ബന്ധമുണ്ട്. നമ്മൾ ഇന്ന് കാണുന്ന പ്രകൃതിദത്തമല്ലാത്ത എന്ത് സൃഷ്ടിയും മനുഷ്യന്റെ അദ്ധ്വാനത്തിന്റെ അവന്റെ വിയർപ്പ് തുള്ളിയുടെ സമ്പത്താണെന്ന് നാം തിരിച്ചറിയണം. ആ അദ്ധ്വാനത്തിന്റെ പിന്നിലെ ശക്തിയായ തൊഴിലാളി വർഗ്ഗമാണ് ലോക സംസ്ക്കാരം പടുത്തു യർത്തിയതെന്ന് ചുരുക്കം.

പക്ഷേ, പിന്നീട് നാടുവാഴിത്ത സമ്പ്രദായം നിലവിൽ വന്നതോടെ അദ്ധ്വാനിക്കുന്ന വിഭാഗത്തെ ചൂഷണം ചെയ്യാൻ കണ്ടെത്തിയ ഏറ്റവും ഫലപ്രദമായ മാർഗ്ഗമായിരുന്നു ദൈവശാസനങ്ങൾ. ആ ദൈവശാസനങ്ങൾ ഫലപ്രദമായി വിനിയോഗിച്ച് തൊഴിലാളികളെ ചൂഷണത്തിലേക്കും അടിമത്തത്തിലേക്കും നയിച്ച രാജ്യമാണ് ഇൻഡ്യ. ലോകത്തെല്ലായിടത്തും നാടുവാഴിത്ത സമ്പ്രദായമുണ്ടായിരുന്നെങ്കിലും നാടുവാഴിത്തവും അന്ധവിശ്വാസങ്ങളും അനാചരങ്ങളും കൂട്ടിച്ചേർത്തുകൊണ്ട് ഒരു സമൂഹത്തെ മുഴുവൻ നിയന്ത്രിക്കുകയും ആ സമൂഹത്തെ മുഴുവൻ നശിപ്പിക്കുകയും ചെയ്ത ഒരേയൊരു രാജ്യം ഇൻഡ്യയാണ്. ഇൻഡ്യയിലെ നാടുവാഴിത്തത്തിന്റെ നിലനിൽപ്പ് തന്നെ ദൈവ വിശ്വാസത്തിലും അന്ധവിശ്വാസത്തിലും ആധാരമാക്കിയായിരുന്നു. ആ അന്ധവിശ്വാസങ്ങളിൽ ഏറ്റവും പ്രധാനപ്പെട്ടതായിരുന്നു ചാതുർവർണ്ണ്യ വ്യവസ്ഥ. മനുഷ്യനെ തൊഴിലിന്റെ അടിസ്ഥാനത്തിൽ കാണുന്നതിന് പകരം അവനെ അവന്റെ ജന്മത്തിന്റെ അടിസ്ഥാനത്തിൽ നിശ്ചയിക്കപ്പെട്ട സംഹിതയാണ് ചാതുർവർണ്ണ്യ വ്യവസ്ഥ. ആ ചാതുർവർണ്ണ്യമാണ് ഇൻഡ്യയിലെ തൊഴിലാളി വർക്ഷത്തെ അടിമകളാക്കുന്നതിന് നാടുവാഴികൾ ഫലപ്രദമായി ഉപയോഗിച്ച "മാഗ്നാ കാർട്ട".

തൊഴിലാളി വർഗ്ഗം ഇൻഡ്യയിൽ അടിമകളായിരുന്നു. പാശ്ചാത്യ രാജ്യങ്ങളിൽ അടിമകളെ വിൽക്കുകയും വാങ്ങുകയും ചെയ്യുന്ന സമ്പ്രദായങ്ങളിൽ നിന്നും വ്യത്യസ്തമായി ഇൻഡ്യയിൽ അവർ ജന്മനാ അടിമത്തം സ്വീകരിക്കാൻ വിധിക്കപ്പെട്ടവരായിരുന്നു. ജാതകം എന്ന വാക്കുണ്ടല്ലോ. ഒരുവൻ ജനിക്കുമ്പോൾ ഉള്ള അവസ്ഥയെ നോക്കി, പിതാവിന്റേയും മാതാവിന്റേയും വംശമേതാണെന്ന് നോക്കി രചിക്കുന്ന ഒന്നാണ് ജാതകം. ഈ ജാതകത്തെ അടിസ്ഥാനമാക്കി നിശ്ചയിക്കുന്ന അടിമത്തത്തെ നാടുവാഴിത്തവുമായി ബന്ധപ്പെടുത്തുന്ന വിധി വിശ്വാസവും ചാതുർവർണ്ണ്യവുമായിരുന്നു ഇൻഡ്യയിൽ നിലനിന്നിരുന്നത്. ആ പശ്ചാത്തലത്തിൽ തമ്പുരാക്കന്മാരുടെ തണ്ട്

ചുമക്കുകയും മഞ്ചൽ ചുമക്കുകയും ചെയ്യേണ്ടി വരുന്നത് വിധികൽപ്പിതമാണ് എന്ന് വിശ്വസിച്ചിരുന്ന ഒരു വലിയ ജനവിഭാഗം ചിരപുരാതന ഭാരതത്തിൽ ഉണ്ടായിരുന്നു.

ആ ജനവിഭാഗത്തിന് സംസ്കൃത ഭാഷ പറയുവാനുള്ള സ്വാതന്ത്ര്യം പോലുമുണ്ടായിരുന്നില്ല. ഭാരതത്തിൽ തൊഴിലാളികളെപ്പറ്റിയും തൊഴിലാളികളുടെ പ്രശ്നങ്ങളെപ്പറ്റിയും ചർച്ച ചെയ്യുന്ന ആദ്യ സാഹിത്യകൃതി ശാകുന്തളം നാടകമാണ്. ആ ശാകുന്തളം നാടകത്തിലെ ഒരു കഥാപാത്രമായ മുക്കുവൻ തന്റെ ഗതികേടിനെപ്പറ്റി കൃത്യമായി പറയുന്നുണ്ട്. അന്നത്തെ ഭാരതത്തിൽ മുക്കുവനായാലും സേവകനായാലും തൊഴിലാളിയായാലും അവർക്കൊന്നും സംസ്കൃതം പറയാൻ അനുവാദമില്ലായിരുന്നു. അവർ സംസ്കൃതത്തിന്റെ പ്രാഗ്രൂപമായ പ്രാകൃത ഭാഷയിൽ വേണം സംസാരിക്കാൻ. അത്തരത്തിൽ കൂലികൾ എന്ന് വിളിക്കപ്പെടുന്ന വിഭാഗത്തെ മനുഷ്യരായി പരിഗണിച്ചിരുന്നില്ല. അവരെ ഹിന്ദുവെന്ന നിർവ്വചനത്തിൽ ഉൾപ്പെടുത്തിയിരുന്നില്ല. ബ്രഹ്മാവിന്റെ മുഖത്ത് നിന്നും ജനിച്ച ബ്രാഹ്മണനും, കരങ്ങളിൽ നിന്ന് ജനിച്ച ക്ഷത്രിയനും, തുടയിൽ നിന്നും ജനിച്ച വൈശ്യനും കാലിൽ നിന്ന് ജനിച്ച ശൂദ്രനും മാത്രമെ ഹിന്ദുവെന്ന നിർവ്വചനത്തിൽപ്പെടുകയുള്ളു.

ഇൻഡ്യയിൽ മഹാഭൂരിപക്ഷം വരുന്ന ദളിതരും ഗോത്രവർഗ്ഗക്കാരും പിന്നീട് സൈമൺ കമ്മീഷൻ സർവ്വേ നടത്തി പട്ടികയിൽ ഉൾപ്പെടുത്തിയ പട്ടിക വർഗ്ഗക്കാരും പട്ടിക ഗോത്രത്തിൽപ്പെട്ടവരും ഒന്നും തന്നെ ബ്രഹ്മാവിന്റെ സൃഷ്ടിയിൽപ്പെട്ടവരായിരുന്നില്ല. അവർ മൃഗതുല്യരായിരുന്നു. അവർ അടിമകളായിരുന്നു. അവർ ദസ്യുക്കളായിരുന്നു. അവരെ അസുരന്മാരെന്നും രാക്ഷസന്മാരെന്നും ഒരുവേള വിളിക്കപ്പെട്ടിരുന്നു. ദേവഗണം, മനുഷ്യഗണം, അസുരഗണം എന്നിങ്ങനെ മൂന്ന് ഗണങ്ങളിൽപ്പെട്ടവരിൽ തലയിൽ കൊമ്പുള്ള, പത്ത് തലയുള്ള, പർവ്വതസമാന ശരീരമുള്ളവരാണത്രേ അസുരഗണത്തിലുള്ളവർ. അത്തരമൊരു ഗണത്തിനെ ഒരു ആന്ത്രോപ്പോളജി ശാസ്ത്രജ്ഞരും ഇതുവരെ കണ്ടെത്തിയിട്ടില്ല. അപ്പോൾ ആരായിരുന്നു ഈ അസുരന്മാർ? ചാതുർവർണ്ണ്യത്തിന്റെ പരിധിയിൽപ്പെടാത്തവരെല്ലാം അസുരന്മാരെന്നാണ് അറിയപ്പെട്ടിരുന്നത്. ഈ അസുരന്മാരും ദസ്യുക്കളുമൊന്നും ഹിന്ദുവിന്റെ നിർവ്വചനത്തിൽപ്പെടില്ല. ആ ദസ്യുക്കൾ ദാസന്മാരായിരുന്നു. ഈ ദാസന്മാരായിരുന്നു ഇൻഡ്യയിലെ ആദ്യത്തെ തൊഴിലാളി വർഗ്ഗം. ആ തൊഴിലാളി വർഗ്ഗത്തെ അടിമകളാക്കാൻ സൃഷ്ടിച്ച സംഹിതയാണ് മനുസ്മൃതി. ആ മനുസ്മൃതിയുടെ അടിസ്ഥാനത്തിൽ "പാരതന്ത്ര്യം നമുക്ക് വിധികൽപ്പിതമാണ് തായേ" എന്ന കവി വചനം പോലെ ഞങ്ങൾ അടിമകളായി കഴിയേണ്ടത് ഞങ്ങളുടെ തലയിലെഴുത്ത് എന്ന് വിശ്വസിച്ചിരുന്ന, അല്ലങ്കിൽ അത്തരം വിശ്വാസം അടിച്ചേൽപ്പിക്കപ്പെട്ടിരുന്ന ഒരു വൻ ജനവിഭാഗം ആയിരുന്നു ഇൻഡ്യയിലെ തൊഴിലാളി വർഗ്ഗം.

അവർക്ക് തങ്ങൾ ഒരു വർഗ്ഗമാണെന്ന ബോധം പോലുമുണ്ടായിരുന്നില്ല. തങ്ങൾ ചെയ്യുന്ന ജോലികളെല്ലാം ദൈവത്തിന് വേണ്ടി അല്ലെങ്കിൽ രാജാവിന് വേണ്ടി അല്ലങ്കിൽ തമ്പുരാന് വേണ്ടിയുള്ള തങ്ങളുടെ ജന്മോദ്ദേശമാണ് അല്ലെങ്കിൽ തങ്ങളുടെ നിയോഗമാണ് എന്ന ധാരണയാണവർക്കുണ്ടായിരുന്നത്. അതവരുടെ കർമ്മത്തിൽ പോലും പെടുത്തിയിരുന്നില്ല. ഭഗവദ്ഗീതയിലും പുരാണങ്ങളിലും ദാസന്മാർ ചെയ്യുന്ന ജോലികൾ ഒന്നും അവരുടെ കർമ്മമായി പരിഗണിക്കപ്പെട്ടിരുന്നില്ല. എന്തായിരുന്നു ആ കാലത്തെ കർമ്മം? കർമ്മയോഗം എന്നത് തൊഴിലാളി വർഗ്ഗത്തിന്റെ പ്രവൃത്തിയുടെ അല്ലെങ്കിൽ അവരുടെ തൊഴിലിന്റെ യോഗമാണെന്ന് തെറ്റിദ്ധരിക്കണ്ട. ദൈവത്തിന് വേണ്ടി ചെയ്യുന്ന പൂജാദി കർമ്മങ്ങളും തന്ത്ര കർമ്മങ്ങളുമൊക്കെയേ ഭാരതത്തിൽ കർമ്മമാകുകയുള്ളു. അമ്പല നിർമ്മാണമായി രുന്നാലും, വിഗ്രഹ നിർമ്മാണമായിരുന്നാലും, ഭക്ഷണ നിർമ്മാണമായിരുന്നാലും വസ്ത്ര നിർമ്മാണമായിരുന്നാലും ഒന്നും മനുസ്മൃതിയുടേയോ പൗരോഹിത്യ മേധാവിത്വത്തിന്റേയോ വീക്ഷണത്തിൽ കർമ്മത്തിന്റെ പരിധിയിൽപ്പെട്ടിരുന്നില്ല. അതൊക്കെ കാളകൾ നുകം വലിക്കുന്നതു പോലെയോ, പശുക്കൾ പാൽ ചുരത്തുന്നത് പോലെയോ ആനകൾ തിടമ്പെഴുന്നള്ളിക്കുന്നത് പോലെയോ പ്രതിഫലം പറ്റാതെ ചെയ്യേണ്ട അവരുടെ നിയോഗമാണെന്ന് തെറ്റിദ്ധരിക്കപ്പെടുകയും അവരെ മുഴുവൻ അടിമകളാക്കി മുന്നോട്ട് പോകുകയും ചെയ്തിരുന്ന ആ പശ്ചാത്തലത്തിലാണ് നാടുവാഴിത്തം തടിച്ചു കൊഴുത്തത്.

അങ്ങിനെ തടിച്ചു കൊഴുത്തതിന്റെ പശ്ചാത്തലത്തിലാണ് അവർ ചരിത്രത്തിന്റെ ഈടുവയ്പ്പുകൾ എന്നറിയപ്പെടുന്ന ഒരുപാട് രമ്യഹർമ്യങ്ങൾ പടുത്തുയർത്തിയത്. മുഗൾ ചക്രവർത്തി ഷാജഹാൻ താജ്മഹൽ നിർമ്മിച്ചുവെന്ന് നമ്മൾ ലോകത്തിന് മുന്നിൽ അഭിമാനത്തോടെ പറയും. ഈ താജ്മഹൽ നിർമ്മിക്കുന്നത് ഏതാണ്ട് കാൽനൂറ്റാണ്ടു കാലത്തെ തൊഴിലാളി വർഗ്ഗത്തിന്റെ അദ്ധ്വാനഫലമാണ്. ചക്രവർത്തി ഒരു മാർബിൾ കഷണം പോലും ഇപ്പുറത്ത് നിന്നെടുത്ത് അപ്പുറത്ത് വച്ചിട്ടുണ്ടാവില്ലന്ന് നമുക്കെല്ലാമറിയാം. താജ്മഹൽ സന്ദർശിക്കാനവസരം ലഭിക്കുന്ന തൊഴിലാളികൾ അതിന്റെ തെക്കു ഭാഗത്തുള്ള മ്യൂസിയം കൂടി കാണണം. താജ്മഹൽ നിർമ്മിക്കുന്നതിനിടയിൽ അപകടത്തിൽപ്പെട്ടും പകർച്ചവ്യാധിയിൽപ്പെട്ടും 19000 തൊഴിലാളികൾ മരിച്ചു പോയി എന്ന് ആ മ്യൂസിയത്തിൽ രേഖപ്പെടുത്തി വച്ചിട്ടുണ്ട്. പക്ഷേ, താജ്മഹൽ നിർമ്മിച്ചതാരെന്ന ചോദ്യത്തിന് ഷാജഹാനെന്നല്ലാതെ തൊഴിലാളികളാണെന്ന് ആരും പറയില്ല.

കഴിഞ്ഞ ദിവസം പാലാരിവട്ടം പാലം പുനഃനിർമ്മാണത്തിന് ശേഷം കേരളത്തിലെ മുഖ്യമന്ത്രി പുനഃനിർമ്മാണത്തിലേർപ്പെട്ടിരുന്ന മുഴുവൻ തൊഴിലാളികളേയും ആ പാലത്തിൽ നിർത്തി ഫോട്ടോയെടുത്ത് തന്റെ ഫേസ്ബുക്ക് വാളിൽ പോസ്റ്റ് ചെയ്തിരുന്നു. അതാണ് തൊഴിലാളി വർഗ്ഗ രാഷ്ട്രീയത്തിന്റെ സവിശേഷത. ഈ പാലം നിർമ്മിച്ചത് കോൺട്രാക്ടറല്ല, തൊഴിലാളികളാണ് എന്ന ബോധമാണത്. ആ ബോധത്തിലേക്ക് ഇൻഡ്യയിലെ മുഴുവൻ തൊഴിലാളി വർഗ്ഗത്തെ കൊണ്ടുവരുന്ന കാലഘട്ടത്തിൽ മാത്രമേ ഇൻഡ്യയിൽ വിപ്ലവം യാഥാർത്ഥ്യമാകൂ.

ആ ബോദ്ധ്യമുള്ളതിനാലാണ് ലാലാ ലജപത്റായിയും മഹാത്മാ ഗാന്ധിയുമൊക്കെ തൊഴിലാളി സംഘടനകൾ രൂപീകരിച്ചു കൊണ്ട് ഇൻഡ്യൻ സ്വാതന്ത്ര്യ സമരത്തെ മുന്നോട്ട് നയിക്കാൻ തീരുമാനിച്ചത്. ഇൻഡ്യയിൽ കമ്മ്യൂണിസ്റ്റ് പാർട്ടി രൂപീകരിക്കുന്നതിനും അഞ്ച് കൊല്ലം മുമ്പ് ഇൻഡ്യയിലെ ആദ്യത്തെ കേന്ദ്ര ട്രേഡ് യൂണിയനുണ്ടായി. ആ സംഘടനയാണ് യഥാർത്ഥത്തിൽ ഇൻഡ്യൻ നാഷണൽ കോൺഗ്രസ്സ് സംപൂർണ്ണ സ്വാതന്ത്ര്യം ആവശ്യപ്പെടണമെന്ന പ്രമേയം പാസാക്കണമെന്ന ആവശ്യമുന്നയിച്ച് എ.ഐ.സി.സി.സമ്മേളന വേദിയിലേക്ക് മാർച്ച് നടത്തിയത്. മഹാത്മാ ഗാന്ധി ദക്ഷിണാഫ്രിക്കയിൽ നിന്നും തിരിച്ചു വന്നപ്പോൾ

അദ്ദേഹം സംഘടിപ്പിച്ചത് നാടുവാഴികളേയോ വക്കീലന്മാരേയോ ഡോക്ടർമാരേയോ ബുദ്ധിജീവികളേയോ ഒന്നുമായിരുന്നില്ല. ചമ്പാരനിലെ നീലം കർഷകരുടെ സമരത്തിലായിരുന്നു അദ്ദേഹം ആദ്യം ഇടപെട്ടത്.

അത്തരത്തിലുള്ള തൊഴിൽ സമരങ്ങളിൽ ഇടപെട്ടുകൊണ്ട് അവർ മുതലാളിത്തത്തിന് വികാസമുണ്ടായ കൽക്കത്തയിലും ബോംബേയിലും മദ്രാസിലുമെല്ലാം ചെറിയ ചെറിയ തൊഴിലാളി സംഘടനകൾക്ക് രൂപം കൊടുത്തു. പക്ഷേ ആ തൊഴിലാളി സംഘടനകൾ അവരുടെ കൂലിക്കും മറ്റുമുള്ള ആവശ്യങ്ങൾ ഉന്നയിക്കാനും നേടിയെടുക്കാനും വേണ്ടി മാത്രം സംഘടിച്ചു എന്നല്ലാതെ ഒരു വർഗ്ഗം എന്ന നിലയിൽ സ്വയം ബോധത്തോടുകൂടിയ ഒരു തൊഴിലാളി വർഗ്ഗമായിരുന്നില്ല.

അവർക്കൊരു പ്രത്യയശാസ്ത്രമുണ്ടായിരുന്നില്ല. മാർക്സിന്റേയും ഏംഗൽസിന്റേയും പ്രത്യയശാസ്ത്ര ത്തിന്റെ അടിസ്ഥാനത്തിൽ മുന്നോട്ട് പോകാൻ ഇൻഡ്യൻ തൊഴിലാളി വർഗ്ഗം തയ്യാറാകുന്നത് 1920–25 കാലഘട്ടത്തിലാണ്. 1920–ൽ എ.ഐ.ടി.യു.സി.രൂപീകരിച്ചു. ആ പോരാട്ട വർഗ്ഗത്തിന്റെ പ്രത്യയശാസ്ത്ര മുന്നണിപ്പോരാളിയായി 1925–ൽ കമ്മ്യൂണിസ്റ്റ് പാർട്ടി രൂപീകരിച്ചു. പക്വെ കമ്മ്യൂണിസ്റ്റ് പാർട്ടി രൂപീകൃതമായ അതേ വർഷം തന്നെ ഇൻഡ്യയിലെ ചാതുർവർണ്ണ്യത്തെ അരക്കിട്ടുറപ്പിക്കുന്നതിനും പൗരോഹിത്യത്തെ നിലനിർത്തു ന്നതിനും വേണ്ടി ആർ.എസ്.എസ്. എന്ന പ്രസ്ഥാനവും ഉണ്ടായി.

ആ ആർ.എസ്.എസ് ഇൻഡ്യയുടെ സ്വാതന്ത്ര്യ സമരത്തിൽ പങ്കാളിയാകാതെ ഭാരതത്തിലെ മനുഷ്യരുടെ ഇടയിൽ നുഴഞ്ഞ് കയറി ഒരു തേളിനെപ്പോലെ ഇറങ്ങി സഞ്ചരിച്ചു. രാജ്യത്തെ ജനതയെ അന്ധവിശ്വാസങ്ങളുടെ ചരടുകളിൽ നിന്ന് മോചിപ്പിക്കുന്നതിന് പകരം നാടുവാഴിത്തത്തിന്റേയും പൗരോഹിത്യത്തിന്റേയും വിധി വിശ്വാസത്തിന്റേയും ചങ്ങലക്കെട്ടുകളിൽ അടിമയാക്കാൻ വേണ്ടിയുള്ള രഹസ്യമായ ശ്രമമാണ് അവർ നടത്തിക്കൊണ്ടിരുന്നത്. ഇൻഡ്യയിലെ ജനങ്ങളെ അന്ധവിശ്വാസത്തിൽ നിന്ന് മോചിപ്പിക്കുന്നതിന് ആര്യസമാജം ബ്രഹ്മസമാജം പോലുള്ള നവോത്ഥാന പ്രസ്ഥാനമൊക്കെ ഉണ്ടായിരുന്നു. പക്ഷേ ആ പ്രസ്ഥാനങ്ങളും ഈശ്വര വിശ്വാസത്തിന്റെ പരിധിക്കകത്ത് നിന്നു കൊണ്ട് അന്ധവിശ്വാസങ്ങളെ എതിർക്കാനുള്ള പരിശ്രമങ്ങളാണ് നടത്തിയിരുന്നത്. എന്നാൽ ഈ വിശ്വാസങ്ങളേയും പൗരോഹിത്യ മേധാവിത്വത്തേയും അരക്കിട്ടുറപ്പിക്കുന്ന തിനായിരുന്നു ആർ.എസ്.എസ്. ലക്ഷ്യമിട്ടിരുന്നത്.

അവർ വിശ്വാസികളെ യഥാർത്ഥ വിശ്വാസികളാക്കുകയും ഹിന്ദുമതത്തെ പരിഷ്ക്കരിക്കുകയും ചെയ്യുന്നതിന് പകരം ഹിന്ദുമതത്തെ വിരോധത്തിന്റേയും വെറുപ്പിന്റേയും അടിസ്ഥാനത്തിൽ കെട്ടിപ്പടുക്കുകയായിരുന്നു. വർഗ്ഗ ബോധത്തിലേക്ക് ഇൻഡ്യയെ നയിക്കുന്നതിന് പകരം മുസ്ളിം വിരോധബോധവും സങ്കുചിത ദേശീയ വികാരവും കമ്മ്യൂണിസ്റ്റ് വിരോധവും വളർത്തുകയായിരുന്നു. വിദേശികളായ ബ്രിട്ടീഷുകാർക്കും ഡച്ചുകാർക്കും എതിരായിട്ടുള്ള സാമ്രാജ്യത്വ വിരുദ്ധ വികാരത്തിന് പകരം അത് ക്രിസ്തുമതത്തിനും യഹൂദമതത്തിനും എതിരെ ഹിറ്റ്ലർ സ്വീകരിച്ച സൂത്രമായിരുന്നു അവർ ഉപയോഗിച്ചത്. ക്രിസ്ത്യാനികൾക്കും യഹൂദന്മാർക്കും കമ്മ്യൂണിസ്റ്റുകാർക്കും നേരേ വെറുപ്പിന്റെ അടിസ്ഥാനത്തിൽ ജർമ്മനിക്കാരേയും നാസി പാർട്ടിയേയും സംഘടിപ്പിക്കാൻ ഹിറ്റ്ലർ പ്രയോഗിച്ച അതേ തന്ത്രം ആ കാലഘട്ടത്തിൽ ഇൻഡ്യയിൽ പ്രയോഗിച്ചു കൊണ്ടാണ് ആർ.എസ്.എസ്. വളർന്നത്. അങ്ങിനെ വളർന്നു വന്ന ആർ.എസ്.എസ്. ഹിന്ദുക്കളായ പട്ടിണിപ്പാവങ്ങൾക്കും തൊഴിലാളികൾക്കുമിടയിൽ മുസ്ളിംകൾക്കെതിരായ വികാരം സൃഷ്ടിക്കാൻ തന്ത്രപരമായി ശ്രമിച്ചു കൊണ്ടിരുന്നു. ആ തന്ത്രത്തെ ഫലപ്രദമായി നേരിടാൻ അന്നത്തെ ഇൻഡ്യയിലെ ട്രേഡ് യൂണിയനുകൾക്ക് പ്രത്യയശാസ്ത്രപരമായി കഴിഞ്ഞിരുന്നില്ല. ട്രേഡ് യൂണിയനുകൾ അന്ന് സ്വാതന്ത്ര്യ സമരത്തിന്റെ ഭാഗമായി പ്രവർത്തിക്കുകയും തൊഴിലാളികളുടെ അവകാശ അധികാരങ്ങൾ വളർത്തുന്നതിന് വേണ്ടി പ്രയത്നിക്കുകയും ചെയ്യുമ്പോൾ ഇൻഡ്യയിലെ ദളിതരേയും സമൂഹത്തിന്റെ പുറമ്പോക്കുകളിലെ ഹതഭാഗ്യരേയും വർഗ്ഗബോധത്തിന്റെ അടിസ്ഥാനത്തിൽ സംഘടിപ്പിക്കുന്നതിൽ കമ്മ്യൂണിസ്റ്റ് പാർട്ടിക്കും അന്ന് വേണ്ടത്ര കഴിയാതെ പോയി.

ഹിന്ദുമതത്തിന്റെ പരിധിയിൽപ്പെടാത്ത കുറേ ദളിതർ അംബേദ്ക്കറുടെ പ്രസ്ഥാനവുമായി ചേർന്ന് ബുദ്ധമതത്തിലേക്ക് പോകുകയുണ്ടായെങ്കിലും മഹാഭൂരിപക്ഷവും ഇതൊക്കെ തങ്ങളുടെ വിധിയാണെന്ന് വിശ്വസിച്ചു കൊണ്ട് അടിമത്തത്വത്തിൽ അഭിമാനം കൊള്ളുന്നവരായി സമൂഹത്തിലെ പുറമ്പോക്കുകളിൽ പിന്നേയും തുടർന്നു. ആ മനുഷ്യരെ സംഘടിപ്പിക്കുവാൻ എവിടെയൊക്കെ ട്രേഡ് യൂണിയൻ പ്രസ്ഥാനങ്ങൾക്ക് കഴിഞ്ഞുവോ, വർഗ്ഗീയ ബോധത്തിൽ നിന്നും മത ബോധത്തിൽ നിന്നും അന്ധവിശ്വാസങ്ങളിൽ നിന്നും അവരെ വർഗ്ഗ ബോധത്തിലേക്ക് കൊണ്ടുവരാൻ എവിടെയൊക്കെ കഴിഞ്ഞുവോ അവിടെയൊക്കെ തൊഴിലാളി വർഗ്ഗ രാഷ്ട്രീയത്തിന് വേരോട്ടമുണ്ടായി.

അപ്രകാരം വേരോട്ടമുണ്ടായ ഒരു സംസ്ഥാനമാണ് നമ്മുടെ കേരളം. കമ്മ്യൂണിസ്റ്റ് പാർട്ടികൾക്ക് ഏറ്റവും കൂടുതൽ സ്വാധീനവും ഭരണവുമുള്ള സംസ്ഥാനമാണ് കേരളം. അതിന്റെ കാരണം ഇടതുപക്ഷ മുന്നണി നടപ്പാക്കിക്കൊണ്ടിരിക്കുന്ന നയങ്ങൾ മാത്രമല്ല. മലയാളി മെമ്മോറിയലിന്റേയും ഈഴവ മെമ്മോറിയലിന്റേയും ശ്രീ നാരായണഗുരുവിന്റേയും അയ്യങ്കാളിയുടേയും സഹോദരൻ അയ്യപ്പന്റേയും വാഗ്ഭടാനന്ദഗുരുദേവന്റേയുമൊക്കെ സംഭാവനകളായ കേരളത്തിലെ നവോത്ഥാന പ്രസ്ഥാനത്തിന്റെ പിൻഗാമിയാകാൻ കമ്മ്യൂണിസ്റ്റുകാർക്ക് കഴിഞ്ഞതിനാലാണ്. സാമൂഹ്യ പരിഷ്ക്കാരങ്ങൾക്ക് വേണ്ടിയുള്ള പോരാട്ടങ്ങളെ പ്രതീകാത്മകമായി അവതരിപ്പിച്ച കെ.ദാമോദരന്റേയും വി.ടി.ഭട്ടതിരിപ്പാടിന്റേയും കെ.പി.എ.സി.യുടെയും മറ്റുമുള്ള നാടകങ്ങളിലൂടേയും പാട്ടുകളിലൂടേയും സമരങ്ങളിലൂടേയും യഥാർത്ഥ തൊഴിലാളി വർഗ്ഗത്തിൽപ്പെട്ട ദളിതരേയും ആദിവാസികളേയും സംഘടിപ്പിക്കുവാനും അവരെ വർഗ്ഗ ബോധമുള്ളവരാക്കി മാറ്റിയെടുക്കുവാനും കമ്മ്യൂണിസ്റ്റുകാർക്ക് കഴിഞ്ഞതിനാലാണ്.

നായരെന്നും തീയരെന്നും നമ്പൂതിരിയെന്നും മറ്റും ജാതിപ്പേരിൽ അറിയപ്പെട്ടിരുന്ന കേരളത്തിലെ മനുഷ്യരെ മാഷെന്നും, ടീച്ചറെന്നും, മേസ്ത്രിയെന്നും, ടെയിലറെന്നും മറ്റും തൊഴിലിന്റെ അടിസ്ഥാനത്തിൽ അറിയപ്പെടാനും അതുവഴി ജാതി ബോധത്തിൽ നിന്നും തൊഴിൽ ബോധത്തിലേക്ക് മാറ്റിയെടുക്കുവാനും അന്നത്തെ കേരളത്തിലെ കമ്മ്യൂണിസ്റ്റുകാർക്ക് കഴിഞ്ഞു. മാത്രമല്ല അക്ഷരമറിയാത്ത ദളിതർക്കും മറ്റും അക്ഷരജ്ഞാനം പകർന്ന് നൽകാൻ വായനശാലകൾ തുടങ്ങിയത് കമ്മ്യൂണിസ്റ്റുകാ

രാണ്. മലബാർ ഡിസ്ട്രിക്ട് ബോർഡാണ് കേരളത്തിൽ ആദ്യമായി അധികാരത്തിൽ വന്ന കമ്മ്യൂണിസ്റ്റ് ഭരണകൂടം. അതിന്റെ പ്രസിഡന്റായി ചുമതലയേറ്റ പി.ടി.ഭാസ്ക്കരപ്പണിക്കർ ആദ്യം ചെയ്തത് തൊഴിലാളികളുടേയും കർഷകരുടേയും മക്കൾക്ക് അക്ഷരജ്ഞാനം കൊടുക്കുകയായിരുന്നു. അത്തരത്തിൽ അക്ഷരജ്ഞാനം കൊടുക്കുന്നതിലൂടെ തൊഴിലാളികൾക്കും, കർഷകർക്കും മറ്റ് സാധാരണക്കാർക്കും അറിവിലൂടെ വർഗ്ഗബോധം ഉണ്ടാക്കിയെടുക്കുകയും അവരെ അടിമത്തത്തിൽ നിന്നും അന്ധവിശ്വാസങ്ങളിൽ നിന്നും മത ബോധത്തിൽ നിന്നും ജാതി ബോധത്തിൽ നിന്നും മോചിപ്പിക്കുകയും ചെയ്ത ഇടങ്ങളിലെല്ലാം കമ്മ്യൂണിസ്റ്റുകാർക്ക് വേരോട്ടമുണ്ടായി. അവിടങ്ങളിൽ വർഗ്ഗീയ രാഷ്ട്രീയത്തിന് പകരം വർഗ്ഗ രാഷ്ട്രീയത്തിന് വേരോട്ടമുണ്ടായി.

എന്നാൽ ഇൻഡ്യയിൽ മഹാഭൂരിപക്ഷം സംസ്ഥാനങ്ങളിലും രാഷ്ട്രീയമായി ഉയർന്ന് വന്ന ഇൻഡ്യൻ നാഷണൽ കോൺഗ്രസ്സ് സ്വാതന്ത്ര്യ സമരം നടത്തുമ്പോഴും, നിസ്സഹകരണ പ്രസ്ഥാനവും അയിത്തോച്ചാടന പ്രസ്ഥാനവുമായി മുന്നേറുമ്പോഴും ഹരിജനോദ്ധാരണം സാക്ഷാത്ക്കരിക്കുന്നതിൽ അവർ പിന്നിലായിരുന്നു. അംബേദ്ക്കറും ഗാന്ധിജിയും തമ്മിലുള്ള അഭിപ്രായ വ്യത്യാസം പോലും അതിന്റെ അടിസ്ഥാനത്തിലായിരുന്നു. ആർക്കാണ് നിങ്ങൾ സ്വാതന്ത്ര്യം കൊടുക്കുന്നത് എന്ന് അംബേദ്ക്കർ ചോദിച്ചു. ഇൻഡ്യയിലെ മഹാഭൂരിപക്ഷം വരുന്ന ജാതിക്കോമരങ്ങളുടെ അടിമകളായ പാവപ്പെട്ട തൊഴിലാളി വർഗ്ഗത്തിന്റെ മോചനമായിരിക്കണം ഇൻഡ്യൻ സ്വാതന്ത്ര്യം എന്ന അംബേദ്ക്കറുടെ തത്വ ശാസ്ത്രത്തെ ഗാന്ധിയും കോൺഗ്രസ്സും സ്വീകരിച്ചില്ല. അതുകൊണ്ട് തന്നെ വർഗ്ഗീയ ബോധത്തിൽ നിന്നും അന്ധവിശ്വാസത്തിൽ നിന്നും തൊഴിലാളി വർഗ്ഗത്തേയും പട്ടിണിപ്പാവങ്ങളേയും മാറ്റിയെടുക്കുന്നതിൽ ഇൻഡ്യൻ സ്വാതന്ത്ര്യ സമരത്തിനോ സ്വതന്ത്ര ഭാരതത്തിലെ ഭരണകൂടങ്ങൾക്കോ കഴിഞ്ഞില്ല. ഈ സാഹചര്യങ്ങൾ വളമാക്കി എടുക്കാൻ ആർ.എസ്.എസ്സിനും അതിന്റെ പ്രത്യക്ഷ കോമരമായ ജനസംഘത്തിനും ഹിന്ദു മഹാസഭക്കും അവരുടെ പുതുരൂപമായ ബി.ജെ.പി.ക്കും കഴിഞ്ഞു. ഇതാണ് ഇൻഡ്യ കണ്ട ഏറ്റവും വലിയ രാഷ്ട്രീയ ദുരന്തം.

രാജീവ് അഞ്ചൽ നിർമ്മിച്ച ഗുരു എന്ന ഒരു സിനിമയുണ്ട്. ആ സിനിമയിൽ അന്ധവിശ്വാസത്തിന്റെ പേരിൽ ഒരു ജനത മുഴുവൻ ഇലവന്തപ്പഴം കഴിച്ച് അന്ധന്മാരായി മാറുന്ന കഥ പറയുന്നുണ്ട്. അന്ധന്മാരായി മാറുന്നത് ഇലവന്തപ്പഴം കഴിച്ചിട്ടാണെന്ന് അവർക്കാർക്കും അറിയില്ല. പുറത്ത് നിന്നുമൊരാൾ അവിടേക്ക് എത്തുകയും ആ പഴത്തിന്റെ കുരുവാണ് അന്ധതയകറ്റാനുള്ള മരുന്ന് എന്ന് അയാൾ തിരിച്ചറിയുകയും ചെയ്യുന്നു. പക്ഷേ ആ കുരു അന്ധതയറ്റാനുള്ള മരുന്നാണെന്ന് വിശ്വസിക്കാൻ ആ സമൂഹം തയ്യാറാകുന്നില്ല. ഈ സിനിമാ കഥയും ഇന്നത്തെ ഇൻഡ്യൻ രാഷ്ട്രീയവും തമ്മിൽ വളരെ ബന്ധമുണ്ട്. ഇലവന്തപ്പഴം എന്ന് പറയുന്നത് ഇൻഡ്യയിലെ ചാതുർവർണ്ണ്യ ത്തിലധിഷ്ഠിതമായ ദൈവവിശ്വാസമാണ്. ദൈവവിശ്വാസത്തിൽ ഒരുപാട് തത്വശാസ്ത്രമുണ്ട്. ആ തത്വശാസ്ത്രങ്ങളെയെല്ലാം പൗരോഹിത്യ മേധാവിത്വം അവർക്ക് വേണ്ടി വ്യാഖ്യാനിക്കുകയും ചാതുർവർണ്ണ്യ ത്തിലധിഷ്ഠിതമാക്കി പാവപ്പെട്ട ജനങ്ങളെ ചൂഷണം ചെയ്യുന്നതിനുള്ള ഉപാധിയാക്കി മാറ്റുകയും ചെയ്യുകയായിരുന്നു. ആ അന്ധവിശ്വാസമാകുന്ന ഇലവന്തപ്പഴം കഴിച്ച ഇൻഡ്യയിലെ മഹാഭൂരിപക്ഷം ദളിതരായ തൊഴിലാളി വർഗ്ഗം അത് അവരുടെ വിധിയാണെന്നും തങ്ങളുടെ ദൗത്യമാണെന്നും തെറ്റിദ്ധരിച്ച് മുന്നോട്ട് പോകുമ്പോൾ ഇതല്ല ഹിന്ദു മതമെന്നും ഇതല്ല ഹിന്ദുത്വമെന്നും ഇത് തത്വശാസ്ത്രത്തെ ദുർവ്യാഖ്യാനം ചെയ്ത് ചൂഷണത്തിനുള്ള ഉപാധിയാക്കിയതാണെന്നും പറയാൻ ടാഗോറിനെപ്പോലെയും രാജാറാം മോഹൻ റോയിയെപ്പോലുള്ളവർ ഉണ്ടായിരുന്നുവെങ്കിലും അവരെ വിശ്വസിക്കാൻ മഹാഭൂരിപക്ഷവും തയ്യാറായിരുന്നില്ല. ഇവരെപ്പോലുള്ള നവോത്ഥാന നായകരുടെ ആശയങ്ങൾ പൂർണ്ണമായും സാധാരണക്കാർ സ്വീകരിച്ചില്ല. സതി എന്ന് അനാചാരം നിർത്തലാക്കണമെന്ന നിയമം കൊണ്ടു വരുമ്പോൾ ഇൻഡ്യയിലെ തൊഴിലാളി വർഗ്ഗം സതി തങ്ങളുടെ അവകാശമാണെന്ന് പറഞ്ഞ് തെരുവിലിറങ്ങി സമരം ചെയ്യുകയായിരുന്നു. സ്ത്രീകൾക്ക് എല്ലാ അമ്പലത്തിലും കയറാൻ അധികാരമുണ്ടെന്ന് സുപ്രീം കോടതി വിധിക്കുമ്പോൾ ആ വിധിക്കെതിരേ തെരുവിൽ പ്രകടനം നടത്താൻ ഇൻഡ്യയിലെ സ്ത്രീകൾ നാമജപഘോഷയാത്രയിൽ പങ്കെടുത്തത് പോലെ. അന്ധവിശ്വാസത്തിന്റെ ഇലവന്തപ്പഴം കഴിക്കുന്ന വിഡ്ഢികളായ ഈ മഹാഭൂരിപക്ഷമാണ് ഇൻഡ്യയുടെ ശാപം.

കമ്മ്യൂണിസ്റ്റുകാരും എ.ഐ.ടി.യു.സി.ക്കാരുമെല്ലാം ദൈവനിഷേധികളാണെന്നും ഈങ്കുലാബ് സിന്ദാബാദ് എന്ന മുദ്രാവാക്യം ദൈവത്തെ കൊല്ലാനുള്ള ആഹ്വാനമാണെന്നും അന്ധവിശ്വാസത്തിന്റെ ഇലവന്തപ്പഴം കഴിക്കുന്ന ജനതയെ തെറ്റിദ്ധരിപ്പിക്കാൻ ആർ.എസ്.എസ്സിനും കോൺഗ്രസ്സ് പാർട്ടിക്കും കഴിഞ്ഞു. അതിനാലാണ് ഇൻഡ്യയിലെ തൊഴിലാളി വർഗ്ഗം ഇന്നും വർഗ്ഗ ബോധത്തിലേക്ക് വരാതെ വർഗ്ഗീയ ബോധത്തിന്റെ അടിമകളായി തുടരുന്നത്. അവർ തൊഴിലാളി വർഗ്ഗമാണെന്ന ബോധം ഉണ്ടാകുന്ന കാലത്ത് മാത്രമേ ഇൻഡ്യക്ക് മോചനമുണ്ടാകൂ. ചിക്കാഗോയിൽ വെടിയേറ്റ് വീണ തൊഴിലാളികളുടെ രക്തം കൊണ്ട് ചുവന്ന ആ കുപ്പായം പിറകേ വന്ന തൊഴിലാളികൾ ചീന്തിയെടുത്ത് ഒരു വടിയിൽ കെട്ടി മുന്നോട്ട് പോയപ്പോൾ ആ ചെങ്കൊടി തൊഴിലാളിയുടെ രക്തത്തിന്റെ പ്രതീകമാണെന്ന് ബോദ്ധ്യപ്പെടുത്തുന്നതിന് പകരം അത് ആളെക്കൊല്ലുന്ന പ്രസ്ഥാനത്തിന്റെ പ്രതീക മാണെന്ന തെറ്റിദ്ധാരണ പരത്തിയെടുക്കാൻ കോൺഗ്രസ്സിനും ആർ.എസ്.എസ്സിനും ബി.ജെ.പി.ക്കും നല്ലൊരുപരിധി വരെ സാധിച്ചു. അന്ധവിശ്വാസികളായിരിക്കുന്ന തൊഴിലാളിവർഗ്ഗം കമ്മ്യൂണിസ്റ്റുകാരെ സംശയദൃഷ്ടിയോടെ കാണുകയും ദൈവവിരോധികളെന്ന് തെറ്റിദ്ധരിക്കുകയും ചെയ്തു. ആ തെറ്റിദ്ധാരണ മാറ്റിയെടുക്കുന്നതിൽ ഇൻഡ്യയിലെ കമ്മ്യൂണിസ്റ്റ് പാർട്ടിക്കോ എ.ഐ.ടി.യു.സിക്കോ വേണ്ടത്ര വിജയിക്കാൻ കഴിഞ്ഞില്ല.

ദൈവം ആരുടെ കൂടെയാണെന്ന് ഗീതാഞ്ജലിയിൽ രവീന്ദ്രനാഥ ടാഗോർ വളരെ ഭംഗിയായി അവതരിപ്പിക്കുന്നുണ്ട്. "ദേവാലയത്തിന്റെ ഇരുളടഞ്ഞ ആ മൂലക്കിരുന്ന് കണ്ണുകളടച്ചു കൊണ്ട് നീ ആരെയാണ് ആരാധിക്കുന്നത്? നീ നിന്റെ കണ്ണുകൾ തുറന്ന് നോക്കൂ. ദൈവം നിന്റെ മുന്നിലില്ല. നീ നിന്റെ പൂജയും മന്ത്രോച്ചാരണങ്ങളും അവസാനിപ്പിച്ച് പുറത്തേക്ക് വരിക. പൂജാ പുഷ്പങ്ങളും സുഗന്ധദ്രവ്യങ്ങളും ഉപേക്ഷിച്ച് നീ പുറത്തേക്ക് വരിക. നീ തിരയുന്ന ദൈവം നിലമുഴുന്ന കർഷകന്റെ അരികിലുണ്ട്. നീ തിരയുന്ന ദൈവം പാറ പൊട്ടിച്ച് പാതയൊരുക്കുന്ന തൊഴിലാളിയുടെ അരികിലുണ്ട്. നീ തിരയുന്ന ദൈവം മഴയത്തും വെയിലത്തും കഠിനാദ്ധ്വാ

നം ചെയ്യുന്ന തൊഴിലാളികളുടെ അരികിലുണ്ട്. മണ്ണിലും പൊടിയിലും വിയർപ്പിലും കുളിച്ച് അദ്ധ്വാനിക്കുന്ന തൊഴിലാളിയുടെ അരികിൽ നിൽക്കുന്ന നിന്റെ ദൈവത്തെ നീ ദർശിക്കുക" എന്നെഴുതിയ ടാഗോറിലേക്ക് എത്തിപ്പെടാൻ പുരാണങ്ങളുടേയും മനുസ്മൃതിയുടേയും കെട്ടുപാടുകളിൽപ്പെട്ട തൊഴിലാളി വർഗ്ഗത്തിന് കഴിഞ്ഞില്ല.

നെല്ല് കൊയ്യുന്ന അരിവാളേന്തിയ കർഷകന്റെ അടുത്ത് ദൈവം ഉണ്ടെന്ന് ടാഗോർ പറഞ്ഞില്ലേ? പാറ പൊട്ടിക്കാൻ ചുറ്റികയേന്തി നിൽക്കുന്ന തൊഴിലാളികളുടെ കൂടെ ദൈവമുണ്ടെന്ന് അദ്ദേഹം പറഞ്ഞില്ലേ? നമ്മുടെ കൊടിയുടെ ചിഹ്നങ്ങളായ അരിവാളും ചുറ്റികയുമെല്ലാം ഏന്തിയിരിക്കുന്നവരുടെ അരികിലാണ് ദൈവമുള്ളതെന്ന് അദ്ദേഹം കൃത്യമായി പറഞ്ഞില്ലേ? നമ്മൾ അതെത്ര പ്രചരിപ്പിച്ചു? "ശബരിമലയിലും കല്ല് , ശക്തീശ്വരത്തിലും കല്ല്, തിരുപ്പതിമലയിലും കല്ല്, ഗുരുവായൂരിലും തൃച്ചംബരത്തും കല്ല്; കല്ലിനെ തൊഴുന്നവരേ നിങ്ങൾ കൽപ്പണിക്കാരെ മറക്കരുതേ" എന്നും "പൂത്താലം പൂജിച്ചു, പൂത്താലം പൂജിച്ചു പൂജക്കായി വന്നവർ ഞങ്ങൾ; ദൈവത്തിനല്ല ആ ദൈവത്തെ ത്തീർത്ത കൈവേലക്കാരന്റെ മുന്നിൽ" എന്നും നമ്മുടെ കവി വയലാർ രാമവർമ്മ പാടിയിട്ടുണ്ട്. ആ പണിയെടുക്കുന്നവനാണ് യഥാർത്ഥത്തിൽ മനുഷ്യ മോചനത്തിനുള്ള പ്രയത്നം നടത്തുന്നവർ എന്ന സന്ദേശമാണ് ടാഗോറും വയലാറുമെല്ലാം പ്രചരിപ്പിച്ചത്.

ഇപ്പോൾ കോവിഡ് മഹാമാരി വന്നപ്പോൾ "ഗോ കൊറോണ" എന്ന് വിളിച്ച് പാത്രം മുട്ടിയ വിശ്വാസികളായ ആർ.എസ്.എസുകാരുടെ പൂജകൾക്കൊന്നും കോവിഡിനെ തളക്കാനായില്ല. ചിന്തകരായ ശാസ്ത്രജ്ഞരുടെ അന്വേഷണത്തിന്റേയും ആരോഗ്യ പ്രവർത്തകരായ തൊഴിലാളികളുടെ കഠിനാദ്ധ്വാനത്തിന്റേയും ഭാഗമായിട്ടാണ് ഇപ്പോൾ വാക്സിനേഷൻ നടക്കുന്നതും കോവിഡ് രോഗികളുടെ മരണനിരക്ക് കുറക്കാൻ കഴിയുന്നതും. അല്ലാതെ കിണ്ണം മുട്ടിയിട്ടില്ലന്നും, കാർത്തിക പൂജ നടത്തിയിട്ടില്ലെന്നും പ്രാർത്ഥന നടത്തിയിട്ടില്ലെന്നും തിരിച്ചറിഞ്ഞ ഈ കാലഘട്ടത്തിലെങ്കിലും മത വിശ്വാസത്തിലും ദൈവ വിശ്വാസത്തിലും വിദ്വേഷ രാഷ്ട്രീയത്തിലും അധിഷ്ഠിതമായ വർഗ്ഗീയ ബോധമല്ല തൊഴിലിന്റെ അടിസ്ഥാനത്തിലുള്ള സംഘബോധവും വർഗ്ഗബോധവുമാണ് തൊഴിലാളി വർഗ്ഗത്തിന്റെ മോചന മാർഗ്ഗമെന്ന് തൊഴിലാളി വർഗ്ഗത്തെ ബോദ്ധ്യപ്പെടുത്താൻ ഇൻഡ്യയിലെ എല്ലാ ട്രേഡ് യൂണിയനുകളും പരിശ്രമിക്കണം. അല്ലാതെ ഇൻഡ്യക്ക് വേറെ മോചന മാർഗ്ഗമില്ല.

വിശ്വാസവും അന്ധവിശ്വാസവും കോർപ്പറേറ്റ് പ്രീണനവും ഒക്കെ കൂട്ടിക്കുഴച്ച് ഉണ്ടാക്കിയ നരേന്ദ്രമോദി സർക്കാർ വൻ ഭൂരിപക്ഷത്തോടെ വീണ്ടും അധികാരത്തിൽ വരാനുള്ള കാരണമെന്താണ്? ഇൻഡ്യയിലെ തൊഴിലാളി വർഗ്ഗത്തെ വർഗ്ഗ ബോധത്തിലേക്കും പുരോഗമനാത്മക വീക്ഷണത്തിലേക്കും കൊണ്ടുവരുന്നതിൽ നമുക്ക് വേണ്ടത്ര വിജയിക്കാനാവാത്തതാണതിന് കാരണം. അപ്പോൾ അവരെ അതിലേക്ക് കൊണ്ടുവരണമെങ്കിൽ അന്ധവിശ്വാസ ത്തിന്റേയും ദൈവവിശ്വാസത്തിന്റേയും വർഗ്ഗീയ ബോധത്തിന്റേയും ഇലവന്തപ്പഴം കഴിച്ചിട്ടാണ് അവർ അന്ധന്മാരായിരിക്കുന്നതെന്ന് അവരെ ബോധ്യപ്പെടുത്തണം.

അങ്ങിനെ ബോദ്ധ്യപ്പെടുത്തുവാൻ ആ വിശ്വാസമാകുന്ന ഇലവന്തപ്പഴത്തിന്റെ കുരു തന്നെ നമ്മൾ എടുക്കേണ്ടി വരും. അതിന്റെ തത്വശാസ്ത്രത്തെത്തന്നെ ഉപയോഗപ്പെടുത്തേണ്ടി വരും. ഇവർ പറയുന്ന ഈശ്വര വിശ്വാസം യഥാർത്ഥത്തിൽ ഈശ്വര വിരുദ്ധമാണെന്നും മനുഷ്യ വിരുദ്ധമാണെന്നും അവരെ ബോദ്ധ്യപ്പെടുത്തേണ്ടി വരും. ഭാരത ധർമ്മമായിരുന്നു യഥാർത്ഥത്തിൽ ഹിന്ദു മതത്തിന്റെ അടിത്തറ. ഇന്ന് ബി.ജെ.പി.അവതരിപ്പിക്കുന്ന ഹിന്ദു രാഷ്ട്രീയം യഥാർത്ഥത്തിൽ ഭാരത ധർമ്മത്തിന് വിരുദ്ധമാണ്. ധർമ്മ വിരുദ്ധമായ രാഷ്ട്രീയത്തെ നേരിടാൻ ഇൻഡ്യയിലെ തൊഴിലാളി വർഗ്ഗത്തെ യഥാർത്ഥ ധർമ്മം എന്തെന്ന് പഠിപ്പിക്കേണ്ടി വരും. ആ ഇലവന്തപ്പഴത്തിന്റെ കുരു ഉപയോഗപ്പെടുത്തി അവരുടെ അന്ധത അകറ്റണമെന്ന് ചുരുക്കം.

അതുകൊണ്ട് ഈശ്വരനെ എതിർത്തും അമ്പലത്തെ എതിർത്തും മുന്നോട്ടു പോകലല്ല നമ്മുടെ ഇപ്പോഴത്തെ പ്രധാനപ്പെട്ട ദൗത്യം. ആ ഈശ്വരനിലും അമ്പലത്തിലും വിശ്വസിക്കുന്ന മഹാഭൂരിപക്ഷം ജനതയെ അന്ധവിശ്വാസങ്ങളിൽ നിന്നും മോചിപ്പിച്ച് മാനവിക വിരുദ്ധവും വർഗ്ഗീയ വിരുദ്ധവുമായ മനോഭാവത്തിൽ നിന്ന് യഥാർത്ഥ തൊഴിലാളി വർഗ്ഗ ബോധത്തിലേക്ക് അവരെ കൊണ്ട് വരാനും തൊഴിലാളിയുടെ ചോരയുടെ നിറമുള്ള ചെങ്കൊടി അവരുടെ കയ്യിൽ ഏൽപ്പിച്ചു കൊടുക്കുവാനുമാണ് ശ്രമിക്കേണ്ടത്. ആ ദൗത്യമാണ് ഈ മേയ് ദിനത്തിൽ ഇൻഡ്യൻ തൊഴിലാളി വർഗ്ഗം ഏറ്റെടുക്കുമെന്ന് പ്രതിജ്ഞ ചെയ്യേണ്ടത്.

ആ ദൗത്യം ചില്ലറ പണി അല്ല. വലിയ പണിയാണ്. കാരണം ഒരു വലിയ പർവതത്തോടാണ് നമുക്ക് മല്ലിടേണ്ടത്. ഇൻഡ്യയിൽ ട്രേഡ് യൂണിയൻ പ്രസ്ഥാനം ജനിച്ചിട്ട് ഇപ്പോൾ നൂറ്റിയൊന്ന് വർഷങ്ങളേ ആയിട്ടുള്ളു. എന്നാൽ ഇൻഡ്യയിലെ അന്ധവിശ്വാസങ്ങൾക്കും അനാചാരങ്ങൾക്കും ദൈവ വിശ്വാസത്തിനും നാടുവാഴിത്തത്തി ലധിഷ്ഠിതമായ ചൂഷണത്തിനും രണ്ടായിരം മൂവായിരം വർഷങ്ങളുടെ പഴക്കമുണ്ട്. അത് ഇൻഡ്യയുടെ ജീനിൽ അടിഞ്ഞു കൂടിയിരിക്കുകയാണ്. ആ അടിഞ്ഞുകൂടിയ വിശ്വാസത്തെ പുറത്തെടുത്ത് കളഞ്ഞ് പുരോഗമനാത്മകമായ വിശ്വാസത്തിലേക്ക് കൊണ്ട് വരിക ക്ഷിപ്ര സാധ്യമല്ല.

നരേന്ദ്ര മോദി സർക്കാർ വീണ്ടും അധികാരത്തിലേറുകയും തൊഴിലാളി വിരുദ്ധ നയങ്ങൾ നടപ്പിലാക്കുകയും ചെയ്യുമ്പോൾ അതിനെതിരേ സമരം ചെയ്തത് കൊണ്ട് കാര്യമില്ലെന്നും സമരങ്ങളെല്ലാം വൃഥാവിലായി മാറുമെന്നുമുള്ള തെറ്റിദ്ധാരണ നമുടെ സഖാക്കൾക്ക് ഉണ്ടാകരുത്. ഈ സമരങ്ങളെല്ലാം ഇൻഡ്യയിലെ തൊഴിലാളി വർഗ്ഗത്തെ വർഗ്ഗീയതയുടെ പരിപ്രേഷ്യത്തിൽ നിന്ന് മോചിപ്പിച്ച് അനാൽപ്പമായി വർഗ്ഗ ബോധത്തിലേക്ക് കൊണ്ടുവരാൻ കഴിയും. ആ വർഗ്ഗബോധത്തിലേക്ക് മെല്ലെ മെല്ലെ മുന്നോട്ട് ചുവട് വച്ച് മുന്നേറാൻ ഈ പോരാട്ടങ്ങൾ നമ്മെ സഹായിക്കും.

മുമ്പ് നമ്മൾ സമരം നടത്തിയിരുന്നത് പ്രത്യക്ഷ മുതലാളിക്കെതിരായിട്ടായിരുന്നു; പ്രത്യക്ഷ സാമ്രാജ്യത്വ ത്തിനെതിരായിട്ടായിരുന്നു. എന്നാൽ ഇപ്പോൾ നമ്മുടെ മുന്നിലുള്ള സാമ്രാജ്യത്വവും മുതലാളിത്വവും വിശ്വാസ പ്രമാണങ്ങളുടേയും മതങ്ങളുടേയും ചട്ടക്കൂടിനകത്ത് നിന്നു കൊണ്ട് കോർപ്പറേറ്റുകളുടെ സഹായത്തോടെ വർഗ്ഗീയ വികാരങ്ങളെ ഉണർത്തിക്കൊണ്ടുള്ള മസ്തിഷ്ക്ക പ്രക്ഷാളനമാണ് നടത്തിക്കൊണ്ടിരിക്കുന്നത്. ആ മസ്തിഷ്ക്ക പ്രക്ഷാളനത്തിനെതിരേയുള്ള സമരം ചെറുതല്ല. വലിയ ദൗത്യമാണ്. ആ ദൗത്യമാണ് ഇൻഡ്യൻ തൊഴിലാളി വർഗ്ഗത്തിന് ഏറ്റെടുക്കാനുള്ളത്. ആ ചുമതല ഏറ്റെടുക്കാൻ മേയ് ദിനാചരണങ്ങൾ നമുക്ക് കരുത്ത് പകരുന്നു.

○

ഡോ. ജിപ്സൺ വി. പോൾ



# അദ്ധ്വാന വർഗ്ഗത്തിന്റെ ആരോഗ്യവും അതിജീവനവും കോവിഡ് കാലത്ത്

**തൊ**ഴിൽ സമയം 8 മണിക്കൂറായി നിജപ്പെടുത്തിയതിന്റെ ഓർമ്മയായിട്ടാണ് മേയ് ദിനാചരണം ആരംഭിച്ചത് എന്ന് ചരിത്രം സാക്ഷീകരിക്കുന്നു. പിന്നീടിങ്ങോട്ട് സാമൂഹിക സാമ്പത്തിക നേട്ടങ്ങളുടെ പ്രതിഫലനം കൂടിയാണ് ഇന്ന് മേയ് ദിനാചരണം. ലോകമെമ്പാടുമുള്ള വലതുപക്ഷ സർക്കാരുകൾ തൊഴിലാളി വിരുദ്ധ നിലപാടുകൾ സ്വീകരിക്കുന്ന കാലഘട്ടത്തിലൂടെയാണ് അദ്ധ്വാന വർഗ്ഗം നടന്നു നീങ്ങുന്നത്. ഏറ്റവും കൂടുതൽ ദുരിതം അനുഭവിക്കുന്ന തൊഴിലാളി വർഗ്ഗത്തിന് മേൽ ലോകമെമ്പാടും കരിനിയമങ്ങൾ അടിച്ചേൽപ്പിക്കുകയാണ്. യൂറോപ്പിൽ അടക്കം എട്ടുമണിക്കൂർ തൊഴിൽ സമയം എന്ന അവകാശം പോലും അട്ടിമറിക്കപ്പെടുകയാണ്. ഏകപക്ഷീയമായി തൊഴിൽ സമയം 12-13 മണിക്കൂറായി വർദ്ധിപ്പിക്കുന്നു. ഇന്ത്യയിൽ കോവിഡിന്റെ മറവിൽ വമ്പിച്ച പൊളിച്ചെഴുത്തുകൾ വരുത്തിക്കൊണ്ട് തൊഴിലാളി വിരുദ്ധ നയങ്ങൾ നടപ്പിലാക്കുകയാണ് കേന്ദ്ര സർക്കാർ. ബിജെപി ഭരിക്കുന്ന ഗുജറാത്തിലും, മധ്യപ്രദേശിലും, ഉത്തർപ്രദേശിലും തൊഴിൽ സമയം വർദ്ധിപ്പിച്ചു കഴിഞ്ഞു. ത്രിപുരയിലെ ബിജെപി സർക്കാരാകട്ടെ മെയ് ദിനം പൊതു അവധി പട്ടികയിൽനിന്നും എടുത്തു മാറ്റി നിയന്ത്രിത അവധി ആക്കി കഴിഞ്ഞിരിക്കുന്നു.

കോവിഡ് ലോകത്തിലേറ്റവും ഹാനികരമായി ബാധിച്ചത് തൊഴിലാളിവർഗ്ഗത്തെയാണ്. അത് സംഘടിത മേഖലയിലും അസംഘടിത മേഖലയിലും വലിയതോതിൽ തൊഴിൽനഷ്ടം ഉണ്ടാക്കിയിരിക്കുന്നു. അന്താരാഷ്ട്ര തൊഴിൽ സംഘടനയുടെ കണക്കുപ്രകാരം 225 മില്യൺ തൊഴിൽദിനങ്ങൾ ഈ മഹാമാരി നഷ്ടപ്പെടുത്തിയിരിക്കുന്നു. ആകെ തൊഴിൽ ദിനങ്ങളുടെ 26 ശതമാനം വരും ഇത്. തൊഴിലില്ലായ്മ ആഗോളതലത്തിൽ 33 മില്ല്യൻ ആയി വർദ്ധിച്ചിരിക്കുന്നു.

മൂന്നാം ലോക രാജ്യങ്ങളിലെ സ്ഥിതി വളരെ ദയനീയമായി. തൊഴിൽ വരുമാനത്തിൽ 10 മുതൽ 15 ശതമാനംവരെ കുറവുണ്ടായിരിക്കുന്നു. പ്രധാനപ്പെട്ട അസംഘടിത മേഖലയായ കൃഷി, ചെറുകിട വ്യവസായ സംരംഭക മേഖലകളിൽ 85 ശതമാനം വരെ തൊഴിൽ നഷ്ടം കണക്കാക്കുന്നു. ഇത്തരം തൊഴിലാളികളിൽ എഴുപത് ശതമാനത്തിനും ഇൻഷുറൻസ്, പ്രോവിഡന്റ് ഫണ്ട് പരിരക്ഷകൾ പ്രാപ്യമല്ല.

വിശപ്പ് വാഴുന്നിടത്ത് സമാധാനം നിലനിൽക്കുകയില്ലെന്ന് റോമൻ ചിന്തകനായ സെനേക്ക അഭിപ്രായപ്പെട്ടിട്ടുണ്ട്. ഈ പ്രസ്താവന സമകാലീന ഇൻഡ്യയിൽ പ്രസക്തമാണ്. ആഗോള പട്ടിണി സൂചികയിൽ പട്ടിണി രാജ്യമായി വിവരിക്കപ്പെടുന്ന തെക്കൻ സുഡാന്റെ തൊട്ടടുത്താണ് നമ്മുടെ സ്ഥാനം. 107 രാജ്യങ്ങളുടെ പട്ടികയിൽ നമ്മുടെ സ്ഥാനം 94 ആണ്. 95-ാം സ്ഥാനമാണ് തെക്കൻ സുഡാന്. നമ്മുടെ ആഗോളവൽക്കരണ ഉദാരവൽക്കരണ നയങ്ങളുടെ ഭാഗമായി ഇൻഡ്യയിൽ നഗര, ഗ്രാമ വ്യത്യാസമില്ലാതെ തൊഴിലാളി വർഗ്ഗം പ്രതിസന്ധിയിലാണ്. കർഷക തൊഴിലാളികൾക്കൊപ്പം കർഷക സമൂഹവും പ്രതിസന്ധിയിലാണ്. ഇതിനിടയിലാണ് ഇടിവെട്ടിയവനെ പാമ്പ് കടിച്ചു എന്ന് പറയും പോലെ പുതിയ കാർഷിക നിയമങ്ങളുമായി കേന്ദ്ര സർക്കാർ വരുന്നത്. പ്ലാനിംഗ് ബോർഡിനെ പിരിച്ചു വിട്ടുകൊണ്ട് സൃഷ്ടിച്ച നീതി ആയോഗിന്റെ തലതിരിഞ്ഞ സാമ്പത്തിക നയങ്ങളും നോട്ട് നിരോധനവും ചരക്ക് സേവന നികുതിയുമെല്ലാം തകർത്ത ഇൻഡ്യൻ സമ്പദ് വ്യവസ്ഥക്ക് കോവിഡ് മഹാമാരി ഏൽപ്പിച്ച ആഘാതത്തിൽ നിന്ന് മുക്തമാകാൻ അത്ര എളുപ്പമല്ല. ഇതിന്റെ എല്ലാ കഷ്ടതകളും തൊഴിലാളി വർഗ്ഗത്തിന്റെ തലയിൽ ചാർത്തി മൂലധന ശക്തികളെ സഹായിക്കുന്ന നിലപാടുകളാണ് ലോക രാജ്യങ്ങൾ സ്വീകരിക്കുന്നത്.

ഒരു രാജ്യം ക്ഷേമ രാഷ്ട്രമാകണമെങ്കിൽ അവിടെ തൊഴിലിന്റെ മഹത്വം അംഗീകരിക്കപ്പെടേണ്ടതുണ്ട്. ഇൻഡ്യയിൽ സാമ്പത്തിക വളർച്ചയേക്കാൾ കുറഞ്ഞ നിരക്കിലാണ് തൊഴിലവസരങ്ങൾ സൃഷ്ടിക്കപ്പെടുന്നത്. ആഭ്യന്തര ഉദ്പാദനം 3 ശതമാനത്തിൽ നിന്ന് 10 ശതമാനം വരെ വർദ്ധിച്ചപ്പോൾ തൊഴിൽ വളർച്ചാ നിരക്ക് രണ്ട് ശതമാനത്തിൽ നിന്ന് ഒരു ശതമാനമായി കുറയുകയാണുണ്ടായത്. ഉദ്പാദനം ആറു മടങ്ങ് വർദ്ധിച്ചപ്പോൾ വേതന വർദ്ധനവ് പത്ത് ശതമാനം വരെ താണു. സാമ്പത്തിക വളർച്ച മനുഷ്യ മൂലധനവുമായി ബന്ധപ്പെട്ടിരിക്കുന്നു. മനുഷ്യ മൂലധനത്തിന്റെ ക്രിയാത്മകമായ ഉപയോഗമാണ് സാമ്പത്തിക വളർച്ച സാധ്യമാക്കുന്നത്.

നെഹ്രൂവിയൻ മിശ്ര സമ്പദ് വ്യവസ്ഥ ഒരു മൂലധന സംസ്ക്കാരത്തിനുള്ളിൽ നിന്നുകൊണ്ട് തൊഴിൽ മേഖലക്കും തൊഴിലാളികൾക്കും സംരക്ഷണം നൽകിയിരുന്ന സാഹചര്യമാണ് സംജാതമാക്കിയിരുന്നെങ്കിൽ 1990കളിലെ നവ ഉദാരവൽക്കരണ ആഗോളവൽക്കരണ നയങ്ങൾ ഈ സാഹചര്യങ്ങളെയെല്ലാം നിരാകരിക്കുന്ന തായിരുന്നു. 90-കൾക്ക് ശേഷമുള്ള തൊഴിലാളി സമരങ്ങൾ സസൂക്ഷ്മം നിരീക്ഷിച്ചാൽ ആ സമരങ്ങൾ ഒന്നും പുതിയ അവകാശങ്ങൾക്ക് വേണ്ടിയായിരുന്നില്ല, മറിച്ച് നേടിയവ സംരക്ഷിക്കാൻ വേണ്ടിയായിരുന്നുവെന്ന് കാണാൻ കഴിയും. വർഗ്ഗീയ ഫാസിസ്റ്റ് ശക്തികൾ കേ

ന്ദ്രത്തിൽ അധികാരത്തിലെത്തിയതോടെ ജാതി മത ചിന്തകളുടെ സരണിയിൽ തൊഴിലാളി ഐക്യം തകർക്കുന്നതിനുള്ള കുൽസിത ശ്രമങ്ങളും ആരംഭിച്ചു.

ഇങ്ങിനെ ലോക തൊഴിലാളി വർഗ്ഗം കമ്പോള മൂലധന ശക്തികളുടെ ചൂഷണത്തിൽ നട്ടം തിരിയുന്ന തിനിടയിലാണ് കോവിഡ് മഹാമാരി തൊഴിൽ മേഖലയെ നിശ്ചലമാക്കിയത്. കോവിഡ് മഹാമാരിയെ കേവലം പകർച്ച വ്യാധിയായിട്ടല്ല അന്താരാഷ്ട്ര തൊഴിൽ സംഘടന വിലയിരുത്തുന്നത്. മറിച്ച് സാമ്പത്തിക പ്രതിസന്ധിയും തൊഴിൽ പ്രതിസന്ധിയുമായിട്ടാണ്. 2020-ന്റെ അവസാന പാദത്തിൽ ഏകദേശം 140 മില്യൺ മുഴുവൻ സമയ തൊഴിലവസരങ്ങളും ഏതാണ്ട് 340 മില്യൻ താത്ക്കാലിക തൊഴിലവസരങ്ങളും നഷ്ടപ്പെട്ടതായി വിലയിരുത്തപ്പെടുന്നു.

ഇൻഡ്യൻ സാഹചര്യത്തിൽ കോവിഡ് സൃഷ്ടിച്ച തൊഴിൽ നഷ്ടവും സാമ്പത്തിക പ്രതിസന്ധിയും ഏറ്റവും ഗുരുതരമായി ബാധിച്ചിരിക്കുന്നത് അസംഘടിത തൊഴിലാളി വർഗ്ഗത്തേയും സ്ത്രീ തൊഴിലാളികളേയുമാണ്. അവരിലേറെയും സ്ത്രീകളും പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങളും ന്യൂനപക്ഷങ്ങളുമാണ്. ഇവർക്ക് കോവിഡ് സമ്മാനിച്ചത് തൊഴിൽ നഷ്ടം മാത്രമല്ല. കേന്ദ്ര ഗവണ്മെന്റിന്റെ ദീർഘവീക്ഷണമില്ലാതെ അടച്ചുപൂട്ടൽ മൂലമുള്ള മരണങ്ങളുമാണ്. വിഭജനത്തിന് ശേഷമുള്ള ഏറ്റവും വലിയ ആഭ്യന്തര പലായനത്തിനാണ് ഇൻഡ്യ സാക്ഷ്യം വഹിച്ചത്. ഇൻഡ്യൻ ഭരണഘടന ഉറപ്പ് നൽകുന്ന മൗലികാവകാശങ്ങളേയും ജീവിക്കാനുള്ള അവകാശങ്ങളേയുമൊന്നും ലവലേശം വകവക്കാത്ത കേന്ദ്ര സർക്കാർ നയങ്ങളാണ് കോവിഡ് മഹാമാരിയേക്കാൾ വലിയ ആപത്തെന്ന് ജനങ്ങളിപ്പോൾ തിരിച്ചറിയുന്നു.

മഹാമാരിയിൽ യാത്രാസ്തംഭനം ആയതോടെ തൊഴിലാളികൾക്ക് തൊഴിലിടങ്ങളിൽ എത്തിച്ചേരാനാവുന്നില്ല. സാമൂഹിക അകലം പാലിച്ചു കൊണ്ട് തൊഴിലെടുക്കാനുള്ള അവസരം പോലും നഷ്ടപ്പെടുന്നു. സേവന മേഖലയിലേയും വിവര സാങ്കേതിക വിദ്യ മേഖലയിലും തൊഴിൽ എടുക്കുന്നവരുടെ ഭവനങ്ങൾ തന്നെ തൊഴിലിടങ്ങളായി മാറ്റപ്പെട്ടു. തൊഴിൽ ഇടങ്ങളിലെ സംഘർഷങ്ങളും ഉത്ക്കണ്ഠകളും ഇന്ന് അവരുടെ വീടുകൾക്കുള്ളിൽ എത്തിയിരിക്കുന്നു. ഭവനങ്ങൾ തൊഴിലിടങ്ങളിലേതിനേക്കാൾ കലുഷിതമായിരിക്കുന്നു. ഇത് തൊഴിലാളികളുടെ കുടുംബ ബന്ധങ്ങളേയും മാനസിക നിലയേയും ബാധിക്കുന്നുണ്ട്. ഭവനങ്ങളിലെ തൊഴിലിടങ്ങൾ നിലനിൽക്കുന്നത് ഇന്റർനെറ്റ് പോലെയുള്ള സാങ്കേതികവിദ്യയുടെ പിൻബലത്തിലായതിനാൽ വിവര സാങ്കേതിക വിടവ് അവന്റെ തൊഴിൽ നഷ്ടപ്പെടുന്നതിന് പോലും കാരണമാകുന്നു. പ്രവാസി തൊഴിലാളികളുടെ തിരിച്ചു വരവും അവരുടെ പുനരധിവാസവും വലിയ വെല്ലുവിളികൾ സൃഷ്ടിക്കുന്നു.

ഇൻഡ്യയും അദ്ധ്വാന വർഗ്ഗത്തിന് സഹായ പദ്ധതികൾ പ്രഖ്യാപിച്ചുവെങ്കിലും അതെല്ലാം അപര്യാപ്തമായിരുന്നു. മിക്കവാറും രാജ്യങ്ങൾ തങ്ങളുടെ ജി.ഡി.പി.യുടെ നാലും എട്ടും ശതമാനം വരെ സഹായ പദ്ധതികൾ പ്രഖ്യാപിച്ചപ്പോൾ ഇൻഡ്യ ജി.ഡി.പി.യുടെ 0.09 ശതമാനം മാത്രമാണ് പ്രഖ്യാപിച്ചത്.

ആരോഗ്യ മേഖലക്ക് പ്രത്യേക പരിഗണന ആവശ്യമായ ഈ ഘട്ടത്തിൽപ്പോലും ജി.ഡി.പി.യുടെ 1.8 ശതമാനമാണ് കേന്ദ്ര ബജറ്റിൽ നീക്കിവച്ചത്. പിപിഇ കിറ്റിന്റേയും, മാസ്ക്കിന്റേയും, ഓക്സിജന്റേയും കുറവാണ് ഇന്ന് ഇൻഡ്യ നേരിടുന്നത്. രാജ്യത്ത് ദിവസേന ആയിരക്കണക്കിന് ആളുകൾ മരണത്തിന് കീഴടങ്ങുമ്പോഴും ലക്ഷങ്ങൾ രോഗികളായി മാറുമ്പോഴും സൗജന്യവും സാർവ്വത്രികവുമായ വാക്സിനേഷൻ നടപ്പാക്കാൻ കേന്ദ്ര സർക്കാർ തയ്യാറാകുന്നില്ല. ജനസംഖ്യയുടെ കേവലം മൂന്ന് ശതമാനത്തിന് മാത്രമാണ് രണ്ടാം ഡോസ് വാക്സിൻ ലഭ്യമായത്. ഒരേ വാക്സിൻ തന്നെ പല വില ഈടാക്കാൻ അനുവദിച്ചതിലൂടെ വൻകിട മരുന്ന് നിർമ്മാണക്കമ്പനികളുടെ ചൂഷണത്തിന് സ്വന്തം ജനങ്ങളെ എറിഞ്ഞുകൊടുക്കുകയാണ് കേന്ദ്ര സർക്കാർ.

വാക്സിൻ മുൻഗണന പട്ടികയിൽ ഒരിടത്തും തൊഴിലാളി വർഗ്ഗത്തിന് ഇടം നൽകിയിട്ടില്ല. മോട്ടോർ തൊഴിലാളി മുതൽ ദിവസ വേതന വീട്ടു ജോലിക്കാർ വരെ ഉൾപ്പെടുന്ന അദ്ധ്വാന വർഗ്ഗത്തിന് കോവിഡ് വാക്സിനേഷൻ മുൻഗണനാ ലിസ്റ്റിൽപ്പെടുത്തേണ്ടത് അത്യാവശ്യമാണ്. ജനാധിപത്യ സ്വഭാവമില്ലാത്ത ഈ വാക്സിൻ നയം തിരുത്തപ്പെടണം.

ഇവിടെയാണ് ഇടതുപക്ഷ പുരോഗമന സർക്കാർ ഭരിക്കുന്ന കേരളം വ്യത്യസ്തമാകുന്നത്. കേരളത്തിന്റെ മനുഷ്യവിഭവശേഷിയെ വളർത്തിയെടുത്ത് മഹാമാരിയെ പ്രതിരോധിക്കാൻ നമുക്കാകുന്നു. ലോകത്ത് ഏറ്റവും കുറവ് കോവിഡ് മൂലം മരിക്കുന്നത് കേരളത്തിലാണ്. ഇൻഡ്യ കടുത്ത ഓക്സിജൻ ക്ഷാമം നേരിടുമ്പോൾ കേരളം ഓക്സിജൻ മിച്ച സംസ്ഥാനമായി നിൽക്കുന്നു. കേരളത്തിലെ മുഴുവൻ ജനങ്ങൾക്കും വാക്സിൻ സൗജന്യവും സാർവ്വത്രികവുമായി നൽകിക്കൊണ്ട് ജനകേന്ദ്രീകൃത നയമാണ് കേരളം സ്വീകരിച്ചത്.

ആഗോള മുതലാളിത്ത്വത്തിനെതിരേ ജനകീയ ബദൽ നയങ്ങൾ സൃഷ്ടിക്കാൻ കഴിഞ്ഞ കേരള മാതൃക ലോകത്തിന് തന്നെ മാതൃകയാണ്. മാനവ വികസന രംഗത്ത് കേരളവും ക്യൂബയും തമ്മിൽ സാമ്യമുണ്ട്. ലോകത്ത് പ്രതിശീർഷ ഡോക്ടർ സേവനം ഏറ്റവും കൂടുതൽ ലഭ്യമായ രാജ്യം ക്യൂബയാണ്. അടിസ്ഥാന ആരോഗ്യ സംരക്ഷണത്തിൽ കേരളം ആഗോള നിലവാരമാണ് പുലർത്തുന്നത്. കേരളത്തെപ്പോലെ അതിശക്തമായ പൊതുവിതരണ സമ്പ്രദായം ലേത്ത് മറ്റൊരിടത്തും നിലവിലില്ല. ഈ കോവിഡിന്റെ കാലത്ത് ഒരാൾ പോലും പട്ടിണി കിടക്കാൻ കേരള സർക്കാർ അനുവദിച്ചില്ല. ഒരു ഉപഭോക്തൃ സംസ്ഥാനമായ കേരളം ജനങ്ങളുടെ അടിസ്ഥാന ആവശ്യങ്ങൾ നിറവേറ്റി. വരുമാനം കുറഞ്ഞ സംസ്ഥാനമായിട്ടും എല്ലാ രംഗത്തും സമഗ്ര വികസനം ഉറപ്പ് വരുത്തി.

ആഗോളവൽക്കരണ അജണ്ടക്കും വർഗ്ഗീയതക്കും എതിരായി പ്രത്യയശാസ്ത്ര ബദലും ജനകീയ ബദലും സൃഷ്ടിച്ചു കൊണ്ട് അദ്ധ്വാനവർഗ്ഗത്തെ സംരക്ഷിച്ച സർക്കാരാണ് നമ്മുടേത്. ചരിത്ര വിജയം നേടി ഇടതുപക്ഷ സർക്കാരിന്റെ തുടർ ഭരണം സാധ്യമാക്കിയതിന് പിന്നിൽ തൊഴിലാളി വർഗ്ഗത്തിന്റെ പങ്ക് വളരെ വലുതാണ്. നിപ്പയും പ്രളയവും കൊറോണയും തകർക്കാൻ ശ്രമിച്ച കേരളത്തെ കൈപിടുച്ചുയർത്താൻ മുന്നിൽ നിന്നവരാണ് നമ്മുടെ തൊഴിലാളി സഖാക്കൾ. മതേതരത് വവും ജനാധിപത്യാവകാശവുമെല്ലാം കാറ്റിൽപ്പറത്തിക്കൊണ്ടുള്ള നിയമങ്ങൾ കേന്ദ്ര സർക്കാർ പുറപ്പെടുവിച്ചപ്പോൾ അതിനെ ഒറ്റക്കെട്ടായി എതിർത്തവരാണ് നമ്മുടെ തൊഴിലാളി സഖാക്കൾ. ആ അദ്ധ്വാനവർഗ്ഗത്തിന്റെ വിജയം കൂടിയാണ് ഇടതുപക്ഷത്തിന്റെ ഈ തുടർ ഭരണം.



ഡോ. അമൽ. സി. രാജൻ

# കോവിഡും തൊഴിൽ മേഖലയും



**കേ**രളത്തിൽ ഇടതുപക്ഷ ജനാധിപത്യ മുന്നണി വീണ്ടും അധികാരത്തിൽ വന്നതിന്റെ ആവേശത്തിലും കോവിഡിന്റെ രണ്ടാം തരംഗം പിടിമുറുക്കുന്നതിന്റെ ആശങ്കയിലുമാണ് ഇന്ന് കേരളം.

ഒരു ജനാധിപത്യ രാജ്യത്തെ തൊഴിലാളി വർഗ്ഗത്തിനും സാധാരണക്കാർക്കും സർക്കാരിനോടുള്ള അവരുടെ യോജിപ്പും വിയോജിപ്പും രേഖപ്പെടുത്താനുള്ള അവകാശമുണ്ട്. സ്വാഭാവികമായും തെരഞ്ഞെടുപ്പിലൂടെ അധികാരത്തിലേറിയ ആ സർക്കാരിന്റെ നയങ്ങളോടുള്ള വിമർശനങ്ങളും വിയോജിപ്പുകളും പിന്തുണയുമെല്ലാം പ്രകടിപ്പിക്കാൻ ഒരു കാലത്തും ഒരു മടിയും കാണിക്കാത്ത വിഭാഗമാണ് തൊഴിലാളി വർഗ്ഗം. ആ തൊഴിലാളി വർഗ്ഗം അവരുടെ സ്വത്വബോധം ഉയർത്തിപ്പിടിച്ചു കൊണ്ട് കോവിഡ് മഹാമാരിയുടെ രണ്ടാം തരംഗത്തിനെ നേരിട്ടു കൊണ്ടിരിക്കുകയാണ്. കോവിഡ് രണ്ടാം തരംഗമെന്ന് വിശേഷിപ്പിക്കപ്പെടുന്ന ഇപ്പോഴത്തെ അവസ്ഥ സംജാതമായ ശേഷമുള്ള ഈ ഏതാനും ദിവസങ്ങൾക്കുള്ളിൽ തന്നെ നമുക്ക് 70 ലക്ഷം തൊഴിൽ ദിനങ്ങൾ നഷ്ടപ്പെട്ടു. കഴിഞ്ഞ വർഷത്തെ ദീർഘമായ ലോക്ക്ഡൗൺ സമയത്ത് ഇൻഡ്യയിലെ രണ്ട് കോടിയോളം പേർക്ക് തൊഴിൽ നഷ്ടപ്പെട്ടതായാണ് ഔദ്യോഗിക കണക്ക്.

സർക്കാർ അവരുടെ ഏറ്റവും ഒടുവിലത്തെ ഉപാധിയായ ലോക്ക്ഡൗൺ ഏർപ്പെടുത്താൻ നിർബന്ധിതമായ സാഹചര്യമാണ് ഇന്നുള്ളത്. കഴിഞ്ഞ ലോക്ക്ഡൗണിന്റെ ആഘാതത്തിൽ നിന്നും നമ്മൾ ഇനിയും മോചിതരായിട്ടില്ല. മറ്റ് സംസ്ഥാനങ്ങൾക്ക് നേരിടേണ്ടി വരാതിരുന്ന നിരവധി പ്രശ്നങ്ങളെ കഴിഞ്ഞ വർഷം നേരിട്ട സംസ്ഥാനമാണ് കേരളം. ഓഖിയും നീപ്പയും രണ്ട് പ്രളയവും നമ്മെ തളർത്തി. അത് നമ്മുടെ സാമ്പത്തിക രംഗത്തും തൊഴിൽ രംഗത്തും ഉണ്ടാക്കിയ നിരവധി പ്രതിസന്ധികളെ തരണം ചെയ്തു കൊണ്ടിരിക്കുന്ന അവസരത്തിലാണ് കോവിഡ് നമ്മുടെ നാട്ടിലേക്ക് വന്നത്.

ഇൻഡ്യയിലെ ആദ്യ കോവിഡ് കേസ് റിപ്പോർട്ട് ചെയ്തത് തൃശൂരിലാണ്. 2020 ജനുവരി 30-ന് ആദ്യ കോവിഡ് കേസ് റിപ്പോർട്ട് ചെയ്ത ദിവസം മുതൽ കേരളം ഈ മഹാമാരിയെ നേരിടാനുള്ള എല്ലാ ഒരുക്കങ്ങളും ചെയ്തിരുന്നു. മാർച്ച് 8 ആയതോടെ കൂടുതൽ ജാഗ്രത

കൈവരിച്ച് നമ്മൾ മുന്നോട്ട് പോകുന്ന സമയത്താണ് മാർച്ച് 24-ന് പ്രധാനമന്ത്രി 21 ദിവസത്തെ സമ്പൂർണ്ണ ലോക്ക്ഡൗൺ പ്രഖ്യാപിക്കുന്നത്. പിന്നീട് അത് സെപ്റ്റംബർ മാസം വരെ നീണ്ടു. മാർച്ച് മുതൽ സെപ്തംബർ വരെയുള്ള കാലഘട്ടം ഏതാണ്ട് പൂർണ്ണമായ ലോക്ക്ഡൗൺ തന്നെയായിരുന്നുവെന്നതാണ് യാഥാർത്ഥ്യം. അതിന് ശേഷം സാവധാനത്തിൽ നാം സാധാരണ ജീവിതത്തിലേക്ക് തിരികെ വന്നുകൊണ്ടിരിക്കുമ്പോഴാണ് അപ്രതീക്ഷിതമായി കോവിഡ് പകർച്ച വ്യാധിയുടെ ഈ രണ്ടാം വരവ്. അപ്രതീക്ഷിതമെന്ന് പറയാനാവില്ല. കാരണം നമ്മുടെ ശാസ്ത്രജ്ഞരും ആരോഗ്യ രംഗത്തെ വിദഗ്ദ്ധരുമെല്ലാം ഇത്തരമൊരു സ്ഥിതിവിശേഷത്തെപ്പറ്റി മുന്നറിയിപ്പുകൾ നൽകിയിരുന്നു. എന്നാൽ സർക്കാർ അതൊന്നും വകവച്ചില്ല.

ഒന്നാം ലോക്ക്ഡൗൺ ഇൻഡ്യയൊട്ടാകെ സൃഷ്ടിച്ച തൊഴിൽ നഷ്ടത്തെക്കുറിച്ച് പ്രത്യേകം പറയേണ്ട കാര്യമില്ല. പക്ഷേ ഈ നഷ്ടത്തിനിടയിൽ കേന്ദ്ര സർക്കാർ സ്വീകരിച്ച സമീപനവും അതിന് പിന്നിലെ രാഷ്ട്രീയവും എങ്ങിനെയാണ് ഒരു മഹാമാരിയുടെ കാലഘട്ടം കൃത്യമായി സർക്കാർ അതിന്റെ നിഗൂഢ അജൻഡകൾ നടപ്പാക്കാൻ ഉപയോഗിച്ചതെന്ന് കാണാതിരിക്കാൻ നമുക്കാവില്ല.

ലോക്ക്ഡൗൺ പ്രഖ്യാപിച്ച ഏപ്രിൽ 23 രാത്രി മുതൽ ഉത്തരേൻഡ്യയിലെ തെരുവുകളിൽ നാം കണ്ട ദൃശ്യങ്ങൾ അതിഭീകരമാണ്. അസംഘടിതരായ ലക്ഷോപലക്ഷം തൊഴിലാളികൾ തെരുവുകളിൽ നിറയുകയായിരുന്നു. പ്രധാനമന്ത്രി ജനങ്ങളോട് പറഞ്ഞത് വീടുകൾക്കകത്ത് ഇരിക്കണമെന്നായിരുന്നു. പക്ഷേ ജനങ്ങൾക്ക് അകത്തിരിക്കാൻ സാധിക്കുന്ന മാനസികാവസ്ഥയിലായിരുന്നില്ല. യാതൊരു തരത്തിലുമുള്ള മുന്നൊരുക്കങ്ങൾ ഇല്ലാതെ അന്യ സംസ്ഥാനങ്ങളിലും മറ്റും ജോലി ചെയ്യുന്ന അസംഘടിതരായ ദശലക്ഷ ക്കണക്കിന് തൊഴിലാളികളോട് നാളെ മുതൽ നിങ്ങൾ ജോലി ചെയ്യാതെ വീട്ടിനുള്ളിലിരിക്കണമെന്ന് പറയുന്ന സർക്കാർ ജനപക്ഷത്ത് നിൽക്കുന്നവരായിരുന്നുവെങ്കിൽ ജനങ്ങളെക്കുറിച്ച് എന്തെങ്കിലും ചിന്തയുള്ളവരായിരുന്നുവെങ്കിൽ ഇത്തരത്തിലൊരു ലോക്ക്ഡൗൺ പ്രഖ്യാപിക്കുകയില്ലായിരുന്നു.

അതിനെത്തുടർന്ന് വിഭജനകാലത്ത് മാത്രം കണ്ടിട്ടുള്ള തരത്തിൽ അഭയാർത്ഥികളെപ്പോലെ ലക്ഷോപലക്ഷം തൊഴിലാളികൾ കുടുംബസമേതം അവരുടെ പണിയായുധങ്ങളും ചെറിയ വീട്ടുപകരണങ്ങളും സഹിതം നഗരങ്ങളിൽ നിന്നും ഗ്രാമാന്തരങ്ങളിലേക്ക് പലായനം ചെയ്യുന്ന ദൃശ്യം ലോകം മുഴുവൻ കണ്ടതാണ്.

യഥാർത്ഥത്തിൽ എങ്ങിനെയാണ് സർക്കാർ ലോക്ക്ഡൗൺ സമയത്ത് തൊഴിലാളികളുടെ പ്രശ്നങ്ങൾ കൈകാര്യം ചെയ്യാൻ പോകുന്നത് എന്നതിന്റെ ഒരു സൂചകമായിരുന്നു അത്. അസംഘടിത മേഖലയിലെ തൊഴിലാളികളുടെ മേൽ പ്രഹരമേൽപ്പിച്ചു കൊണ്ട് ആരംഭിച്ച ആ ലോക്ക്ഡൗൺ ഇന്ന് ചെന്നെത്തി നിൽക്കുന്നത് സംഘടിത മേഖലയിലെ തൊഴിലാളികളുടെ അവകാശങ്ങൾ കൂടി ഹനിക്കുന്ന രീതിയിലുള്ള നിയമനിർമ്മാണങ്ങളിലാണ്.

വ്യവസായ ബന്ധ കോഡിന്റെ കരട് ചട്ടങ്ങൾ പ്രസിദ്ധീകരിച്ചു കൊണ്ട് ഈ മേയ് മാസം നാലാം തിയതി കേന്ദ്ര സർക്കാർ തങ്ങളുടെ ട്രേഡ് യൂണിയൻ നയം ആവർത്തിച്ച് പ്രഖ്യാപിച്ചിരിക്കുകയാണ്. തൊഴിലാളികളെ അപ്പാടെ മുതലാളിമാരുടെ കാൽക്കീഴിലേക്ക് വലിച്ചെറിഞ്ഞിരിക്കുകയാണ് കേന്ദ്ര സർക്കാർ. തൊഴിലാളി സംഘടന പ്രവർത്തനങ്ങളെ പൂർണ്ണമായും അട്ടിമറിക്കുന്ന തരത്തിലുള്ള നിയമവുമായി രാജ്യം മുന്നോട്ട് പോകുകയാണ്. ശക്തമായ പോരാട്ടങ്ങളില്ലങ്കിൽ തൊഴിലാളികളെപ്പറ്റി ഒരു ചിന്തയുമില്ലാത്ത ഈ സർക്കാർ ഈ തൊഴിലാളി വിരുദ്ധ നയങ്ങളെല്ലാം നടപ്പാക്കാനുള്ള സാധ്യതകളാണ് ഇൻഡ്യ കാണാൻ പോകുന്നത്.

ഇരുന്നൂറിലധികം വർഷങ്ങളുടെ പോരാട്ടങ്ങളുടെ ഫലമായാണ് തൊഴിലാളി വർഗ്ഗത്തിന്റെ ജോലി സമയ ക്ലിപ്തത നിയമമായത്. ആ എട്ടുമണിക്കൂർ സമയ ക്ലിപ്തതയെ ലോക്ക്ഡൗൺ പശ്ചാത്തലത്തിൽ അട്ടിമറിക്കാനുള്ള ശ്രമങ്ങൾ നടന്നു. ഉത്തർപ്രദേശാണ് ഹിന്ദുത്വത്തിന്റെ പരീക്ഷണ കേന്ദ്രം. ആ ഉത്തർപ്രദേശിൽ ആരംഭിച്ച ആ പരീക്ഷണമാണ് എട്ട് മണിക്കൂർ പ്രവൃത്തി സമയം പന്ത്രണ്ട് മണിക്കൂറാക്കി വർദ്ധിപ്പിച്ചത്. മുതലാളിമാർക്ക് തൊഴിലാളികളെ പിരിച്ചു വിടാൻ അവസരമൊരുക്കിക്കൊടുത്തത്. നിശ്ചിത എണ്ണം സ്ഥിരം തൊഴിലാളികൾക്ക് പകരം ഇഷ്ടം പോലെ കരാർ തൊഴിലാളികളെ നിയമിക്കാൻ അനുമതി നൽകിയത്. എല്ലാ നിയമ വ്യവസ്ഥകളും ഉദാരമാക്കിക്കൊണ്ട് തൊഴിൽ നിയമങ്ങൾ മരവിപ്പിച്ചത്. അതിനവർ പറഞ്ഞ ന്യായം കരാർ തൊഴിലാളികളെ കൂടുതൽ എടുക്കാനാവുമെന്നും അതുവഴി കൂടുതൽ ജനങ്ങൾക്ക് തൊഴിൽ ലഭിക്കുമെന്നും അങ്ങിനെ കൂടുതൽ ആളുകളുടെ കയ്യിൽ പണമെത്തിച്ചേരുമെന്നുമുള്ള വലതുപക്ഷ സാമ്പത്തിക ശാസ്ത്രമായിരുന്നു. പക്ഷേ ആ ന്യായവാദങ്ങൾ എത്രമാത്രം തെറ്റായിരുന്നുവെന്ന് മനസ്സിലാക്കാൻ ജോലി സമയം വർദ്ധിപ്പിച്ച ഒറ്റ ഉദാഹരണം മാത്രം മതി. ജോലി സമയം പന്ത്രണ്ട് മണിക്കൂറാക്കിയതോടെ നാലുമണിക്കൂർ നേരം പണിയെടുക്കാനുള്ള മറ്റൊരു തൊഴിലാളിയുടെ അവസരം നഷ്ടപ്പെടുത്തുകയാണ് ചെയ്തത്. രണ്ട് കരാർ തൊഴിലാളികൾ പന്ത്രണ്ട് മണിക്കൂർ തൊഴിലെടുക്കുമ്പോൾ ഒരു തൊഴിലാളിയുടെ തൊഴിലവകാശം നിഷേധിക്കപ്പെടുകയാണ്. തൊഴിൽ നിയമങ്ങൾ പരിഷ്ക്കരിക്കുന്നതിന് കാരണമായി എന്താണോ അവർ തൊഴിലാളികളോട് പറഞ്ഞത് അതിന് കടക വിരുദ്ധമാണ് കാര്യങ്ങളുടെ ഗതി.

ട്രേഡ് യൂണിയൻ അവകാശങ്ങൾ നിഷേധിക്കപ്പെടുന്ന അവസ്ഥയിലെത്തി നിൽക്കുകയാണ് തൊഴിൽ രംഗം. ഒന്നോ രണ്ടോ കക്ഷികൾ മാത്രമുള്ള ഒരു അമേരിക്കൻ മോഡൽ രാഷ്ട്രീയം വിഭാവനം ചെയ്യുന്ന ബി.ജെ.പി.യും സംഘപരിവാറും അത്തരത്തിലൊരു ട്രേഡ് യൂണിയൻ രംഗമാണ് ലക്ഷ്യമിടുന്നത്. കൂടുതൽ ട്രേഡ് യൂണിനുകളില്ലാത്ത പൂർണ്ണമായും മുതലാളിത്തത്തിന് കീഴ്പ്പെട്ട് നിൽക്കുന്ന ട്രേഡ് യൂണിയനുകളുടെ കുത്തകയാക്കി തൊഴിൽ മേഖലയെ മാറ്റുക എന്ന ലക്ഷ്യമാണ് പുതിയ നിയമ നിർമ്മാണങ്ങളിലൂടെ ബി.ജെ.പി. ലക്ഷ്യമിടുന്നത്. ഇത്തരത്തിൽ തൊഴിലാളികൾക്കെതിരായ ഒരു പരീക്ഷണശാലയായിരുന്നു ഒന്നാം കോവിഡ് കാലഘട്ടത്തിലെ ഇൻഡ്യ.

ഈ കാലത്ത് കേരളത്തിൽ സംഭവിച്ചത് എന്താണെന്ന് നമുക്ക് നോക്കാം. കേരളത്തിന്റെ സാമ്പത്തിക രംഗവും തൊഴിൽ രംഗവും ഇൻഡ്യൻ സാഹചര്യങ്ങളിൽ നിന്നും വ്യത്യസ്തമാണ്. നവോത്ഥാന കാലഘട്ടം മുതൽക്കേ നടന്നിരുന്ന പോരാട്ടങ്ങളുടെ ഭാഗമായി കേരളം ഒരു ജനാധിപത്യ സമൂഹമായി പരിണമിച്ചിരുന്നു. അത്തരമൊരു ജനാധിപത്യ സമൂഹത്തിലെ തൊഴിലാളികൾക്ക് തൊഴിലവകാശങ്ങളെക്കുറിച്ചുള്ള അവബോധമുണ്ടായി

**ഇരുന്നൂറിലധികം വർഷങ്ങളുടെ പോരാട്ടങ്ങളുടെ ഫലമായാണ് തൊഴിലാളി വർഗ്ഗത്തിന്റെ ജോലി സമയ ക്ലിപ്തത നിയമമായത്. ആ എട്ടുമണിക്കൂർ സമയ ക്ലിപ്തതയെ ലോക്ക്ഡൗൺ പശ്ചാത്തലത്തിൽ അട്ടിമറിക്കാനുള്ള ശ്രമങ്ങൾ നടന്നു. ഉത്തർപ്രദേശാണ് ഹിന്ദുത്വത്തിന്റെ പരീക്ഷണ കേന്ദ്രം. ആ ഉത്തർപ്രദേശിൽ ആരംഭിച്ച ആ പരീക്ഷണമാണ് എട്ട് മണിക്കൂർ പ്രവൃത്തി സമയം പന്ത്രണ്ട് മണിക്കൂറാക്കി വർദ്ധിപ്പിച്ചത്. മുതലാളിമാർക്ക് തൊഴിലാളികളെ പിരിച്ചുവിടാൻ അവസരമൊരുക്കിക്കൊടുത്തത്. നിശ്ചിത എണ്ണം സ്ഥിരം തൊഴിലാളികൾക്ക് പകരം ഇഷ്ടം പോലെ കരാർ തൊഴിലാളികളെ നിയമിക്കാൻ അനുമതി നൽകിയത്. എല്ലാ നിയമ വ്യവസ്ഥകളും ഉദാരമാക്കിക്കൊണ്ട് തൊഴിൽ നിയമങ്ങൾ മരവിപ്പിച്ചത്.**

രിക്കും. അതുകൊണ്ട് ഇതര സംസ്ഥാനങ്ങളിൽ നിന്നും വ്യത്യസ്തമായ ഒരനുഭവമാണ് ഒന്നാം കോവിഡ് കാലഘട്ടത്തിൽ കേരളത്തിലെ തൊഴിലാളിക്ക് ഉണ്ടായത്.

ഇൻഡ്യയിലെല്ലായിടത്തും അനുഭവപ്പെട്ട തൊഴിൽ നഷ്ടം കേരളത്തിലെ തൊഴിലാളിക്കും അനുഭവപ്പെട്ടു. എങ്ങിനെയാണ് നമ്മുടെ ഗ്രാമങ്ങളെ കോവിഡ് ബാധിച്ചത് എന്നതിനെപ്പറ്റി ശാസ്ത്ര സാഹിത്യ പരിഷത് ഒരു പഠനം നടത്തി. കോഴിക്കോട് ജില്ലയിലെ നൊച്ചാട് പഞ്ചായത്തിലായിരുന്നു ആ പഠനം. വളരെ ശ്രദ്ധേയമായ ചില കണ്ടെത്തലുകൾ ആ പഠനം വെളിപ്പെടുത്തി. സ്ഥിരം തൊഴിൽ മേഖലയെ ഒഴിവാക്കി അസംഘടിത മേഖല കേന്ദ്രീകരിച്ചായിരുന്നു അവർ ആ പഠനം നടത്തിയത്. നൊച്ചാട് പഞ്ചായത്തിലെ പതിനൊന്ന് ശതമാനം വീടുകളിലെ എട്ട് ആഴ്ചത്തെ തൊഴിലും വരുമാനവും എത്രത്തോളം നഷ്ടപ്പെട്ടുവെന്നാണ് അവർ പഠിച്ചത്. ഈ പതിനൊന്ന് ശതമാനം വീടുകളിലെ 52 ശതമാനം പുരുഷന്മാരും 22 ശതമാനം സ്ത്രീകളുമാണ് ജോലി ചെയ്യുന്നവർ. കോവിഡ് കാലത്തിന് മുമ്പ് ഇവർക്കെല്ലാവർക്കും ആഴ്ചയിൽ 5.4 ദിവസവും ജോലി ലഭിക്കുമായിരുന്നു. എന്നാൽ കോവിഡ് കാലത്ത് അവർക്ക് ശരാശരി ഒന്നര ദിവസത്തെ ജോലി പോലും ലഭിക്കുന്നുണ്ടായിരുന്നില്ല. ഈ കാലയളവിൽ അവർക്ക് നേരിട്ട തൊഴിൽ നഷ്ടം 65 ശതമാനമായിരുന്നു. എട്ട് ആഴ്ചത്തെ വരുമാന നഷ്ടം കണക്കാക്കിയപ്പോൾ 18 കോടി രൂപയുടെ നഷ്ടമുണ്ടായതായി അവർ കണ്ടെത്തി. അതായത് ആ ചെറിയ പഞ്ചായത്തിൽ മാത്രം അസംഘടിത മേഖലയിലെ തൊഴിലാളികൾക്ക് അവരുടെ അദ്ധ്വാനത്തിന് തുല്യമായി ലഭിക്കേണ്ടിയിരുന്ന 18 കോടി രൂപ അവർക്ക് എന്നെന്നേക്കുമായി നഷ്ടപ്പെട്ടു. അപ്പോൾ ഇൻഡ്യയിലാകെ അസംഘടിത മേഖലയിലെ തൊഴിലാളികൾക്ക് ഉണ്ടായ അതിഭീമമായ നഷ്ടത്തെക്കുറിച്ച് ഊഹിക്കാവുന്നതേയുള്ളൂ.

കേരളത്തിൽപ്പോലും തൊഴിലാളി എന്ന നിർവ്വചനത്തിൽ സംഘടിത മേഖലയിലെ തൊഴിലാളികളേ പെടുന്നുള്ളൂ. അസംഘടിത തൊഴിലാളികൾ ആ നിർവ്വചനത്തിലില്ല. അസംഘടിത തൊഴിലാളികൾ കൂടി ഉൾപ്പെടുന്നതാണ് തൊഴിലാളി സമൂഹം എന്ന ചിന്തയിലേക്ക് ഇത്രയും ശക്തമായ ട്രേഡ് യൂണിയൻ പ്രസ്ഥാനങ്ങളുള്ള കേരള സമൂഹം പോലും വികസിച്ചിട്ടില്ല. കേരളത്തിലെ അസംഘടിത മേഖലയിലെ തൊഴിലാളികളും സംഘടിതരാണ്. അവർക്കും ട്രേഡ് യൂണിയനുകളുണ്ട്. പക്ഷേ തൊഴിൽ അവകാശങ്ങളുടെ കാര്യം വരുമ്പോൾ അവർ തൊഴിലാളിയെന്ന നിർവ്വചനത്തിൽ പെടുന്നില്ല. ഇത് ശരിയാണോ എന്ന് സ്വയം വിമർശനപരമായി നാം ചിന്തിക്കേണ്ടിയിരിക്കുന്നു.

കേരളത്തെ സംബന്ധിച്ചിടത്തോളം അസംഘടിത മേഖല വളരെ പ്രധാനമാണ്. കേരളത്തിന്റെ ജനസംഖ്യ 34.5 ദശലക്ഷമാണ്. അതിൽ ഇവിടെ സ്ഥിരതാമസമാക്കിയവർ 30.1 ദശലക്ഷം വരും. അവശേഷിക്കുന്ന 4.1 ദശലക്ഷം ജനങ്ങൾ ഇതര സംസ്ഥാനങ്ങളിലോ വിദേശങ്ങളിലോ വസിക്കുന്നു. ഈ 4.1 ദശലക്ഷം കേരളത്തെ സംബന്ധിച്ചിടത്തോളം വളരെ നിർണ്ണായകമാണ്.

34.5 ദശലക്ഷം വരുന്ന നമ്മുടെ ജനസംഖ്യയിൽ തൊഴിലെടുക്കാൻ പ്രാപ്തിയുള്ളവർ – അതായത് 15 വയസ്സിന് മുകളിലുള്ള ചെറുപ്പക്കാർ – 24.1 ദശലക്ഷമാണ്. ഇവരിൽ പുരുഷന്മാർ 11.1 ദശലക്ഷവും സ്ത്രീകൾ 13 ദശലക്ഷവും വരും. വരുമാനം ലഭിക്കുന്ന ഏതെങ്കിലും തരത്തിലുള്ള തൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവരുടെ എണ്ണം 11.4 ദശലക്ഷമാണ്. ഇതിൽ 7.8 ദശലക്ഷവും പുരുഷന്മാരാണ്. സ്ത്രീകളുടെ എണ്ണം 3.4 ആണ്. ഈ 24.1 ദശലക്ഷം തൊഴിലെടുക്കുന്ന ജനങ്ങളിൽ സ്ഥിരം തൊഴിലും സ്ഥിരം വരുമാനവുമുള്ളത് കേവലം 3.8 ദശലക്ഷത്തിന് മാത്രമാണ്. ഇവർക്ക് മാത്രമേ കോവിഡ് മഹാമാരിക്കാലത്ത് അതിജീവനശേഷിയുണ്ടായിരുന്നുള്ളു.

പ്രാഥമിക മേഖലയിൽ തൊഴിലാളികളുടെ പ്രാതിനിധ്യം കേരളത്തിൽ കുറവാണ്. കൃഷി, മൃഗസംരക്ഷണം, മത്സ്യബന്ധനം തുടങ്ങിയ പ്രാഥമിക മേഖലയിലല്ല ബഹുഭൂരിപക്ഷം മലയാളികളും പണിയെടുക്കുന്നത്. അതേ സമയം ഇൻഡ്യയിലെ ബഹുഭൂരിപക്ഷവും ആശ്രയിക്കുന്നത് ഈ പ്രാഥമിക മേഖലയെയാണ്. കേരളത്തിൽ 19.7 ശതമാനം പുരുഷന്മാരും 18.3 ശതമാനം സ്ത്രീകളും മാത്രമേ പ്രാഥമിക മേഖലയിൽ തൊഴിലെടുക്കുന്നുള്ളു. 30 ശതമാനം പുരുഷന്മാരും 49 ശതമാനം സ്ത്രീകളുമാണ് ഈ മേഖലയിലെ ദേശീയ ശരാശരി.

ദ്വിതീയ മേഖലയായ വ്യവസായം, കെട്ടിട നിർമ്മണം തുടങ്ങിയ മേഖലകളിൽ നമ്മുടെ സംസ്ഥാനത്ത് കൂടുതൽ തൊഴിലാളികൾ പണിയെടുക്കുന്നുണ്ട്. 33 ശതമാനം പുരുഷന്മാരും 26 ശതമാനം സ്ത്രീകളും ഈ മേഖലയിലുണ്ട്. ഇത് ദേശീയ ശരാശരിയോട് അടുത്ത് നിൽക്കുകയും ചെയ്യുന്നു.

തൃതീയ മേഖലയായ ഗതാഗതം, വാണിജ്യം തുടങ്ങിയ സേവന മേഖലകളിലാണ് കേരളത്തിന്റെ വിഭവവും ശക്തിയും എല്ലാം നിലനിൽക്കുന്നത്. 47.2 ശതമാനം പുരുഷന്മാരും 55.2 ശതമാനം പണിയെടുക്കുന്നത് ഈ മേഖലയിലാണ്. നമ്മുടെ വരുമാനത്തിന്റെ സിംഹഭാഗവും ലഭിക്കുന്നതും ഈ തൃതീയ മേഖലയിൽ നിന്നാണ്. ഈ മേഖലയെയാണ് കോവിഡ് മഹാമാരി സമ്പൂർണ്ണമായും തകർത്തെറിഞ്ഞത്.

കേരളം സാമ്പത്തികമായി പിടിച്ചു നിൽക്കുന്നത് നമ്മുടെ കയറ്റുമതി വരുമാനം കൊണ്ടാണ്. കയറ്റുമതി പ്രധാനമായും സുഗന്ധ വ്യഞ്ജനങ്ങളും സമുദ്രോൽപ്പന്നങ്ങളുമാ

ണ്. രണ്ടാമത്തെ വരുമാന സ്രോതസ്സ് ടൂറിസം മേഖലയിൽ നിന്നാണ്. മൂന്നാമത്തേത് പ്രവാസികളുടെ വിദേശ നിക്ഷേപവും.

വളരെ കൗതുകകരമായ ഒരു വസ്തുതയുണ്ട്. കോവിഡ് കാലത്ത് പൊതുവേ കയറ്റുമതി മേഖല തളരുകയാണുണ്ടായത്. എന്നാൽ കേരളത്തിൽ നിന്നുള്ള സുഗന്ധവ്യഞ്ജനങ്ങളുടെ കയറ്റുമതി വർദ്ധിക്കുകയാണുണ്ടായത്. സുഗന്ധവ്യഞ്ജനങ്ങളുടെ കയറ്റുമതി പത്ത് ശതമാനം വരെ വർദ്ധിച്ചു. സുഗന്ധവ്യഞ്ജനങ്ങൾ കോവിഡിനെ പ്രതിരോധിക്കാൻ സഹായിക്കുമെന്ന പ്രചരണം ആഗോളതലത്തിലുണ്ടായതാണ് ഇവയുടെ കയറ്റുമതി വർദ്ധിക്കാനുള്ള കാരണം. അത് നമ്മുടെ സാമ്പത്തിക രംഗത്തിന് ഗുണം ചെയ്തു.

രണ്ടാമത്തെ മേഖലയായ ടൂറിസം മേഖല സമ്പദ് വ്യവസ്ഥക്ക് പ്രത്യക്ഷമായി 10 ശതമാനവും പരോക്ഷമായി 21 ശതമാനവും സംഭാവന ചെയ്യുന്നുണ്ട്. ഈ മേഖല പൂർണ്ണമായും തകർന്നു.

പ്രവാസികൾക്ക് വലിയ തോതിൽ തൊഴിൽ നഷ്ടമുണ്ടായി. അവരിൽ നിന്നുള്ള വരുമാനത്തിൽ വലിയ കുറവ് ഉണ്ടാകുമെന്ന് നമ്മൾ കരുതിയെങ്കിലും ഉർവ്വശീ ശാപം ഉപകാരമെന്നവണ്ണം ആ സമയത്ത് രൂപയുടെ മൂല്യം ഇടിഞ്ഞു. അത് കാരണം പ്രവാസികൾ നാട്ടിലേക്ക് അയക്കുന്ന പണത്തിന് കൂടുതൽ ഇൻഡ്യൻ രൂപ കിട്ടുന്ന സാഹചര്യമുണ്ടായി. ഇതും നമ്മുടെ സമ്പദ് വ്യവസ്ഥക്ക് നേരിയ ഗുണം ചെയ്തു.

സ്വാഭാവികമായും കോവിഡ് നമ്മുടെ ശക്തമായ മേഖലകളിൽ വലിയ നാശം വിതച്ചു. പക്ഷേ നമുക്ക് ഇവിടെ പിടിച്ചു നിൽക്കാനായത് ഒരു ജനപക്ഷ ഭരണകൂടത്തിന്റെ ശക്തമായ ഇടപെടലുകൾ കാരണമാണ്. അതിനേറ്റവും പ്രകടമായ ഉദാഹരണം കാർഷിക മേഖല തന്നെയാണ്. നെല്ലിനും തേങ്ങക്കും മാത്രം താങ്ങുവില നിശ്ചയിച്ചിട്ടുള്ള കേരളത്തിൽ കൊവിഡ് കാലത്ത് 16 തരം കാർഷിക വിളകൾക്ക് കൂടി താങ്ങ് വില ഏർപ്പെടുത്തി. കൂടാതെ കാർഷിക രംഗത്തേക്ക് കൂടുതൽ പേരെ പങ്കാളികളാക്കാനുള്ള ബോധപൂർവ്വമായ ശ്രമം സർക്കാരിന്റെ ഭാഗത്ത് നിന്നും തുടക്കം മുതലേ ഉണ്ടായിരുന്നതും കോവിഡ് പ്രതിരോധത്തിന് ഗുണം ചെയ്തു.

സർക്കാരിന്റെ ഭാഗത്ത് നിന്നും തൊഴിലാളികളുടെ തൊഴിൽ സംരക്ഷണവുമായി ബന്ധപ്പെട്ട് ശക്തമായ നടപടികൾ ഉണ്ടായി. തൊഴിലാളികളെ പിരിച്ചു വിടാൻ പാടില്ല എന്ന് കർശനമായ നിഷ്ക്കർഷ പുലർത്തിക്കൊണ്ട് അവരെ സംരക്ഷിക്കാൻ സർക്കാർ ജാഗ്രത പുലർത്തി. ഇത് കോവിഡ് സൃഷ്ടിച്ച സാമൂഹ്യ പ്രത്യാഘാതങ്ങളെ കുറക്കാനുതകി.

എല്ലാം വിപണിക്കു വിട്ടു കൊടുക്കണമെന്ന സാമ്പത്തിക തത്വശാസ്ത്രത്തിൽ വിശ്വസിക്കുന്ന ഒരു സർക്കാർ ഇൻഡ്യ ഭരിക്കുന്ന സമയത്ത് ജനങ്ങളെ വിപണിയുടെ ദയാദാക്ഷണ്യങ്ങൾക്ക് വിട്ടുകൊടുക്കുകയല്ല വേണ്ടതെന്നും വിപണിയിൽ ഇടപെടുകയാണ് വേണ്ടതെന്നും കരുതുന്ന സർക്കാരാണ് കേരളത്തിലുണ്ടായിരുന്നത്. കോവിഡ് കാലത്ത് ഇൻഡ്യയാകെ വിലക്കയറ്റമുണ്ടായ സാഹചര്യത്തിലും താരതമ്യേന വിലക്കയറ്റം പിടിച്ചു നിർത്താൻ നമുക്കായത് സർക്കാരിന്റെ ഈ സമീപനത്താലാണ്.

അതുപോലെ ത്രിതല പഞ്ചായത്ത് സംവിധാനങ്ങളെ ഫലപ്രദമായി വിനിയോഗിച്ച് മഹാമാരിയെ നേരിടാനും തൊഴിൽ നഷ്ടം സംഭവിച്ചവരെ സംരക്ഷിക്കാനും സർക്കാർ നടത്തിയ പ്രവർത്തനങ്ങളും കോവിഡ് അതിജീവനത്തിന് നമ്മെ സഹായിച്ചു. കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾക്കാവശ്യമായ പണം ത്രിതല പഞ്ചായത്തുകൾക്ക് എത്തിച്ചു കൊടുക്കുന്നതിൽ കേരള സർക്കാർ കാട്ടിയ ശുഷ്ക്കാന്തി മാതൃകാപരമാണെന്ന് റിസർവ്വ് ബാങ്ക് അവരുടെ റിപ്പോർട്ടിൽ എടുത്ത് പറയുന്നുണ്ട്.

ഒരു ദുരിത കാലഘട്ടത്തിൽ അടിസ്ഥാന ജനതയുടെ ദൈനംദിന ജീവിതത്തിൽ എങ്ങിനെയാണ് ഒരു സർക്കാർ ഇടപെടേണ്ടതെന്നത് മറ്റ് സംസ്ഥാനങ്ങൾക്കും ലോകത്തിന് തന്നേയും കാട്ടിക്കൊടുത്ത മാതൃകയാണ് കേരളം ഈ മഹാമാരിക്കാലത്ത് കാഴ്ച വച്ചത്.

കോവിഡ് കാലത്ത് പണം കയ്യിലില്ലാത്ത ജനങ്ങൾക്ക് പണം എത്തിച്ചു കൊടുക്കേണ്ട നടപടികൾ ഉണ്ടാകേണ്ടിയിരുന്നു. പക്ഷേ സംസ്ഥാനത്തിന് സാമ്പത്തിക പരിമിതികളുണ്ടായിരുന്നതിനാൽ അതിനായില്ല. തൊഴിലാളികൾ അവരുടെ അന്നേവരെയുള്ള സമ്പാദ്യമുപയുക്തമാക്കിയാണ് കോവിഡിന്റെ ഒന്നാം വരവിൽ പിടിച്ചു നിന്നത്. ഇനിയൊരു ലോക്ക്ഡൗണിനെയും മറ്റും നേരിടാനുള്ള ശേഷി അവരിൽ അവശേഷിക്കുന്നുണ്ടാവില്ല. തൊഴിൽ നഷ്ടമുണ്ടാകുന്ന അവരുടെ കയ്യിലേക്ക് പണമെത്തിക്കാനുള്ള ധാർമ്മിക ബാധ്യത സർക്കാരിനുണ്ട്. അത്തരമൊരു പരിശ്രമത്തിലേക്ക് നീങ്ങേണ്ട സന്ദർഭമാണ് കോവിഡിന്റെ ഈ രണ്ടാം ഘട്ടം. ഈ രണ്ടാം ഘട്ടം നീണ്ടു പോകുകയാണെങ്കിൽ ആ അനിശ്ചിതത്വത്തിൽ നിന്നും കരകയറാൻ ആവശ്യമായ പണം ജനങ്ങളുടെ കയ്യിൽ എത്തിക്കാനുള്ള നടപടികൾ ഉണ്ടായേ മതിയാവൂ. ആരോഗ്യ രംഗത്ത് കാണിക്കുന്ന ജാഗ്രത പോലെ പ്രധാനപ്പെട്ടതാണ് ഇക്കാര്യവും.

കേരളത്തിന്റെ തൊഴിൽ മേഖലയിൽ സമാനതകളില്ലാത്ത ഒരു കാലഘട്ടത്തിലൂടെയാണ് നാം കടന്നുപോകുന്നത്. ഇതുവരെയുണ്ടായ പ്രതിസന്ധികളേയും നഷ്ടങ്ങളേയും ഒരു പരിധി വരെ അതിജീവിക്കാൻ ഇന്നോളം നമുക്കായിട്ടുണ്ട്. അതിന് കാരണം നമ്മുടെ ഉയർന്ന സാമൂഹിക ബോധമാണ്. നമ്മുടെ ജനാധിപത്യ ബോധമാണ്. നമ്മുടെ മനസ്സിൽ വേരോടിയ നവോത്ഥാന മൂല്യങ്ങളാണ്. നമ്മുടെ വർഗ്ഗ ബോധമാണ്. ഈ അതിജീവനം നമ്മുടെ കൂട്ടത്തിലെ ഏറ്റവും അവസാനത്തെ ആളുടെ അതിജീവനവും ഉറപ്പ് വരുത്തുന്നത് വരെയുള്ള ജാഗ്രതയായി തുടരേണ്ടതുണ്ട്.





അഡ്വ. കബനി ദിനേശ്

# സ്ത്രീകളുടെ തൊഴിലിടങ്ങളും മാറുന്ന നിയമവും

**ലോ**കത്താകമാനം സ്ത്രീകൾ നേരിടുന്ന സാമ്പത്തിക സാംസ്കാരിക പുരോഗതി വലിയ രീതിയിൽ ആഘോഷിക്കപ്പെടുമ്പോഴും പല തൊഴിൽ മേഖലകളും ഇന്നും സ്ത്രീകൾക്ക് അന്യമാണ്. ലോക സമ്പദ്ഘടനയുടെ അമ്പത് ശതമാനം സ്ത്രീകളുടെ സംഭാവനയായിരിക്കുമ്പോഴും ഖനനം, ഉദ്പാദനം, നിർമ്മാണം, കൃഷി, ഊർജ്ജം, തുടങ്ങിയ മേഖലകളിൽ ലിംഗസമത്വമില്ലായ്മയും സ്ത്രീകൾക്ക് തൊഴിലവസരങ്ങൾ നിഷേധിക്കലും നിലനിൽക്കുന്നുണ്ട്. ലോകത്തെ പതിനെട്ടോളം രാജ്യങ്ങളിൽ സ്ത്രീകളെ തങ്ങളുടെ ഭർത്താക്കന്മാർക്ക് നിയമപരമായി തന്നെ തൊഴിലെടുക്കുന്നതിൽ നിന്ന് തടയാം. തൊഴിൽ മേഖലകളിൽ നിലനിൽക്കുന്ന ഇത്തരം പ്രഖ്യാപിതവും അപ്രഖ്യാപിതവുമായ നിയന്ത്രണങ്ങൾ സ്ത്രീകളുടെ തൊഴിലവസരങ്ങളെ നഷ്ടപ്പെടുത്തുന്നുണ്ട്. ലോകത്ത് 104 ഓളം സാമ്പത്തിക മേഖലകളിൽ ഏതെങ്കിലും രീതിയിലുള്ള നിയന്ത്രണങ്ങൾ വഴി സ്ത്രീകളെ തൊഴിൽ മേഖലകളിൽ നിന്നും അകറ്റി നിർത്തുന്നുണ്ട്. സ്ത്രീകളാണ് എന്ന ഒറ്റക്കാരണം കൊണ്ട് തന്നെ 275 ബില്യൻ സ്ത്രീകൾക്ക് തൊഴിൽ അവസരങ്ങൾ ലഭ്യമല്ലാതെ പോകുന്നുണ്ട്.

തൊഴിലെടുക്കുന്ന സ്ത്രീകളിൽ തന്നെ ലോകത്തിൽ പകുതിയോളം പേർക്കും തങ്ങളുടെ തൊഴിലിടങ്ങളിലെ ലൈംഗിക ചൂഷണങ്ങൾക്കെതിരേ സംരക്ഷണം നൽകുന്ന നിയമങ്ങൾ നിലവിലില്ല. തൊഴിലിടങ്ങളിൽ ലൈംഗിക ചൂഷണം തടയുന്ന നിയമങ്ങൾ നിലനിൽക്കുന്ന രാജ്യങ്ങളിലാണ് കൂടുതലും സ്ത്രീകൾ സ്വന്തമായി ബിസിനസ്സ് മേഖലകളിലേക്ക് വരുന്നതായി പഠനങ്ങൾ സൂചിപ്പിക്കുന്നത്. ഇന്നത്തെ ഈ മാറുന്ന ലോകത്തിലും 31 ഓളം രാജ്യങ്ങളിൽ സ്ത്രീകൾക്ക് പുരുഷന്മാരുടേതിന് തുല്യമായ ജീവിതം തെരഞ്ഞെടുക്കാനുള്ള സ്വാതന്ത്ര്യം പോലുമില്ല. ഉള്ളയിടങ്ങളിലാകട്ടെ നിയമപരമായ അവകാശങ്ങൾ നൂറു ശതമാനവും അവർക്ക് ലഭിക്കുന്നുമില്ല. നാലിൽ മൂന്ന് ഭാഗം വരെയുള്ള നിയമപരമായ അവകാശങ്ങൾ മാത്രമേ ഇപ്പോഴും വികസിത രാജ്യങ്ങളിൽപ്പോലും അവർക്ക് ലഭിക്കുന്നുള്ളുവെന്ന് കണക്കുകളും സൂചിപ്പിക്കുന്നു. 1970-കളിൽ ഇത് പകുതിയിലും താഴെയായിരുന്നു.

ലോകത്താകമാനം ഉണ്ടായ മാറ്റങ്ങൾക്ക് ആനുപാതികമായി ചെറിയ മാറ്റങ്ങൾ ഇൻഡ്യയിലും ഉണ്ടായിട്ടുണ്ട്. ഇൻഡ്യയിൽ 1970-കൾക്ക് ശേഷമാണ് തൊഴിലിടങ്ങളിൽ സ്ത്രീകൾക്ക് കൂടുതൽ സ്വീകാര്യത കിട്ടിത്തുടങ്ങിയത് എന്ന് പറയാം. ചില നിയമപ്പോരാട്ടങ്ങൾ സ്ത്രീകളുടെ തൊഴിലിടങ്ങളെ സംബന്ധിച്ച് ചരിത്രപരമായി രേഖപ്പെടുത്തിയിട്ടുണ്ട്. അത് ഇന്നും തുടരുന്നു. സ്ത്രീകളുടെ തൊഴിൽ രംഗത്തെ തുല്യതക്ക് വേണ്ടിയുള്ള ഇടപെടലുകൾ സംബന്ധിച്ച ഏറ്റവും സുപ്രധാനമായ ഒരു വിധി 1982-ലെ എയർ ഇൻഡ്യയും നർഗേഷ് മീർസയും തമ്മിലുള്ള കേസിലാണ്. എയർ ഹോസ്റ്റസുമാരുടെ വിരമിക്കൽ പ്രായം സ്ത്രീകളുടേത് 35-ഉം പുരുഷന്മാരുടേത് 58-ഉം ആയിരുന്നതിലെ തുല്യതയില്ലായ്മ ചോദ്യം ചെയ്ത് ഫയൽ ചെയ്ത കേസിൽ വിവിധ വശങ്ങൾ പരിശോധിച്ച ശേഷം സ്ത്രീകളുടെ വിരമിക്കൽ പ്രായം 45 വയസ്സായി ഉയർത്തി. ഇതൊരു സുപ്രധാന പുരോഗമന ഘട്ടമായി കണക്കാക്കിയെങ്കിലും തുല്യതയെന്ന് കണക്കാക്കാൻ പറ്റില്ല. ഭരണഘടന അനുശാസിക്കുന്ന അനുച്ഛേദം 14-ന്റെ ലംഘനം തന്നെയാണെങ്കിൽ കൂടി ഇതൊരു സുപ്രധാന ചവിട്ട് പടിയായി. ഇതിനെത്തുടർന്ന് വൻ മാറ്റങ്ങൾ ഈ മേഖലയിൽ ഉണ്ടായി. എന്നാൽ മറ്റു ചില നിയന്ത്രണങ്ങൾക്ക് കോടതിയുടെ അനുകൂലമായ ഇടപെടൽ ഉണ്ടായില്ല. അതിൽ പ്രധാനപ്പെട്ടത് ഒരു പ്രത്യേക പ്രായം വരെ വിവാഹം അനുവദിക്കരുത്, വിവാഹിതരായാൽ അമ്മയാകാൻ പ്രത്യേക കാലയളവു നിയന്ത്രണം എന്നിവയായിരുന്നു. ഇത്തരം നിയന്ത്രണങ്ങൾ ലംഘിക്കുന്നവരെ ജോലിയിൽ നിന്നും പിരിച്ചുവിട്ടിരുന്നു.

ഇത്തരമൊരു വിധി വന്ന ശേഷം ഗവണ്മെന്റ് തലത്തിൽ പല നിവേദനങ്ങളും സമർപ്പിക്കപ്പെടുകയും സത്വരമായ ഇടപെടലുകൾ ഉണ്ടാവുകയും ചെയ്തതിന്റെ ഫലമായി 1989-ലെ ഗവണ്മെന്റ് എയർ ഇൻഡ്യയോട് സ്ത്രീകളുടെ വിരമിക്കൽ പ്രായം പുരുഷന്മാരുടേതിന് തുല്യമാക്കാൻ ആവശ്യപ്പെടുകയും എയർ ഇൻഡ്യ അത് നടപ്പിലാക്കുകയും 1993-ൽ അത് ആരോഗ്യ ക്ഷമത അനുസ്സരിച്ച് 50 വയസ്സായി ഉയർത്തുകയും ചെയ്തു. 45 വയസ്സ് കഴിഞ്ഞവർക്ക് അനുയോജ്യമായ മറ്റ് തസ്തികകൾ നൽകി ജോലി ക്രമീകരിക്കാൻ എയർ ഇൻഡ്യ തയ്യാറായി. ഇതു സ്ത്രീകളുടെ തൊഴിലിടങ്ങളെ സംബന്ധിച്ചുള്ള ശരാശരി വിജയം മാത്രമാണ്. നൂറു ശതമാനം വിജയം ഇതിലൊന്നും തന്നെ നേടാനായെന്ന് അവകാശപ്പെടാൻ ആകുന്നില്ല എന്നതാണ് യാഥാർത്ഥ്യം.

1990-ൽ ബഹു. കേരള ഹൈക്കോടതിയുടേതായി വന്ന ഒരു വിധി അത്തരത്തിലുള്ള ഒന്നായിരുന്നു. ഓമന ഉമ്മനും എഫ്.എ.സി.റ്റിയും തമ്മിലുള്ള ആ കേസിൽ ഹർജിക്കാർ രസതന്ത്രത്തിൽ ബിരുദാനന്തര ബിരുദമുള്ളവരും അറ്റൻഡൻഡ് ഓപ്പറേറ്റർ തസ്തികയിൽ ട്രെയിനികളായി തെരഞ്ഞെടുക്കപ്പെടുകയും ചെയ്തവരായിരുന്നു. എന്നാൽ പുരുഷന്മാരായ ട്രെയിനികളെ സ്ഥിരപ്പെടുത്തിയപ്പോഴും സ്ത്രീകളെ സ്ഥിരപ്പെടുത്തിയില്ല.

1948-ലെ ഫാക്ടറീസ് ആക്ടിന്റെ 66 (ബി) വകുപ്പ് പ്രകാരം രാത്രി 10 മണിക്കും രാവിലെ 5 മണിക്കുമിടയിലുള്ള ഷിഫ്റ്റിൽ സ്ത്രീകളെ ജോലി ചെയ്യിക്കുന്നതിലെ നിയന്ത്രണങ്ങൾ ചൂണ്ടിക്കാട്ടി സ്ത്രീകളെ സ്ഥിരപ്പെടുത്താൻ ബുദ്ധിമുട്ടുണ്ടെന്നാണ് എഫ്.എ.സി.റ്റി. വാദിച്ചത്. എന്നാൽ ഇത് ഭരണഘടനയുടെ 14, 15 അനുച്ഛേദങ്ങളുടെ ലംഘനമാണെന്ന് കോടതി കാണുകയും സ്ത്രീകൾക്കും തെരഞ്ഞെടുക്കപ്പെടാനുള്ള പരീക്ഷയിൽ പങ്കെടുത്ത് കഴിവ് തെളിയിക്കാൻ അവസരം നൽകാനുത്തരവാകുകയും പരീക്ഷ ജയിച്ചാൽ സ്ഥിരപ്പെടുത്താൻ പ

രിഗണിക്കണമെന്ന് ഉത്തരവാകുകയും ചെയ്തു.

1994-ലെ മറ്റൊരു കേസിൽ (ഹിന്ദുസ്ഥാൻ ലാറ്റക്സും മറിയാമ്മയും തമ്മിൽ) അസിസ്റ്റന്റ് സെക്യൂരിറ്റി ഇൻസ്പെക്ടർ തസ്തികയിലേക്ക് യോഗ്യതയുണ്ടായിട്ടും സ്ത്രീയാണ് എന്ന ഒറ്റക്കാരണത്താൽ പരിഗണിക്കാതിരിക്കുകയും പ്രമോഷൻ നൽകാതിരിക്കുകയും ചെയ്തതിനെ ചോദ്യം ചെയ്തത് കോടതി അനുകൂലമായി പരിഗണിക്കുകയുണ്ടായി. സമാന സ്വഭാവമുള്ള കേസുകളിലെല്ലാം തന്നെ സ്ത്രീകൾക്ക് അവസരം നിഷേധിക്കാൻ കാരണമായി ഉയർത്തുന്ന വാദം 1948-ലെ ഫാക്ടറീസ് ആക്ടിലെ 66-ാം വകുപ്പിൽ പറയുന്ന നിയമങ്ങളാണ്. വകുപ്പ് 66 (ബി) അനുസരിച്ച് സ്ത്രീകളെ ഒരു ഫാക്ടറിയിലും രാവിലെ 6 മണിക്കും വൈകിട്ട് 7 മണിക്കും ഇടയിലുള്ള സമയത്തല്ലാതെ ജോലിക്ക് നിർത്തേണ്ടതില്ല എന്നാണ് പറയുന്നത്. പല കേസുകളിലും ഈ വകുപ്പിന്റെ സാധുത ചോദ്യം ചെയ്യപ്പെട്ടിട്ടുണ്ടെങ്കിലും കോടതികൾ കൈക്കൊണ്ടു വന്നിരുന്ന നിലപാട് പ്രസ്തുത വകുപ്പ് സ്ത്രീകളുടെ സുരക്ഷയെക്കരുതി ഉള്ളതാണെന്നും അത് സ്ത്രീകൾക്ക് തൊഴിൽ നിഷേധിക്കുന്നതിന് കാരണമായി നിർവ്വചിക്കാനാവില്ല എന്നുമാണ്. ഭരണഘടനയുടെ 15-ാം അനുച്ഛേദം അനുശാസിക്കുന്നത്, വർണ്ണ, വർഗ്ഗ, ലിംഗ വിവേചനത്തിനെതിരേയുള്ള സംരക്ഷണം ഉണ്ടായിരിക്കുമ്പോഴും അനുച്ഛേദം 15 (3) അനുസ്സരിച്ച് പ്രത്യേക പരിരക്ഷ സ്ത്രീകൾക്കും കുട്ടികൾക്കും നൽകുന്നതിന് അനുച്ഛേദം 15 തടസ്സമാകില്ല എന്നാണ്. എന്നാൽ ഒരു സ്ത്രീ തനിക്ക് പ്രത്യേക പരിരക്ഷ ആവശ്യമില്ല, തുല്യമായി കണക്കാക്കിയാൽ മതിയെന്ന നിലപാട് എടുത്താൽ ആ നിലപാട് നിഷേധിക്കാനും സാധിക്കില്ല എന്നിരിക്കേ ഫാക്ടറീസ് ആക്ടിലെ വകുപ്പ് 66 (ബി) ഭരണഘടനയുടെ അനുച്ഛേദം 15 (3) എന്നിവ സ്ത്രീകളെ നിയന്ത്രിക്കുന്ന തലത്തിൽ നിർവ്വചിക്കാൻ പാടില്ല എന്നാണ് കോടതികളുടെ അഭിപ്രായം.

ഇത്തരം ഉത്തരവുകൾ സ്ത്രീകൾക്ക് തൊഴിൽ മേഖലകളിൽ കൂടുതൽ സാധ്യതകൾ തുറന്ന് നൽകിയിട്ടുണ്ട്. 2008-ലെ ചാരു ഖുറാന കേസിൽ സിനിമ-മേക്കപ്പ്- ഹെയർ ഡ്രസ്സിംഗ് മേഖലയിൽ സ്ത്രീകളെ നിയന്ത്രിച്ചു കൊണ്ടുള്ള ചില സംഘടനകളുടെ നിലപാടുകളെ കോടതി തടയുകയും സ്ത്രീകൾക്കും തുല്യ അവകാശം ഉണ്ടെന്ന നിലപാട് ഉയർത്തുകയും ചെയ്തിട്ടുണ്ട്. 2017-ലെ മറ്റൊരു ഉത്തരവിലൂടെ ബഹുമാനപ്പെട്ട കേരള ഹൈക്കോടതി ബിവറേജസ് കോർപ്പറേഷന്റെ വിദേശ മദ്യഷാപ്പുകളിൽ സ്ത്രീകളെ തൊഴിലെടുക്കുന്നത് തടഞ്ഞു കൊണ്ടുള്ള സർക്കാർ ഉത്തരവ് റദ്ദാക്കി സ്ത്രീകൾക്കും അവസരം ലഭിക്കാൻ സാഹചര്യമൊരുക്കുകയുണ്ടായി.

ഏറ്റവും ഒടുവിലായി ഇക്കഴിഞ്ഞ ഏപ്രിലിൽ ബഹു. കേരള ഹൈക്കോടതിയുടെ സുപ്രധാനമായ ഒരു വിധിയിൽ സേഫ്റ്റി ഓഫീസർ തസ്തികയിലേക്ക് പുരുഷന്മാർ മാത്രം അപേക്ഷിച്ചാൽ മതിയെന്ന വിജ്ഞാപനം ചോദ്യം ചെയ്തുകൊണ്ട് സമർപ്പിച്ച ഹർജ്ജിയിലെ ഹർജ്ജിക്കാരി വിജ്ഞാപനത്തിൽ ആവശ്യപ്പെടുന്ന എല്ലാ യോഗ്യതകളും ഉള്ളയാളും പ്രസ്തുത തസ്തികയിൽ താത്ക്കാലികമായി ജോലി ചെയ്യുന്നയാളുമായിരുന്നു. എന്നാൽ ഇൻഡ്യക്ക് സ്വാതന്ത്ര്യം കിട്ടിയ സമയത്ത് നിലവിൽ വന്ന ഫാക്ടറീസ് ആക്ടിന്റെ വകുപ്പുകളിലെ നിയന്ത്രണങ്ങൾ വാദമായി ഉന്നയിച്ച് സ്ത്രീകൾക്ക് തൊഴിൽ നിഷേധിക്കാനാവില്ല, കാലം ഒരുപാട് മുന്നോട്ട് പോയിരിക്കുവെന്നാണ് കേരള ഹൈക്കോടതി അഭിപ്രായപ്പെട്ടത്. ഈ കേസിന്റെ പരിഗണന വേളയിൽ തന്നെ എതിർ കക്ഷികൾ കോടതിയിൽ ബോധിപ്പിച്ചത് ഫാക്ടറീസ് ആക്ട് 66-ാം വകുപ്പിന്റെ ഭേദഗതി സർക്കാരിന്റെ സജീവ പരിഗണനയിലാണെന്നാണ്. ആയതിന്റെയെല്ലാം അടിസ്ഥാനത്തിൽ സ്ത്രീകളെ ഒഴിവാക്കിയ വിജ്ഞാപനം റദ്ദാക്കി പുതിയ വിജ്ഞാപനം പുറപ്പെടുവിക്കാൻ ബഹു.കോടതി ഉത്തരവിടുകയുണ്ടായി.

മാറുന്ന കാലത്തിലേക്കുള്ള കണ്ണാടികളാകുന്ന വിധികളാണ് എക്കാലവും കോടതികളുടെ ഭാഗത്ത് നിന്നുമുണ്ടായിട്ടുള്ളത്. ചരിത്ര പ്രാധാന്യമുള്ള പല വിധികളും നിയമങ്ങളും, പ്രത്യേകിച്ച് സ്ത്രീപക്ഷ നിയമങ്ങൾ, രൂപം കൊള്ളുന്നതിന് കോടതികൾ വഹിച്ചിട്ടുള്ള പങ്ക് വളരെ വലുതാണ്. 1997-ലെ വിശാഖ കേസിലെ നിർദ്ദേശങ്ങളെത്തുടർന്നാണ് തൊഴിലിടങ്ങളിലെ ലൈംഗിക പീഡനങ്ങൾ തടയുന്നതിനുള്ള നിയമം രൂപം കൊണ്ടത്. ഡൽഹിയിലെ കുപ്രസിദ്ധമായ നിർഭയ കേസിനെത്തുടർന്നാണ് 2013-ലെ ഇൻഡ്യൻ ശിക്ഷ നിയമത്തിൽ കാതലായ മാറ്റങ്ങൾ വരുത്തിയത്. 2017-ലെ മെറ്റേണിറ്റി ബെനിഫിറ്റ് ആക്ട് തൊഴിലിടങ്ങളിലെ സ്ത്രീകളുടെ അവകാശങ്ങളിൽ കാതലായ മാറ്റം വരുത്തിയ ഭേദഗതി നിയമമാണ്. അതനുസ്സരിച്ചാണ് വേതനത്തോടു കൂടിയപ്രസവാവധി 26 ആഴ്ച ആക്കിയത്.

ലോകമാകമാനം സംഭവിച്ചു കൊണ്ടിരിക്കുന്ന മാറ്റങ്ങളിൽ ഏറ്റവും സുപ്രധാനമായി എടുത്തു പറയേണ്ട ഒരു പുത്തൻ ആശയമാണ് "ഫ്ളക്സിബിൾ വർക്കിംഗ്". ജീവിതവും ജോലിയും തമ്മിലുള്ള അനുപാതം തുല്യമായി കൊണ്ട് പോകുന്നതിനുള്ള സാഹചര്യം തൊഴിലിടങ്ങളുമായി ബന്ധപ്പെട്ട് ഉണ്ടാവുക എന്നതാണ് അതുകൊണ്ട് ഉദ്ദേശിക്കുന്നത്. "ഫ്ളക്സിബിൾ വർക്കിംഗ്"ന്റെ പ്രസക്തി ജോലിയുടെ സമ്മർദ്ദവുമായി ബന്ധപ്പെട്ടിരിക്കുന്നു. സ്ത്രീകൾക്ക് തൊഴിലും കുടുംബവും ഒന്നിച്ച് കൊണ്ട് പോകുന്നതിലെ ബുദ്ധിമുട്ടുകൾ തിരിച്ചറിഞ്ഞ് "ഫ്ളക്സിബിൾ വർക്കിംഗ്" സാഹചര്യം സമൂഹത്തിൽ കൊണ്ട് വരേണ്ടതിന്റെ ആവശ്യകത ഈയടുത്ത കാലത്ത് നടന്ന് ചില സംഭവങ്ങൾ നമ്മെ ഓർമ്മപ്പെടുത്തുന്നു. "ഫ്ളക്സിബിൾ വർക്കിംഗ്" എന്ന ആശയവും അതിന്റെ പ്രാധാന്യവും കോടതികൾ തന്നെ ചില സുപ്രധാന വിധികളിലൂടെ നമുക്ക് ബോദ്ധ്യപ്പെടുത്തി തന്നിട്ടുണ്ട്.

ജനക്ഷേമ തൽപ്പരരായ ഒരു സർക്കാർ നമുക്കുണ്ടായിരിക്കേ പുതിയ സ്ത്രീപക്ഷ ജനപക്ഷ നിയമങ്ങൾ തൊഴിൽ മേഖലയുമായി ബന്ധപ്പെട്ട് നിർമ്മിക്കാൻ വേണ്ട മാർഗ്ഗ നിർദ്ദേശങ്ങൾ നൽകാൻ തൊഴിലാളി സംഘടന എന്ന നിലയിൽ എ.ഐ.ടി.യു.സി.ക്ക് കഴിയണം. സ്ത്രീകളെ മുഖ്യധാരയിൽ തന്നെ നിലനിർത്തുന്ന ഫലപ്രദമായ ചില നിയമ നിർമ്മാണങ്ങളുടെ ആവശ്യകത ഭരണകർത്താക്കളെ ബോദ്ധ്യപ്പെടുത്തുവാനും സംഘടനക്ക് കഴിയണം.

കേരളത്തിന്റെ വിപ്ലവ നായിക സ. കെ.ആർ. ഗൗരിയമ്മയുടെ ദീർഘവീക്ഷണമുള്ള നിലപാടുകൾ സ്ത്രീകളുടെ തൊഴിൽ മേഖലയിൽ വിപ്ലവകരവും കാലിക പ്രാധാന്യവുമുള്ള ചുവടുമാറ്റങ്ങൾക്ക് വഴിവച്ചിട്ടുണ്ടെന്ന് നാം ഓർക്കണം. സഖാവിന്റെ സംഭാവനകളെക്കുറിച്ച് പറയാതെ ഈ വിഷയം പൂർണ്ണമാവില്ല. നഴ്സിംഗ് മേഖലയിലും പോലീസ് മേഖലയിലും സേവനമനുഷ്ഠിക്കുന്ന സ്ത്രീകൾക്ക് വിവാഹം കഴിക്കുന്നതിന് വിലക്കുണ്ടായിരുന്ന അവസ്ഥക്ക് മാറ്റം കുറിച്ചത് സഖാവിന്റെ നിശ്ചയദാർഢ്യം കൊണ്ട് മാത്രമാണ്.

ഇത്തരത്തിൽ മാറ്റത്തിന്റെ ശക്തമായ അലകൾ സമൂഹത്തിലേക്ക് ഒഴുക്കിവിട്ടിട്ട് പതിറ്റാണ്ടുകൾ കഴിഞ്ഞെങ്കിലും അതിന്റെ ചുവട് പിടിച്ച് മുന്നേറാൻ ഇന്നും സ്ത്രീകൾക്ക് കഴിഞ്ഞിട്ടില്ല. നൂറു ശതമാനം തുല്യത തൊഴിലിടങ്ങളിൽ സ്ത്രീകൾക്ക് ലഭ്യമാകുന്ന കാലം വിദൂരമല്ല എന്ന് നമുക്ക് പ്രത്യാശിക്കാം.



# സ. കെ.ആർ. ഗൗരിയമ്മക്ക് ആദരാഞ്ജലികൾ...

കെ. മല്ലിക



വർക്കിംഗ് വിമൻ ഫോറത്തിന്റെ ആഭിമുഖ്യത്തിൽ സ.കെ.ആർ.ഗൗരിയമ്മ അനുസ്മരണം മേയ് 15-ന് ഗൂഗിൾ മീറ്റിലൂടെ സംഘടിപ്പിക്കുകയുണ്ടായി. സ.എസ്. സ്മിത അദ്ധ്യക്ഷം വഹിച്ച പ്രസ്തുത അനുസ്മരണ യോഗം എ.ഐ എ.ടി.യു.സി.ജനറൽ സെക്രട്ടറി സ. കെ.പി.രാജേന്ദ്രൻ ഉദ്ഘാടനം ചെയ്തു. ഗൗരിയമ്മയോടൊപ്പം നിയമസഭയിലെ തന്റെ അനുഭവങ്ങൾ അദ്ദേഹം തദവസരത്തിൽ പങ്ക് വക്കുകയുണ്ടായി. കാർഷിക കടാശ്വാസ കമ്മീഷൻ നിയമത്തിലും, വനം ദേശസാൽക്കരണ നിയമത്തിലും ഒക്കെ അവരുടെ ഇടപെടലിനെക്കുറിച്ചും അദ്ദേഹം വിവരിച്ചു.

പോരാട്ട ധീരതയുടെ പ്രതീകമാണ് സ.ഗൗരിയമ്മയെന്ന് തുടർന്ന് സംസാരിച്ച വർക്കിംഗ് വിമൻ ഫോറം ജനറൽ സെക്രട്ടറി സ.കെ.മല്ലിക പറഞ്ഞു. സർ സി.പി.യുടെ കിരാത ഭരണത്തിനെതിരേയും ജന്മിത്വത്തിനെതിരേയും പോരാടിയ സ.ഗൗരിയമ്മ കേരള ജനതയുടെ ഉന്നമനത്തിനും അയിത്തോച്ചാടനത്തിനുമായി പടപൊരുതിയ ധീരയായ വിപ്ലവ നായികയായിരുന്നു. 11 നിയമസഭകളിൽ അംഗമാവുകയും 6 തവണ മന്ത്രിയായി കേരളത്തെ നയിക്കുകയും ചെയ്ത ഗൗരിയമ്മയുടെ റെക്കോഡ് ഇനി ആരെങ്കിലും മറികടക്കുന്ന കാര്യം സംശയമാണന്നും അവർ പറയുകയുണ്ടായി.

എണ്ണിയാലൊടുങ്ങാത്ത വിശേഷണങ്ങളുടെ ഉടമയായിരുന്നു ഗൗരിയമ്മയെന്ന് തുടർന്നു സംസാരിച്ച പ്രൊഫ. ഉദയകല ടീച്ചർ അഭിപ്രായപ്പെട്ടു. സ്ത്രീ എന്ന നിലക്ക് സമൂഹ നന്മക്ക് വേണ്ടി പോരാടുകയും സ്ത്രീകൾ പുറത്തിറങ്ങാതിരുന്ന ഒരു കാലഘട്ടത്തിൽ കമ്മ്യൂണിസ്റ്റുകാരിയായി ജീവിക്കാൻ ധൈര്യവും കാണിച്ച ഗൗരിയമ്മയുടെ ചരിത്രം ഒരു കാൻവാസിലെന്ന പോലെ അവർ വരച്ചു കാട്ടി.

കാർഷിക പരിഷ്കരണ നിയമ നിർമ്മാണത്തെക്കുറിച്ചും അതിൽ ഗൗരിയമ്മ വഹിച്ച പങ്കിനെക്കുറിച്ചും തന്റെ അച്ഛനായ സ.ഇ.പി.ഗോപാലൻ പറയാറുള്ള കാര്യങ്ങളാണ് അദ്ദേഹത്തിന്റെ മകളായ സ.അരുണ പങ്കു വച്ചത്. സ.സി.ആർ റോസി ഗൗരിയമ്മയെ കുറിച്ച് നടത്തിയ അനുസ്മരണ പ്രഭാഷണം വളരെ ഹൃദയസ്പർശിയായിരുന്നു. ഗൗരിയമ്മയോട് അത്രമാത്രം ഹൃദയബന്ധമുണ്ടായിരുന്ന അവർ പലപ്പോഴും തേങ്ങലടക്കാൻ പ്രയാസപ്പെടുന്നുണ്ടായിരുന്നു.സ.ഗൗരിയമ്മയുമായുള്ള തന്റെ അടുത്ത ബന്ധത്തെക്കുറിച്ചും, ആദിവാസി നേതാവ് ജാനുവിന്റെ നേതൃത്വത്തിൽ നടന്ന കുടിൽ കെട്ടി നടത്തിയ സമരത്തിൽ അവർ ഇടപെട്ടതിനെക്കുറിച്ചും ആദിവാസികളുടെ കാര്യത്തിൽ അവർക്കുണ്ടായിരുന്ന പ്രത്യേക പരിഗണനയെക്കുറിച്ചും ശ്രദ്ധയെക്കുറിച്ചുമെല്ലാം എ.ഐ.ടി.യു.സി. സംസ്ഥാന സെക്രട്ടറി സ.ആർ. പ്രസാദ് പ്രതിപാദിക്കുകയുണ്ടായി. സഖാക്കൾ വിജയമ്മ, അംബുജം, എ.കെ.സുജാത , ദീപ മോളി ജോസ്, രജനി തമ്പി തുടങ്ങിയവരും അനുസ്മരണ സമ്മേളനത്തിൽ സംസാരിക്കുകയുണ്ടായി.

എട്ട് പതിറ്റാണ്ട് കാലം കേരള രാഷ്ട്രീയത്തിൽ നിറഞ്ഞു നിന്ന ആ തിളങ്ങുന്ന ചുവന്ന നക്ഷത്രത്തിന്റെ സ്മരണക്ക് മുമ്പിൽ വർക്കിംഗ് വീമൻസ് ഫോറത്തിന്റെ ആദരാഞ്ജലികളുടെ ഒരു കുടന്ന ചുവന്ന പൂക്കൾ സമർപ്പിക്കുന്നു.

ബീന. എസ്സ്.എ.



സ: കെ.ആർ. ഗൗരിയമ്മയെക്കുറിച്ച് ഞാൻ നേരത്തെ കേട്ടിരുന്നെങ്കിലും എന്റെ ഭർത്തൃമാതാവും ആദ്യകാല കമ്മ്യൂണിസ്റ്റ് പ്രവർത്തകയുമായിരുന്ന സുഭദ്രാമ്മത്തങ്കച്ചി (ജോർജ് ചടയംമുറിയുടെ പത്നി) യിൽ നിന്നും ഗൗരിയമ്മയുമൊത്തുള്ള അവരുടെ ജയിൽവാസ കാലഘട്ടങ്ങളെക്കുറിച്ച് പറയുമ്പോഴാണ് ആ ധീര വനിതയെക്കുറിച്ച് കൂടുതലായി അറിയുന്നത്.

ചേർത്തലയിലെ അതിസമ്പന്ന കുടുംബത്തിൽ ജനിച്ച് ഉന്നത വിദ്യാഭ്യാസം നേടിയ ഗൗരിയമ്മ ജീവിത ത്തിന്റെ യൗവ്വന കാലത്ത് എല്ലാവിധ സൗഭാഗ്യങ്ങളുടേയും നടുവിൽ കഴിയുമ്പോഴാണ് സമൂഹത്തിലെ താഴെക്കിടയിലുള്ള അധഃസ്ഥിതരുടെയും, അദ്ധ്വാനവർഗ്ഗത്തിന്റേയും ഉന്നമനം ലക്ഷ്യമാക്കിക്കൊണ്ട് കമ്മ്യൂണിസ്റ്റ് പാർട്ടിയിൽ പ്രവർത്തിക്കുവാൻ തുടങ്ങുന്നത്. അതിനു പ്രേരണയായത് സഖാവിന്റെ സ്വന്തം സഹോദരനും.

ഗൗരിയമ്മയുടെ ഭൗതിക ശരീരം പുന്നപ്രയിലെ വലിയ ചുടുകാട്ടിൽ സ.ടി.വി. തോമസ്സിന്റെ കല്ലറയ്ക്കു സമീപം ചിതയിൽ എരിയുമ്പോൾ ഗൗരിയമ്മക്ക് ടി.വി.യോടുണ്ടായിരുന്ന അഗാധമായ സ്നേഹത്തെ ക്കുറിച്ച് അമ്മ (സുഭദ്രാമ്മ) ഞങ്ങളോടു പറഞ്ഞിട്ടുള്ള കാര്യങ്ങൾ ഓർത്തുപോവുകയാണ്. അവരുടെ ജയിൽ ജീവിത കാലഘട്ടത്തിൽ തൊട്ടടുത്ത ജയിൽ വാർഡിൽ കഴിയുന്ന ടി.വി.യെക്കുറിച്ച് ഗൗരിയമ്മ വാതോരാതെ സംസാരിക്കുമായിരുന്നു.

അത് ഒരു കമ്മ്യൂണിസ്റ്റ് നേതാവിനോടു തോന്നുന്ന ആരാധന മാത്രമെന്ന് ധരിച്ച് സ: ടി.വി.ക്ക് ഏതോ ഒരു സ്ത്രീയുമായി ബന്ധമുണ്ട് എന്നാണ് കേട്ടിട്ടുള്ളത് എന്നു പറഞ്ഞതിന് ഒരു ദിവസം മുഴുവനും ഗൗരിയമ്മ തന്നോടു മിണ്ടിയില്ലന്ന് അമ്മ പരിഭവം പറയുമായിരുന്നു.

അവരുടെ വിവാഹശേഷം കമ്മ്യൂണിസ്റ്റ് പാർട്ടിയിലെ പിളർപ്പിനെത്തുടർന്ന് രണ്ടു പ്രസ്ഥാനങ്ങളുടെ ഭാഗമായി പിരിഞ്ഞപ്പോഴും തന്റെ ഉള്ളിന്റെയുള്ളിൽ ടി.വി.യോടുള്ള സ്നേഹത്തിന്റെ കനൽ ഗൗരിയമ്മയിൽ നിന്നും ഒരിക്കലും അണഞ്ഞിരുന്നില്ല എന്നുള്ള യാഥാർഥ്യം നമുക്കെല്ലാം അറിവുള്ളതാണല്ലോ. മരണശേഷം വീണ്ടും ഗൗരിയമ്മ സ.ടി.വി. തോമസ്സിന്റെ അരികിൽ എത്തുമ്പോൾ ജീവിതത്തിൽ അകന്നിരുന്ന അവർ ഒരുമിച്ച് ചേരുന്നതിൽ സന്തോഷിക്കട്ടെ. ആ ധീര വനിതയുടെ സ്മരണയ്ക്കു മുന്നിൽ രക്തപുഷ്പങ്ങൾ അർപ്പിക്കട്ടെ. ഗൗരിയമ്മയ്ക്കു പകരം ഗൗരിയമ്മ മാത്രം.

# അങ്ങിനെ ആ പെൺ രക്തതാരവും പൊലിഞ്ഞു...





ഡോ. സി. ഉദയകല

റാണി ലക്ഷ്മിഭായിയുടേയും അക്കമ്മ ചെറിയാന്റെയുമൊക്കെ വീരചരിത്ര പരമ്പരയുടെ അവസാനത്തെ കണ്ണിയായി സ.കെ.ആർ.ഗൗരിയമ്മയും യാത്രയായി. ഒരു നൂറ്റാണ്ടിലധികം സ്ത്രീയുടെ സ്വപ്രത്യയ സ്ഥൈര്യത്തിന്റെ വിസ്മയമായിരുന്നു ഗൗരിയമ്മ.

ഗൗരിയമ്മയുടെ രാഷ്ട്രീയ ജീവിതത്തെപ്പറ്റി ഏവർക്കും അറിവുള്ളപ്പോൾ പെൺകരുത്തിന്റെ അധികമാരും അറിയാത്തെ ചില കാര്യങ്ങൾ അനുസ്മരിക്കുവാനാണ് ഞാൻ ശ്രമിക്കുന്നത്. സ്ത്രീ ചരിത്രത്തിലെ ഇതിഹാസം തന്നെയാണ് കെ.ആർ.ഗൗരിയമ്മ. സ്ത്രീകൾക്ക് വിദ്യാഭ്യാസവും പൊതുജീവിതവും സ്വാതന്ത്ര്യവും അവകാശങ്ങളും നിഷേധിക്കപ്പെട്ടിരുന്നൊരു കാലഘട്ടത്തിലാണ് ഗൗരിയമ്മ ജനിക്കുന്നത്. 1919 ജൂലൈ 14-ന്. പിന്നോക്കക്കാരെന്ന് കൽപ്പിച്ചിരുന്ന ഒരു സമുദായത്തിൽ നിന്നും ആദ്യത്തെ നിയമ ബിരുദധാരിയായി മാറ്റത്തിന്റെ പുതിയ ലോകം പെൺജീവിതങ്ങൾക്ക് കാട്ടിക്കൊടുക്കാൻ ഗൗരിയമ്മക്ക് കഴിഞ്ഞു. തൊട്ടുകൂടായ്മയും തീണ്ടിക്കൂടായ്മയും അന്ധവിശ്വാസങ്ങളും അരങ്ങു വാണിരുന്നൊരു കാലത്ത് എറണാകുളം സെന്റ് തെരേസാസിൽ ബിരുദത്തിന് പഠിക്കുമ്പോൾ സോവിയറ്റ് യൂണിയനോടും കമ്മ്യൂണിസ്റ്റ് പ്രത്യശാസ്ത്രത്തോടും താൽപ്പര്യം പുലർത്തിയിരുന്ന കെ.ആർ. ഗൗരി അദ്ധ്യാപകരായ കന്യാസ്ത്രീകളോട് "എന്താണ് മാർക്സിസം, എനിക്കിതേക്കുറിച്ച് കൂടുതൽ അറിയണം" എന്നൊക്കെ ആവശ്യപ്പെട്ടപ്പോൾ കെ.ആർ.ഗൌരിക്ക് സാത്താന്റെ ബാധയുണ്ടെന്നും അതിനാൽ പ്രത്യേക പ്രാർത്ഥനകളിൽ പങ്കെടുക്കണമെന്നുമാണ് ആ അദ്ധ്യാപികമാർ പറഞ്ഞത്.

തിരുവനന്തപുരം ലോ കോളേജിലെ പഠന കാലവും തുടർന്ന് ആലപ്പുഴയിലെ അഭിഭാഷക ജീവിതവും ഗൗരിയമ്മയുടെ രാഷ്ട്രീയ ജീവിതത്തിന് വഴിയൊരുക്കി. ആലപ്പുഴയിലെ കർഷകത്തൊഴിലാളികൾക്കൊപ്പം പ്രവർത്തിക്കാനും സഹോദരൻ സുകുമാരനൊപ്പം കമ്മ്യൂണിസ്റ്റ് നേതാക്കളായ ആർ.സുഗതനും പി.കൃഷ്ണപിള്ളക്കും ടി.വി.തോമസിനും പി.ടി.പുന്നൂസിനുമെല്ലാം ഒളിത്താവളമൊരുക്കുന്നതിലുമൊക്കെ ഗൗരിയമ സജീവമായിരുന്നു. പുന്നപ്ര വയലാർ സമരങ്ങളുടെ തീഷ്ണത അറിഞ്ഞുകൊണ്ട് സ.പി.കൃഷ്ണപിള്ളയിൽ നിന്നും പാർട്ടി അംഗത്വം സ്വീകരിച്ച ഗൗരിയമ്മ പാർട്ടിയെ നിരോധിച്ചപ്പോഴും സധൈര്യം പ്രവർത്തിച്ചു. സർ.സി.പി.യുടെ പോലീസിനെ ഭയപ്പെടാതെ ജയിൽവാസം നിരവധി തവണ നേരിട്ട, പീഡനങ്ങളനുഭവിച്ച ധീരയായ പോരാളിയായി ഗൗരിയമ്മ വളർന്നു വന്നു.

തെരഞ്ഞെടുപ്പുകളും അവയിലെ ജയ പരാജയങ്ങളും കെ.ആർ.ഗൗരിയമ്മ പാർട്ടി പ്രവർത്തനമായി മാത്രമേ കണ്ടിരുന്നുള്ളൂ. കേരള സംസ്ഥാന രൂപീകരണത്തിന് മുമ്പ് തന്നെ തിരുവിതാംകൂർ പ്രജാസഭയിൽ നിന്നും ആദ്യ തവണ പരാജയവും പിന്നീട് വിജയങ്ങളും നേടി പൊതുജീവിതമാരംഭിച്ച കെ.ആർ.ഗൗരിയമ്മ 1975-ലെ ആദ്യ കമ്മ്യൂണിസ്റ്റ് മന്ത്രിസഭയിലാണ് റവനന്യൂ മന്ത്രിയാകുന്നത്. ചരിത്രപ്രസിദ്ധമായ ഭൂപരിഷ്കരണ ബിൽ നിയമസഭയിൽ അവതരിപ്പിച്ചത് ഗൗരിയമ്മയെന്ന വനിതയാണെന്നത് ആധുനിക സ്ത്രീയുടെ അഭിമാന ബോധം തന്നെയാണ്. പ്രണയം, വൈവാഹിക ജീവിതം, രാഷ്ട്രീയ ഇച്ഛാശക്തി എന്നിങ്ങനെ സ്വയം തീരുമാനിക്കേണ്ട ഘട്ടങ്ങളിലെല്ലം ഗൗരിയമ്മ സ്വീകരിച്ച നിലപാടുകൾ അവരുടെ പെണ്ണുശിരിനെ എടുത്തു കാട്ടുന്നതായിരുന്നു. എന്നാൽ വിശ്വസിച്ച പ്രസ്ഥാനത്തിന് വേണ്ടി താൻ ത്യജിച്ചവയൊന്നും പരിഗണിക്കപ്പെടാതെ പലപ്പോഴും കെ.ആർ.ഗൗരിയമ്മ അവഗണിക്കപ്പെട്ടു.1987-ൽ "കേരം തിങ്ങും കേരള നാട് കെ.ആർ.ഗൗരി ഭരിച്ചീടും" എന്ന മുദ്രാവാക്യം നാടെങ്ങും മുഴങ്ങിയിട്ടും ഒരു വനിത മുഖ്യമന്ത്രിയെ സൃഷ്ടിക്കാതിരുന്നതിന് കാലം ഒരിക്കലുംമാപ്പു നൽകില്ല. തനിച്ചായപ്പോഴും ഒറ്റപ്പെടുത്തിയവരോട് സഹതാപം യാചിക്കാതെ ഒറ്റക്ക് പൊരുതുവാനുള്ള വീര്യം, സ്വന്തമായൊരു പാർട്ടി രൂപീകരിക്കാനുള്ള മിടുക്ക് ഒക്കെ കേരള രാഷ്ട്രീയത്തിൽ കെ.ആർ.ഗൗരിയമ്മക്കാല്ലാതെ മറ്റൊരു വനിതക്കുണ്ടാകുമോ എന്ന് കാത്തിരുന്ന് കാണേണ്ടതാണ്.

സഖാവ് ടി.വി.തോമസിനോട് അകമഴിഞ്ഞ പ്രണയമായിരുന്നു ഗൗരിയമ്മക്കുണ്ടായിരുന്നതെന്ന് അവരുടെ ആത്മകഥ വായിക്കുന്ന ആർക്കും മനസ്സിലാകും. വലിയ ചുടുകാട്ടിൽ പ്രിയ സഖാവിന് സമീപം ആ വിപ്ലവ താരകം ശയിക്കുമ്പോഴും അവർ നമുക്ക് മുന്നിൽ മുഴക്കിയ മാറ്റത്തിന്റെ കാഹളത്തിന് മാറ്റമുണ്ടാകുകയില്ല. "കരയാത്ത, തളരാത്ത, കലികൊണ്ടാൽ ഭദ്രകാളിയായ" ആ ഗൗരി പച്ചയായ ഒരു സ്ത്രീ പോരാളിയായിരുന്നു.

"ഇനി ഗൗരിയമ്മ ചിതയായി മാറും
ചിതയാളിടുമ്പോൾ ഇരുളൊട്ടു നീങ്ങും
ചിത കെട്ടടങ്ങും കനൽ മാത്രമാകും
കനലാറിടുമ്പോൾ ചുടു ചാമ്പലാകും
ചെറുപുൽക്കൊടിക്കും വളമായി മാറും"

എന്ന്പറഞ്ഞുകൊണ്ട് പ്രസിദ്ധ കവി ബാലചന്ദ്രൻ ചുള്ളിക്കാട് നമ്മെ ആശ്വസിപ്പിക്കുന്നുണ്ട്.

ഈ കോവിഡ് കാലത്ത്, ചുവന്നൊരു റോസാപുഷ്പം ആ കാൽക്കൽ വച്ചു പ്രണമിക്കാൻ പോലും ഭാഗ്യമില്ലാതായ ഈ കാലത്ത്, സ.ഗൗരിയമ്മയെന്ന പെൺതാരകത്തിന്റെ വിപ്ലവ ചരിത്രത്തിന് മുന്നിൽ തൊഴുകയ്യോടെ നമുക്കുമർപ്പിക്കാം വിപ്ലവാഭിവാദ്യങ്ങൾ.

**ഗൈ റൈഡർ**
**(ഡയറക്ടർ ജനറൽ, അന്താരാഷ്ട്ര തൊഴിൽ സംഘടന)**

# ഐക്യമാണ് ഐശ്വര്യത്തിന്റെ താക്കോൽ, നിലനിൽപ്പിന്റേയും



**കോ**വിഡ് പകർച്ച വ്യാധിയുടെ കരിനിഴലിൽ നാം ഒരിക്കൽ കൂടി മേയ് ദിനം ആചരിക്കുകയാണ്.

മഹാമാരി തകർത്തതേറെയും തൊഴിലാളികളെയാണ്.

തൊഴിൽ സംരംഭങ്ങളും ഉപജീവനമാർഗ്ഗങ്ങളും തകർന്നു.

ദശലക്ഷങ്ങളെ നിത്യദാരിദ്ര്യത്തിലാഴ്ത്തി.

ആഗോള സാമ്പത്തിക വളർച്ച വിപരീത ദിശയിലായി.

അസമത്വത്തിന്റെ ആഴങ്ങൾ വർദ്ധിച്ചു.

ഇതെല്ലാം പരസ്പരാശ്രയത്വത്തിന്റെ അനിവാര്യത നമ്മെ ഓർമ്മിപ്പിക്കുന്നു.

നാം കെട്ടിപ്പടുത്ത ഈ പരസ്പരാശ്രയ ലോകം ദുർബ്ബലമാകുമ്പോഴും മറ്റുള്ളവരുടെ ദയനീയാവസ്ഥയിൽ നിസ്സംഗത പുലർത്താൻ നമുക്കാവില്ല.

എല്ലാവരും സുരക്ഷിതരാകുന്നത് വരെ ആരും സുരക്ഷിതരല്ല.

നമ്മുടെ നിലനിൽപ്പിനും പുരോഗതിക്കും ഐക്യദാർഢ്യം അനിവാര്യമാണ്.

പ്രതിസന്ധിക്കൾക്കിടയിലും മുന്നോട്ട് നോക്കുമ്പോൾ സമത്വവും സാമൂഹ്യനീതിയും മാനവീകതയും നിലനിൽക്കുന്ന ഒരു ലോകത്തിന്റെ പുനഃരുജ്ജീവനത്തിന്റെ ആവശ്യകത വ്യക്തമാകുന്നു.

ആ ലോകത്ത് എല്ലാവർക്കും മാന്യമായ തൊഴിലും തൊഴിൽ സാഹചര്യങ്ങളും സാമൂഹിക സംരക്ഷണവും ഉറപ്പാക്കേണ്ടതുണ്ട്.

ആ ലോകത്ത് എല്ലാവരുടേയും അവകാശങ്ങൾ സംരക്ഷിക്കപ്പെടണം.

ത്യാഗോജ്ജ്വലമായ പോരാട്ടങ്ങളിലൂടെ കൈവരിച്ച നേട്ടങ്ങളെ നാം ഈ മേയ് ദിനത്തിൽ ഓർക്കുന്നു. അവ നിലനിർത്താനുള്ള നിശ്ചയദാർഢ്യം നാം കൈവിടരുത്.

കോവിഡ് മഹാമാരിയെ ചെറുക്കാനുള്ള അനന്യവും അസാധാരണവുമായ പോരാട്ടത്തിലാണ് ഇന്ന് ആഗോള തൊഴിലാളി വർഗ്ഗം.

ജീവൻ നഷ്ടപ്പെട്ടവരെ ഓർത്ത് ദുഃഖിക്കുമ്പോഴും മഹാമാരിക്കെതിരേ പൊരുതുന്ന ആ തൊഴിലാളികളെ നമുക്ക് അഭിവാദ്യം ചെയ്യാം.

മഹാമാരി നമ്മുടെ ജീവിതത്തിൽ ഇരുട്ട് പരത്തി. എങ്കിലും പ്രത്യാശയുടേയും സാധ്യതകളുടേയും പ്രകാശകിരണങ്ങളും അത് നമുക്ക് കാട്ടിത്തരുന്നു.

പ്രതിസന്ധിയുടെ ഈ പ്രവാഹം പുനഃവിചിന്തനത്തിനും പുതുമാർഗ്ഗങ്ങളാരായാനും ഐശ്വര്യവും അഭിവൃദ്ധിയും പ്രദാനം ചെയ്യുന്ന പുതു മേഖലകൾ കണ്ടെത്താനും അവസരമേകുന്നു.

എല്ലാവർക്കും മാന്യമായ ജീവിതവും സാമൂഹ്യനീതിയും പ്രദാനം ചെയ്യുന്ന ഒരു പുതുലോക സൃഷ്ടിക്കായുള്ള പ്രയത്നത്തിൽ ഐക്യത്തോടെ അണിചേരാൻ ലോകമെമ്പാടുമുള്ള തൊഴിലാളികളോടും തൊഴിലുടമകളോടും ഭരണകൂടങ്ങളോടും ഈ മേയ് ദിനത്തിൽ അന്താരാഷ്ട്ര തൊഴിൽ സംഘടന ആഹ്വാനം ചെയ്യുന്നു.

**(മേയ് ദിനത്തോടനുബന്ധിച്ച് അന്താരാഷ്ട്ര തൊഴിൽ സംഘടന പുറപ്പെടുവിച്ച പ്രസ്താവന)**

# മേയ് - 9
# ഫാസിസ്റ്റ് വിരുദ്ധ ദിനം



**2021** മേയ് 9 – ഫാസിസത്തിനെതിരായ പോരാട്ട വിജയത്തിന്റെ 76–ാം വാർഷിക ദിനമാണ്. പരാജയപ്പെടുത്തുക അസാദ്ധ്യമെന്ന് പലരും കരുതിയിരുന്ന ഫാസിസത്തിനും നാസിസത്തിനും മേൽ കൈവരിക്കാൻ കഴിഞ്ഞ വിജയത്തിന്റെ പ്രതീകമാണ് മേയ് 9. അപാരമായ സൈനിക ശക്തി കൈമുതലായുണ്ടായിരുന്ന ഫാസിസ്റ്റ് അച്ചുതണ്ട് ശക്തികൾക്ക് (ജർമ്മനി, ഇറ്റലി, ജപ്പാൻ) കുത്തകകളുടെ വമ്പിച്ച പിന്തുണയുണ്ടായിരുന്നിട്ടും ജനങ്ങളുടെ സംഘടിതമായ ചെറുത്ത് നിൽപ്പിന് മുന്നിൽ അടിയറവ് പറയേണ്ടി വന്നു. അതിന് സോവിയറ്റ് യൂണിയൻ വഹിച്ച പങ്ക് ചില്ലറയല്ല.

മാനവരാശിയുടെ ഭാവി നിർണ്ണയിച്ച തന്ത്രപരമായ മുന്നേറ്റമായിരുന്നു ഫാസിസ്റ്റ് ശക്തികളുടെ മേൽ കൈവരിച്ച വിജയം. ആഗോളതലത്തിൽ തൊഴിലാളികൾക്കും സാധാരണ ജനങ്ങൾക്കും അനുകൂലമായ ശക്തികളുടെ ഏകോപനം അത് സാധ്യമാക്കി. സാമ്രാജ്യത്വത്തിനും കോളനിവൽക്കരണത്തിനുമെതിരായ പോരാട്ടങ്ങൾക്കും വിമോചന പ്രസ്ഥാനങ്ങൾക്കും അത് കരുത്ത് പകർന്നു. ഫാസിസത്തേയും അതിന് ജന്മം നൽകി പാലൂട്ടി വളർത്തിയ വ്യവസ്ഥയേയും അവസാനിപ്പിക്കാൻ സംഘടിത വർഗ്ഗത്തിന് മാത്രമേ കഴിയൂ എന്ന് അത് തെളിയിച്ചു. അസാദ്ധ്യമെന്ന് തോന്നുന്ന പലതും വിജയിപ്പിക്കാൻ ഐക്യത്തിന് കഴിയും. ആ വിജയത്തിന്റെ ശിശുവാണ് 1945 ഒക്ടോബർ 3–ന് പിറന്ന ലോക ട്രേഡ് യൂണിയൻ ഫെഡറേഷൻ.

എന്നാൽ 76 വർഷങ്ങൾക്ക് ശേഷം ഇന്ന് സാമ്രാജ്യത്വ ശക്തികൾ ലോക സമാധാനത്തിന് ഗുരുതര ഭീഷണിയുയർത്തുന്നു. വിവിധ തലങ്ങളിൽ ഫാസിസവും അസഹിഷ്ണുതയും വർദ്ധിക്കുന്നു. നിസ്സാഹായരായി പലായനം ചെയ്യുന്ന അഭയാർത്ഥികളുടെ നീണ്ട നിരകളും വൈരാഗ്യപൂർവ്വമായ മാത്സര്യങ്ങളുമെല്ലാം പുരോഗതി കൈവരിക്കുന്നതിന് തടസ്സങ്ങൾ സൃഷ്ടിക്കുന്നു.

ഫാസിസത്തിനെതിരായ പോരാട്ടത്തിൽ ചുവപ്പൻ സൈന്യത്തിന്റേയും ജനങ്ങളുടേയും മഹത്തായ വിജയത്തെ തമസ്ക്കരിക്കാനുള്ള ശ്രമത്തിന്റെ ഭാഗമായി മേയ് 9 യൂറോപ്യൻ ദിനമായി ആചരിക്കാൻ അമേരിക്കയും യൂറോപ്യൻ യൂണിയൻ രാജ്യങ്ങളും ശ്രമിക്കുന്നു. ചരിത്രപരമായ ആ വസ്തുതകളെ അപവാദങ്ങളും നുണകളും പ്രചരിപ്പിച്ച് തിരുത്തിയെഴുതാൻ ശ്രമിക്കുന്ന ഈ സാമ്രാജ്യത്വവാദികളേയും അവരുടെ സേവകരേയും പരാജയപ്പെടുത്തേണ്ടത് നമ്മുടെ കടമയാണ്.

ഈ സാഹചര്യത്തിൽ തൊഴിലാളി വർഗ്ഗത്തിന്റെ അവകാശങ്ങൾ ആലേഖനം ചെയ്ത ലോക ട്രേഡ് യൂണിയൻ ഫെഡറേഷന്റെ പതാക നാം ഉയർത്തിപ്പിടിക്കണം. ലോക സമാധാനം സോഷ്യലിസം മൗലികാവകാശങ്ങൾ എന്നിവ സംരക്ഷിക്കുവാൻ പ്രതിജ്ഞാബദ്ധമായ നിലപാട് ഈ ഫാസിസ്റ്റ് വിരുദ്ധ ദിനത്തിൽ നമുക്ക് ആവർത്തിച്ചുറപ്പിക്കാം.

**(ഫാസിസ്റ്റ് വിരുദ്ധ വിജയ ദിനത്തോടനുബന്ധിച്ച് ലോക ട്രേഡ് യൂണിയൻ ഫെഡറേഷൻ പുറപ്പെടുവിച്ച പ്രസ്താവന)**